# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ഗവ. യു. പി. എസ്.

## വെഞ്ഞാറമൂട്

# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന വിദ്യാലയ ശാക്തീകരണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കുന്നത് പൊതു വിദ്യാലയങ്ങളുടെ സമഗ്രവികസനമാണ്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊ ് പാഠ്യ-പാഠ്യേതര പ്രവർത്തനം കുട്ടികൾക്ക് അനുഭവവേദ്യമായ രീതിയിൽ ലഭ്യമാകണം. പ്രകൃതിയെ തിരിച്ചറിയാനും സ്നേഹിക്കാനും സംരക്ഷിക്കാനും കഴിയുക, ആരോഗ്യകായിക മേഖലകളിലെ പുരോഗതി, സർഗ്ഗശേഷി വളർച്ച, വ്യക്തിത്വ വികസനം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി കുട്ടി ജ്ഞാനനിർമ്മിതി നടത്തണം. ഭാരതത്തിന്റെ ഭാവി ഭാഗധേയം രൂപംകൊള്ളുന്നത് ഇന്നത്തെ ക്ലാസ്സ്മുറി കളിലാണെന്നിരിക്കെ ജനാധിപത്യ- മതേതരത്വ മനുഷ്യസഹവർത്തിത്വത്തിൽ വിശ്വസിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കയും ചെയ്യേ   വരാണല്ലോ കുട്ടികൾ. അതുകൊ   ുതന്നെ ഈ സുപ്രധാന ഉദ്ദേശ്യങ്ങളെ മുൻനിർത്തി നാം തയ്യാറാക്കുന്ന വിദ്യാഭ്യാസ പ്രവർത്തന പദ്ധതി രൂരേഖ പ്രക്രിയാബന്ധിതവും സമയബന്ധിതവും സർവ്വോപരി ഭിന്നശേഷിക്കാരെയടക്കം എല്ലാവരെയും പരിഗണിക്കുന്നതുമാണ്. വിഷയാധിഷ്ഠിതമായി തരംതിരിച്ച് തയ്യാറാക്കിയിരി ക്കുന്ന പഠന പ്രവർത്തന പദ്ധതികളെല്ലാം കുട്ടികൾക്കനുഭവവേദ്യമായിത്തീരുമ്പോൾ "സർവ്വതോന്മുകമായ ശേഷീ വികാസം" കുട്ടിയ്ക്കും സമഗ്ര വികസനം വിദ്യാലയത്തിനും കൈവരിക്കാനാകും.

മികവാർന്ന രീതിയിൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഒരു വിദ്യാലയമാണ് ജി യുപിഎസ് വെഞ്ഞാറമൂട് അധ്യാപകരുടെയും, പൊതുസമൂഹത്തിന്റെയും പിന്തുണയിലൂടെ വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നു കൊ  ിരിക്കാനുള്ള പരിശ്രമത്തിലാണ് നമ്മുടെ വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

**അനീഷ്. ജി**
(PTA) പ്രസിഡന്റ്)

**മായാദേവി**
(M. P. T. A. പ്രസിഡന്റ്)

**അമ്പിളി. എസ്**
(ഹെഡ്മാസ്റ്റർ)

**എസ്.ഷിഹാസ്**
(S. M. C. ചെയർമാൻ)

# ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | ഗവ. യു. പി.എസ്  വെഞ്ഞാറമൂട് | |
| 2 | അടിസ്ഥാന വിവരങ്ങൾ | |
| 3 | ലക്ഷ്യങ്ങൾ | |
| 4 | അക്കാദമികം - നേട്ടങ്ങൾ, പരിമിതികൾ | |
| 5 | വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖലകൾ | |
| | i) മലയാളം | |
| | ii) ഇംഗ്ലീഷ് | |
| | iii) ഹിന്ദി | |
| | iv) സംസ്കൃതം | |
| | v) അറബിക് | |
| | vi) അടിസ്ഥാന ശാസ്ത്രം | |
| | vii) സാമൂഹ്യശാസ്ത്രം | |
| | viii) ഗണിതം | |
| 6 | ഗാന്ധിദർശൻ | |
| 7 | ക്ലബ്ബുകൾ | |
| | 1) ഗണിതം | |
| | 2) സയൻസ് | |
| | 3) സാമൂഹ്യശാസ്ത്രം | |
| | 4) പ്രവൃത്തിപരിചയം, കായികപ്രവർത്തനങ്ങൾ | |
| | 5) ഇംഗ്ലീഷ് | |
| | 6) മലയാളം | |
| | 7) വിദ്യാരംഗം | |

| | | |
|---|---|---|
| | 8) സീഡ്, നല്ലപാഠം | |
| | 9) ഊർജ്ജം | |
| 8 | എൽ. എസ്. എസ് | |
| 9 | യു. എസ്. എസ് | |
| 10 | ഭിന്നശേഷി കുട്ടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | |
| 11 | സ്കൂൾ കലോത്സവം | |
| 12 | സ്കൂൾ ലൈബ്രറി | |
| 13 | തനത് പരിപാടികൾ | |
| 14 | ദിനാചരണങ്ങൾ | |
| 15 | പ്രീ പ്രൈമറി കുരുന്നുകളുടെ വിദ്യാഭ്യാസ മുന്നേറ്റം | |
| 16 | ക്രിയേറ്റീവ് കോർണർ | |
| 17 | തണൽ സ്കൂൾ പ്രൊഡക്ഷൻ യൂണിറ്റ് | |

# ഗവ. യു.പി.എസ്. വെഞ്ഞാറമൂട്

1893 ൽ ഇന്നത്തെ ഹൈസ്കൂളിലെ സ്ഥാനത്ത് തുടങ്ങിയ കുടിപള്ളിക്കൂടമാണ് നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ആദ്യ വിദ്യാലയം. 1950 -ൽ അതൊരു ഇംഗ്ലീഷ് യു. പി സ്കൂൾ ആയി മാറി. 1968 - 69 വരെ യു.പി സ്കൂളായി തുടർന്ന പ്രസ്തുത വിദ്യാലയം 1969-70 -ൽ ഹൈസ്കൂളായി പ്രവർത്തനം ആരംഭിച്ചപ്പോൾ സ്ഥലപരിമിതി മുൻനിർത്തി, ഇന്ന് എൽ. പി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് ആരംഭിക്കുകയായിരുന്നു. 1973 ജൂണിലാണ് ഒരു പ്രത്യേക സ്കൂളായി ഇതിനെ മാറ്റിയത്. ഹൈസ്കൂളിന്റെ ഭാഗമായിരുന്ന കാലം കൂടി പരിഗണിച്ചാൽ ഈ വിദ്യാലയത്തിന് 130 വയസ്സ് അവകാശപ്പെടാം. 01/05/2015-ൽ സ്കൂളിനെ യു.പി യായി അപ്ഗ്രേഡ് ചെയ്തു.

2025 - 2026 അധ്യായനവർഷത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലും പ്രീ- പ്രൈമറി വിഭാഗത്തിലുമായി 1400 കുട്ടികൾ പഠിക്കുന്നു  ്. സ്ഥലപരിമിതി ഒരു പ്രധാന അപര്യാപ്തത ആണെങ്കിൽ കൂടിയും ഈ സ്കൂളിലെ അക്കാദമിക മികവാണ് കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കുന്നത്. സ്കൂൾ പി.ടി.എയുടെ പ്രവർത്തനം സ്കൂളിന്റെ വികസനോന്മുഖ മുന്നേറ്റത്തിന് നൽകുന്ന സംഭാവന വളരെ വലുതാണ്. ബഹുമാനപ്പെട്ട എം.എൽ.എയുടെയും നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെയും സഹകരണവും സ്കൂൾ ഇന്നു കാണുന്ന നിലയിലേയ്ക്ക് ഉയരുന്നതിന് കാരണമായി.

സ്കൂളിന് സ്വന്തമായി നാല് ബസും ര  ് സ്വകാര്യ വാഹനങ്ങളും സർവീസ് നടത്തുന്നു. പ്രീ- പ്രൈമറി കുട്ടികൾക്കായി വർണ്ണക്കൂടാരം ഒരുക്കിയിട്ടു  ്. തണൽ പദ്ധതിയുടെ ഭാഗമായി സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്കായി നിരവധി സഹായങ്ങൾ ചെയ്തു വരുന്നു. കൂടാതെ ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സും, ആരോഗ്യ പരിശോധനകളും നടത്തിവരുന്നു. മനോഹരമായ ഒരു പൂന്തോട്ടം നമ്മുടെ സ്കൂളിനെ കൂടുതൽ ഹരിതാഭമാക്കുന്നു. കുട്ടികൾക്ക് സ്വയംതൊഴിൽ പ്രാപ്തമാക്കുന്നതിനായി ക്രിയേറ്റീവ് കോർണർ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി യുപിഎസ് വെഞ്ഞാറമൂട് |
| മേൽവിലാസം | : | ജി യുപിഎസ് വെഞ്ഞാറമൂട്, വെഞ്ഞാറമൂട് പി ഒ |
| ഫോൺ നമ്പർ | : | 0472-2873590 |
| സ്കൂൾ കോഡ് | : | 42338 |
| വിദ്യാഭ്യാസ ഉപജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി ആർ സി | : | ആറ്റിങ്ങൽ |
| സി ആർ സി | : | പൂവണത്തുംമൂട് |
| ഗ്രാമപഞ്ചായത്ത് | : | നെല്ലനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | വാമനപുരം |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | വാമനപുരം |
| ലോകസഭാ മണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | നെല്ലനാട് |
| ഇ-മെയിൽ വിലാസം | : | gupsvjd@gmail.com |
| ഫെയ്സ്ബുക്ക് | : | GUPSVenjaramood |

# ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
- ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ വിഷയാധിഷ്ഠിത പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേ ശേഷികൾക്ക് ഊന്നൽ നൽകിക്കൊ ുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകല ർ രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- ഹരിതപെരുമാറ്റ ചട്ടം പാലിച്ചു സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ❖ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>❖ ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദ മായ കെട്ടിടസമുച്ചയം.<br>❖ മികച്ച ലൈബ്രറി.<br>❖ കലാപഠനം, പ്രവർത്തിപരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>❖ പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കു ന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.<br>❖ സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, സമൂഹവുമായി സംബന്ധിക്കത്തക്ക വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>❖ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങി യവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>❖ കാർഷിക പ്രവർത്തികൾ, ജൈവവൈവിധ്യ അന്ത രീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.<br>❖ വൈവിധ്യമായ പാഠ്യേതര പ്രവർത്തനങ്ങൾ - കരു തൽ, തണൽ, നന്മ വിളയിക്കാം, നല്ല പാഠം, സീഡ്, etc. | ❖ ഭാഷാശേഷി, ഗണിത ശേഷി എന്നിവ പൂർണ്ണരൂപത്തിൽ കൈവരിക്കുന്നതിൽ ചില കുട്ടികൾ പിന്നാക്കാവസ്ഥയി ലാണ്.<br>❖ മികച്ച ലൈബ്രറി സംവിധാനം ഉ ങ്കിലും സ്വതന്ത്ര മായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരം ഇല്ല.<br>❖ സയൻസ്, ഗണിത ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനു ്.<br>❖ കായിക അധ്യാപകനെ ലഭ്യമല്ലാത്തതും ഗ്രൗ ില്ലാ ത്തതും പരിശീലനത്തെ ബാധിക്കുന്നു.<br>❖ കുട്ടികളുടെ പഠന പിന്നാക്ക അവസ്ഥ പരിഹരിക്ക പ്പെടേ തു ്. 20 ശതമാനം കുട്ടികളെങ്കിലും പിന്നാക്ക ക്കാരാണ്.<br>❖ CWSN കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേ തു ്.<br>❖ കമ്പ്യൂട്ടർ പഠനത്തിനായി ഒരു ലാബ് ലഭ്യമല്ല. കുട്ടിക ളുടെ എണ്ണത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകളുടെ കുറവ് ഒരു പ്രധാന വെല്ലുവിളിയാണ്.<br>❖ സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ലഭ്യമല്ലാത്തതിനാൽ വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനം കുട്ടികൾക്ക് പൂർണ്ണരൂപത്തിൽ ലഭ്യമാക്കാൻ സാധിക്കു ന്നില്ല. |

# അക്കാദമിക മാസ്റ്റർപ്ലാൻ

# എൽ. പി. വിഭാഗം

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## ക്ലാസ്സ് - 1

| മേഖല : മലയാളം പാട്ടരങ്ങ് | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **ചുമതല** |
| **പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസമേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസ മേഖലയിലും ഉണ്ട്. അവ നേടുക**<br>• **സർഗാത്മക സൗന്ദര്യാത്മക വികാസം (കലാവിദ്യാഭ്യാസം)** | • പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീര ചലനങ്ങളിലൂടെ ആകർഷകമായി പാട്ടുകൾ അവതരിപ്പിക്കുക.<br>• ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും, കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>• ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു.<br>• പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.<br>• താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്കും കൂട്ടമായും ചൊല്ലുന്നു.<br>• പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു.<br>• പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.<br>• സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താ | ജൂലൈ | | |

| | | | | |
|---|---|---|---|---|
| | ളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് കഴിവുനേടുന്നു.<br>• പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് പാടാനുള്ള ഭാഗത്തിന്റെ ചുമതല ഏറ്റെടുത്ത ശേഷം സഹപാഠികൾ പാടി നിർത്തിയേടത്തുനിന്ന് തുടങ്ങുകയും അവർക്കു തുടരാൻ പാകമായ ഇടത്തിൽ ചൊല്ലിനിർത്തുകയും ചെയ്യുന്നു. | | | |
| ഭാഷാവികസനം | • ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു.<br>• ലളിതമായ കവിതകളും പാട്ടുകളും ആസ്വാദ്യതയോടെ  ചൊല്ലി അവതരിപ്പിക്കുന്നു.<br>• വായ്ത്താരികൾ, നാടൻ പാട്ടുകൾ എന്നിവ ഒറ്റയ്കും സംഘമായും ചൊല്ലാനും വായ്ത്താരികൾക്ക് താളത്തിനുമനുസരിച്ച് ചുവട് വയ്ക്കാനും ചലിക്കാനുമുള്ള കഴിവ് നേടുന്നു | ഒന്നാം ടേമിന്റെ അവസാനം | | |
| പാട്ടരങ്ങിന്റെ ഉള്ളടക്കം | • അഭിനയസാധ്യതയുള്ള പാട്ടുകൾ<br>• വായ്ത്താരിയുള്ള പാട്ടുകൾ<br>• ചോദ്യോത്തരപ്പാട്ടുകൾ<br>• പൂരിപ്പിച്ച് പാടാവുന്ന പാട്ടുകൾ<br>• നിർമ്മാണവുമായി ബന്ധപ്പെട്ട പാട്ടുകൾ | ര ാം ടേമിന്റെ അവസാനം | | |
| **സംയുക്ത ഡയറി**<br>1. കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക.<br>2. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക. | 1. ക്ലാസ് പി.ടി.എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടൽ.<br>2. മുൻവർഷത്തെ ഡയറികൾ പരിചയപ്പെടുത്തൽ.<br>3. അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ. | | | |

| | | | | |
|---|---|---|---|---|
| 3.കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രം സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.<br>4.ആശയാവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്തഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക. | 4. ഡയറിയെഴുത്തുമൂലമുണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ.<br>5. കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ.<br>6. സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ.<br>7. സംയുക്ത ഡയറിയുടെ പ്രക്രിയ സംബന്ധിച്ച ചെറുകുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ | | | |
| **ഡയറി പങ്കിടൽ**<br>• ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക കുറിപ്പുകൾ പങ്കിടൽ. ഇങ്ങനെ പങ്കിടുമ്പോൾ വിഷയവൈവിധ്യവും ആവിഷ്കാര വൈവിധ്യവും ഓരോ ദിവസവും പരിഗണിക്കും .<br>• ഭാഷയിലെ പ്രത്യേകതകൾ.<br>• കുട്ടി ലോകത്തെ നോക്കിക്കണ്ട രീതികളിലെ വൈവിധ്യവും കുട്ടിത്തവും പ്രതിഫലിക്കുന്ന നിരീക്ഷണപാടവും<br>• കൗതുകകാര്യങ്ങൾ<br>• സ്നേഹബന്ധങ്ങളുടെ ആവിഷ്കാരം<br>• യാത്രാനുഭവ വിശേഷങ്ങൾ<br>• വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ<br>• ഡയറി എഴുതുന്നതിന് വീട്ടിൽ പിന്തുണാന്തരീക്ഷം കുറവുള്ള കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ , സഹാധ്യാപകർ എന്നിവരുടെ സേവ | • എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.<br>• സ്റ്റാറും ശരിയും സമ്മതത്തോടെയുള്ള തിരുത്തലും നടത്തും<br>• തിരുത്തൽ പ്രക്രിയ തെളിവു നൽകിയാകും. പരിചയിച്ച അക്ഷരങ്ങൾ എഴുതിയതിലെ പ്രശ്നങ്ങളാണ് പരിഹരിക്കേണ്ടത്. വാക്കകലം ശ്രദ്ധിക്കും.<br>• ക്ലാസിൽ കുട്ടികളുടെ ഡയറി അധ്യാപിക വായിച്ചുകേൾപ്പിക്കുന്നത് രചനാരീതി സംബന്ധിച്ച് മറ്റുള്ളവർക്ക് ധാരണ ലഭിക്കുന്നതിന് സഹായകമാകും. എഴുതിയ കുട്ടിക്ക് അംഗീകാരവും<br>• ഡയറിയിൽ ഗുണാത്മകക്കുറിപ്പുകൾ എഴുതൽ | | | |

| | | | | |
|---|---|---|---|---|
| നം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറി എങ്കിലും ഉറപ്പാക്കൽ.<br>● പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അധ്യാപിക സഹായത്തിന്റെ അളവ് കൂട്ടുകയോ ആവശ്യമെങ്കിൽ എഴുതിക്കൊടുക്കുകയോ ചെയ്യും.<br>● ഗോത്രവർഗ വിഭാഗം കുട്ടികൾക്ക് മെന്റർ ടീച്ചർമാരുടെ സഹായം സംയുക്തഡയറിയെഴുത്തിൽ ഉറപ്പാക്കും. ഗോത്രഭാഷയിൽ മലയാള ലിപി ഉപയോഗിച്ച് എഴുതുന്നതിന് അവരെ പ്രോത്സാഹിപ്പിക്കും.<br>● സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്. സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ ആയി സൂക്ഷിക്കണം. | | | | |
| **ഡയറിയുടെ പ്രകാശനം**<br>● **ഡയറി പ്രകാശനതീയതിയും രീതി യും മുന്നൊരുക്കവും**<br>● **ഡയറി പ്രകാശനം** | ▪ **ക്ലാസ് പി ടി എയിൽ തീരുമാനിക്കൽ**<br>▪ **ഓരോ കുട്ടിയുടെയും ഡയറിയിൽ നിന്ന് അച്ചടിക്കേ ഇനം തെരഞ്ഞെടുക്കാൻ ഉപസമിതിയെ നിയോഗിക്കൽ**<br>▪ **ഡയറി പുസ്തകരൂപത്തിലാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യം ഉള്ളവരുടെ സഹായം തേടൽ**<br>▪ **ഡയറിയുടെ ഉള്ളടക്കം തീരുമാനിക്കൽ (അധ്യാപിക ഡയറിയിലെ ഉള്ളടക്ക വൈവിധ്യവും ഭാഷാപരമായ വളർച്ചയും ഉദാഹരണസഹിതം വിശകലനം ചെയ്യുന്ന ആമുഖക്കുറിപ്പ് വേണം** | **2025 ജനുവരി മുതൽ മാർച്ച് വരെ യുളള കാലയളവിൽ** | | |

| | | | | |
|---|---|---|---|---|
| **വായനോത്സവം മുതൽ മലയാളംമധുരം വരെ**<br>• ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉ ാക്കുക.<br>• രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.<br>• എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക.<br>• വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണശേഷി വികസിപ്പിക്കുക.<br>• ആശയഗ്രഹണവായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക<br>• കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക. | • **വായനോത്സവം**<br>പുസ്തകങ്ങൾ വായിച്ചു കേൾക്കുന്നതിലൂടെ കുട്ടിയുടെ പദസമ്പത്ത് വികസിക്കുന്നു. വ്യത്യസ്തമായ രീതിയിലുള്ള സംഭാഷണങ്ങളും വിവരണങ്ങളും പരിചയപ്പെടുന്നു. കേട്ട് ആശയം ഗ്രഹിക്കുന്നതിനുള്ള കഴിവ് വികസിക്കുന്നു. ആശയങ്ങൾ, സംഭവങ്ങൾ എന്നിവ ക്രമമായി ഓർത്തു പറയുന്നതിനുള്ള കഴിവ് നേടുന്നു. ചിത്രസൂചനകളിൽ നിന്നും കഥയുടെ ഉള്ളടക്കം, തുടർച്ച എന്നിവ സംബന്ധിച്ച് പ്രവചനം നടത്താനാകുന്നു. ഗ്രാഫിക് റീഡിംഗ് നടക്കുന്നുപുസ്തകങ്ങളെ ഇഷ്ടപ്പെടുന്നു. വായനയുടെ സംസ്കാരം ചെറുപ്രായം മുതൽ വളർത്താനാകുന്നു. കുട്ടിയുടെ ഭാഷാ, ആസ്വാദന വികാസത്തിൽ രക്ഷിതാക്കളെയും പങ്കാളികളാക്കാനാകുന്നു.<br>• **ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ**<br>വായനോത്സവം നടത്തുന്നതിനായി ക്ലാസ് ലൈബ്രറി ക്രമീകരിക്കേണ്ടതുണ്ട്. ഒന്നാം ക്ലാസിലെ കുട്ടികൾക്കിണങ്ങിയ (ചിത്രങ്ങൾ കൂടുതലുള്ളതും എഴുത്ത് കുറവുള്ളതുമായ) പുസ്തകങ്ങളാണ് വേണ്ടത്. അധികം പേജുകൾ പാടില്ല. ആകർഷകമായ ലേ ഔട്ടും ഉള്ളടക്കവും വേണം. ചിത്രങ്ങൾ ചിത്രവായനയ്ക്ക് സഹായകമാകണം. ഓരോ പുസ്തകത്തിന്റെ ഒന്നിലധികം കോപ്പികൾ വേണം<br>• കഥോത്സവം<br>1. രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനമാണിത്.<br>2. വായനാനുഭവം ക്ലാസിൽ പങ്കിടാനും ക | **ര ാം ടേം**<br><br>**വർഷാവസാനം**<br><br>**അവധിക്കാലം** | | |

| | | | | |
|---|---|---|---|---|
| | ഥയെ പാട്ടാക്കാനും കഥ മാറ്റി പറയാനും ചിത്രം വരയ്ക്കാനും അവസരം നൽകാം.<br>3. ക്ലാസ് പി ടി എയിൽ പുസ്തകവായന, പുസ്തകാവതരണം നടത്തണം | | | |
| **നിർമ്മാണശിൽപശാല**<br>1. പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക,<br>2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.<br>3. കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക | **നിർമ്മാണ ശില്പശാല സംഘാടനം.**<br>1. ക്ലാസ് പി.ടി.എയിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.<br>2. നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ.<br>3. നിർമ്മാണത്തില് വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ.<br>4. നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചമുതലപ്പെടുത്തൽ.<br>5. രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.<br>6. എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൽ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൽ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം.<br>7. മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃകനോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും പരിഗണിക്കണം.<br>8. നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ (എല്ലാവർക്കും സൗകര്യമുള്ള ദിവസം<br>9. ഉദ്ഘാടനച്ചടങ്ങ് ആകാം<br>10. പ്രചരണം (പോസ്റ്റർ, നവമാധ്യമങ്ങളിൽ കുറിപ്പ്)<br>11. നിർമ്മാശില്പശാലയിൽ ആർപ്പോ ഇർറോ എന്ന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം.<br>12. നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സം | **ഒരു വർഷം** | **ഭാഷാ അധ്യാപകർ** | |

| | | | | |
|---|---|---|---|---|
| | ഘടിപ്പിക്കണം.<br>13. കളിപ്പാട്ട നിർമ്മാണ ശില്പശാല സംയുക്ത ഡയറിയിലെ ഉള്ളടക്കമാകണം | | | |
| **റീഡേഴ്സ് തിയറ്റർ**<br>1. ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.<br>2. വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്. | • ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യൽ<br>• റിഡേഴ്സ് തിയറ്റർ ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം.<br>• ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി (സ്ക്രിപ്റ്റ് പങ്കാളിത്ത രചനയിലൂടെ രൂപപ്പെടുത്തും)<br>• കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകള് തെരഞ്ഞെടുക്കൽ<br>• കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കൂട്ടത്തെ തീരുമാനിക്കൽ<br>• ഓരോരുത്തരും കഥപാത്രങ്ങളെ തെരഞ്ഞെടുക്കൽ<br>• കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ (അത് എഴുതി തയ്യാറാക്കാം. കഥയിലുള്ളത് അതുപോലെയോ അതേ ആശയം പ്രതിഫലിക്കുന്ന രീതിയിലോ) –<br>• ആരാണ് അവതാരക(ന്) എന്നു തീരുമാനിക്കൽ<br>• വായിക്കേണ്ട ക്രമം തീരുമാനിക്കൽ<br>• അവതാരക(ന്) പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ<br>• റിഹേഴ്സൽ ചെയ്യൽ<br>• വേദിയിൽ അവതരണം<br>• റിക്കാർഡ് ചെയ്ത് അവരെകാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച ധാരണ | **മൂന്നാം ടേം** | **സ്കൂൾ അസംബ്ലിസർഗവേള, ക്ലാസ് പി ടി എ, ഓൺലൈനൻ വേദി** | |

| | | | | |
|---|---|---|---|---|
| | രൂപീകരിക്കൽ | | | |
| **രചനോത്സവം**<br>1. കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്.<br>2. സ്വതന്ത്രരചനയ്ക്ക് (ലഘുവാക്യങ്ങളിൽ ആശയപ്രകാശനം) അവസരം ഒരുക്കുക<br>3. അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക<br>4. രചനകൾ സമൂഹവുമായി പങ്കിടുക | **രചനോത്സവം പ്രക്രിയ**<br>• രക്ഷിതാക്കൾക്കായി രചനോത്സവ ശില്പശാല<br>• രചനോത്സവം എന്തിന്? എങ്ങനെ? പ്രായോഗികാനുഭവം<br>• ഭാവന ഉണർത്തുന്ന ചലനാത്മകചിത്രങ്ങൾ തെരഞ്ഞെടുക്കൽ.<br>• ചിത്രങ്ങൾ ഓരോ ആഴ്ച്ചയിലും ഒന്നു വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ<br>• ആ ചിത്ര സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക.<br>• എന്താണ് സംഭവിക്കുന്നത്/ ആരാണിവര് ?<br>• ഇതിനു മുമ്പ് എന്തായിരിക്കാം സംഭവിച്ചത്?<br>• ഇതിനു ശേഷം എന്താകാം സംഭവിക്കുക?<br>• എവിടെ എപ്പോഴാണ് സംഭവം നടക്കുന്നത്?<br>• ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ. അവയെല്ലാം സാധ്യതകളാണ്. മറ്റെന്തെങ്കിലും സാധ്യതകൾ പരിഗണിക്കൽ.<br>• തുടർന്ന് കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം.<br>• രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം. തുടക്കത്തിൽ കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കുവേണ്ടി അത് രേഖപ്പെടുത്തുകയുമാണ് വേണ്ടത്. ചെറുവാക്യങ്ങളാകാൻ ശ്രദ്ധിക്കുക. സംയുക്ത രചനയുമാകാം.<br>• കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ | | | |

| | | | | |
|---|---|---|---|---|
| | സഹായത്തോടെയും എഴുതുന്ന രചനകൾ ആവശ്യമെങ്കിൽ തെളിവു നൽകി എഡിറ്റിങ്.<br>**അച്ചടിച്ച രചനകൾ**<br>• **എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനൊന്നാകെ കുഞ്ഞെഴുത്തുകൾ പ്രകാശിപ്പിക്കാം.**<br>• **ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കാം. –**<br>• **വായനക്കാർഡുകളാക്കി പ്രസിദ്ധീകരിക്കാം**<br>• **അടുത്തുള്ള വായനശാലകൾക്ക് പ്രസിദ്ധീകരിച്ചവ കൈമാറാം** | | | |
| **കൂട്ടെഴുത്ത് പത്രം**<br>• പരസ്പര പിന്തുണയോടെ രചനാശേഷി വർദ്ധിപ്പിക്കുക<br>• കുട്ടികൾ നേരിടുന്ന ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഠനപങ്കാളികളുടെ സഹായം ഉറപ്പാക്കുക.<br>• രചനകൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കുക | • **ക്ലാസില്, വിദ്യാലയത്തിൽ, നാട്ടിൽ നടന്ന വിശേഷപ്പെട്ട കാര്യങ്ങൾ പറയിക്കൽ**<br>• **അവയിൽ നിന്നും നാലോ അഞ്ചോ ഇനങ്ങൾ തെരഞ്ഞെടുക്കൽ**<br>• **തെരഞ്ഞെടുത്ത ഇനങ്ങളുടെ അത്രയും ഗ്രൂപ്പുകൾ രൂപീകരിക്കൽ (ഭിന്നനിലവാര ഗ്രൂപ്പാകണം)**<br>• **ഓരോ ഗ്രൂപ്പിനും ഓരോ ഇനം നിശ്ചയിക്കൽ**<br>• **കിട്ടിയ വിഷയത്തെക്കുറിച്ച് നാലോ അഞ്ചോ കാര്യങ്ങള് ഗ്രൂപ്പിനുള്ളിൽ പങ്കിടൽ**<br>• **വാക്യങ്ങളുടെ എഴുത്തുക്രമം നിശ്ചയിക്കൽ**<br>• **ഒരാള് ഒരു വാക്യം വീതം എഴുതൽ (പെൻസിൽ ഉപയോഗിച്ച്) മറ്റുള്ളവർ ആവശ്യമെങ്കിൽ സഹായിക്കണം**<br>• **എല്ലാവരുടെയും കൈയക്ഷരം നിർബന്ധം**<br>• **തലക്കെട്ട് എഴുതൽ** | | | |

| | | | | |
|---|---|---|---|---|
| | • എഡിറ്റിംഗ് (വക്കകലം, അക്ഷര ചിഹന പ്രശ്നങ്ങൾ)<br>• ഒരേ സൈസിലുള്ള പേപ്പറിലേക്ക് മാറ്റിയെഴുതൽ (സ്കെച്ച് പേന ഉപയോഗിക്കാം)<br>• ചാർട്ടിൽ ഒട്ടിക്കൽ<br>• പത്രത്തിന്റെ പേരെഴുതൽ<br>• പത്രപ്രകാശനം<br>• ഡിജിറ്റൽ കോപ്പി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടൽ | | | |
| **നാട്ടുവിശേഷം കൂട്ടെഴുത്ത്**<br>• സ്വന്തം ചുറ്റുപാടിനെക്കുറിച്ച് അറിയുന്നതിന് അവസരം ഒരുക്കുക.<br>• അന്വേഷിച്ചറിഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തി പങ്കിടുക.<br>• ആശയവ്യക്തതയോടെ കുറിപ്പുകൾ തയ്യാറാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുക.<br>• അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ഒന്നാം ക്ലാസിൽ പ്രയോജനപ്പെടുത്തുക. | • നാട്ടിലെ പ്രധാന സ്ഥലങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യുക<br>• ആശയപടം നിർമ്മിക്കുക<br>• ഓരോ സ്ഥലവുമായി ബന്ധപ്പെട്ട് നേരനുഭവമുള്ളവർ ആരെല്ലാം<br>• അവർ വിവിധ ഗ്രൂപ്പുകളിൽ അംഗങ്ങളാകുന്ന വിധം ഗ്രൂപ്പുകൾ രൂപീകരിക്കുക<br>• ഒന്നോ രണ്ടോ ദിവസം മുതിർന്നവരിൽ നിന്നും വിവരം ശേഖരിക്കുന്നതിന് വേണ്ടി ഉപയോഗിക്കൽ<br>• ഗ്രൂപ്പുകള് കൂടി ആശയങ്ങൾ ക്രോഡീകരിക്കൽ<br>• എഴുത്തു ക്രമം തീരുമാനിക്കൽ<br>• ഒരാൾ ഒരു വാക്യം വീതം എഴുതൽ<br>• എല്ലാവരുടെയും കൈയക്ഷരം നിർബന്ധം.<br>• തലക്കെട്ട് നൽകണം<br>• മുതിർന്നവരുടെ സഹായത്തോടെ ഫോട്ടോ എടുത്ത് പിന്റ് ചേർക്കാം | | | |

| | | | | |
|---|---|---|---|---|
| | • എഴുതുമ്പോൾ പരസ്പരം സഹായിക്കണം.<br>• ഓരോ ഗ്രൂപ്പും എഴുതിയതിന്റെ ഡിജിറ്റൽ കോപ്പി തയ്യാറാക്കണം.<br>• ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടണം.<br>• നാട്ടുവിശേഷം പതിപ്പ് എന്ന നിലയിൽ വർഷാവസാനം പ്രകാശനം നടക്കണം. | | | |
| **വരയുത്സവം**<br>• തീമുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ എന്നിവ സ്വതന്ത്രമായി ചിത്രീകരിക്കുക.<br>• കൈപ്പത്തി, വിരലുകൾ, കാലടികൾ, മറ്റു വസ്തുക്കൾ എന്നിവ നിറങ്ങളിൽ മുക്കി ചിത്രങ്ങൾ രൂപപ്പെടുത്തു.<br>• വിവിധ പ്രതലങ്ങളിൽ വീഴ്ത്തിയ നിറങ്ങൾ ഊതിയും കൈവിരൽകൊണ്ടും നൂലടക്കം മറ്റ് സാമഗ്രികൾ ഉപയോഗിച്ചും വിന്യസിച്ച് ചിത്രങ്ങൾ വരയ്ക്കുക<br>• കേട്ടതോ വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി ചിത്രീകരിക്കുക.<br>• ഇല, തൂണി, വർണ്ണക്കടലാസ്, മണൽ, പൊടി, മറ്റു വസ്തുക്കൾ എന്നിവ ഉപയോഗിച്ച് തീമുമായി ബന്ധപ്പെടുത്തി കൊളാഷ് നിമ്മിക്കുക.<br>• മണൽ, മണ്ണ്, പൊടി, മൈലാഞ്ചിക്കുഴമ്പ് എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ പാറ്റേണുകൾ, രൂപങ്ങൾ, കളങ്ങൾ തുടങ്ങിയവ വരയ്ക്കുക. | • കുട്ടികളുമായി ആലോചിച്ച് വരയുത്സവത്തിന്റെ തീയതി നിശ്ചയിക്കണം<br>• ഇനങ്ങൾ ലിസ്റ്റ് ചെയ്യണം.<br>• ഓരോ കുട്ടിയും മൂന്ന് ഇനങ്ങളിലെങ്കിലും ആവിഷ്കാരം നടത്തുന്ന വിധത്തിൽ ചുമതല ഏറ്റെടുക്കണം.<br>• ക്ലാസ് പി ടി എയിൽ, ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ആശയം പങ്കിടണം<br>• വരയുത്സവത്തിൽ കുട്ടികളെ സഹായിക്കാനെത്തുന്ന രക്ഷിതാക്കളുടെ ലിസ്റ്റ് തയ്യാറാക്കണം<br>• സമയക്രമീകരണം തീരുമാനിക്കണം<br>• എല്ലാവരും ചെയ്യേണ്ട ഇനങ്ങൾ ആദ്യം. (കൊളാഷ് പ്രവർത്തനം, വിരൽച്ചിത്രങ്ങൾ പോലെയുള്ളവ)<br>• ഐച്ഛികമായി ചെയ്യേണ്ടത് തുർന്ന്<br>• പൂർണദിവസ പരിപാടിയാണ്<br>• ഉൽപന്നങ്ങളുടെ പ്രദർശനവും വിലയിരുത്തലും | | | |

| | | | | |
|---|---|---|---|---|
| • ഇലകൾ, പച്ചക്കറി, നൂൽ, പഞ്ഞി എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്നതിനും വിവിധ വസ്തുക്കൾ നിറങ്ങളിൽ മുക്കിപ്രതലങ്ങളിൽ പതിപ്പിച്ച് രൂപങ്ങൾ നിർമ്മിക്കുന്നതിനും കഴിയുക. | | | | |
| **സചിത്രകഥാരചന**<br>• കേട്ടതോ വയിച്ചതോ ആയ കഥകൾ ചിത്രകഥാ രൂപത്തിലാക്കുക.<br>• സ്വന്തം സർഗാത്മക രചനകൾ ചിത്രകഥാരൂപത്തിലാക്കുക.<br>• ചിത്രസൂചനകളെ അടിസ്ഥാനമാക്കി ചിത്രകഥകൾ തയ്യാറാക്കുക.<br>• കുട്ടികൾ തയ്യാറാക്കുന്ന ചിത്രകഥകൾ പ്രസിദ്ധീകരിക്കുക. | • **പൊതു അനുഭവം സൃഷ്ടിക്കൽ**<br>• **ഒരു കഥ പരിചയപ്പെടുത്തുന്നു. ചിത്രകഥയും കാണിക്കുന്നു. താരതമ്യം ചെയ്തത് ചിത്രകഥയുടെ സവിശേഷകൾ ലിസ്റ്റ് ചെയ്യുന്നു**<br>• **എങ്കിൽ നാം ഇപ്പോൾ പരിചയപ്പെട്ട കഥയെ ചിത്രകഥയാക്കുകയാണെങ്കിൽ എത്ര രംഗങ്ങൾക്ക് പടം വരയ്കേണ്ടിവരും?**<br>• **സംഭാഷണരൂപത്തിൽ എഴുതേണ്ടതും വിവരണരൂപത്തിൽ എഴുതേണ്ടതും എന്തെല്ലാം കാര്യങ്ങളാണ്? ഏതൊക്കെ രംഗങ്ങൾക്ക് എന്നും ധാരണയാകുന്നു**<br>• **വ്യക്തിഗതമായി ചിത്രകഥ തയ്യാറാക്കുന്നു. (അരപ്പേജിൽ ഒരു ചിത്രം വരത്തക്കവിധം)**<br>• **തയ്യാറാക്കിയ ചിത്രകഥാപേപ്പറുകൾ ഒന്നിച്ച് സ്റ്റാപ്ലർ ചെയ്ത് ഓരോരുത്തരുടെയും ചിത്രകഥാപുസ്തകം പ്രകാശിപ്പിക്കുന്നു.**<br>• **പരസ്പര വിലയിരുത്തലിനായി കൈമാറി പരിശോധിക്കുന്നു.**<br>• **തുടർന്ന് പുതിയ ഒരു ചലനാത്മക ചിത്രത്തെ ചിത്രകഥയാക്കുന്നതിന് ചുമതലപ്പെടുത്തുന്നു.**<br>• **എല്ലാ ആഴ്ചകളിലും ചിത്രകഥ തയ്യാറാക്കുന്നതിനുള്ള വിഭവങ്ങൾ നല്കുന്നു** | | | |

| | | | | |
|---|---|---|---|---|
| | • കവർച്ചിത്രം വേണം. കവർ പേജ് പ്രത്യേകം രൂപകൽപന ചെയ്യണം.<br>• പിൻ കവറും വേണം. ബാലസാഹിത്യകൃതികൾ പരിശോധിച്ച് രീതി മനസ്സിലാക്കാനവസരം<br>• പേജ് നമ്പർ വേണം.<br>• ചിത്രകഥകളുടെ പ്രസിദ്ധീകരണം<br>• ക്ലാസ് പി ടി എയുടെ നേതൃത്വത്തിൽ ഡിജിറ്റൽ കോപ്പികൾ തയ്യാറാക്കും. (എഴുത്ത് ഡി ടി പി ചെയ്തത്. വര കുട്ടികളുടേത്)<br>• ബാല പ്രസിദ്ധീകരണങ്ങൾക്ക് അയച്ചു കൊടുക്കും.<br>• പ്രിന്റെടുത്ത് പ്രകാശനം നടത്തും | | | |

# മേഖല: ENGLISH

| Aims | Process | Period | Agency | Remarks |
|---|---|---|---|---|
| • Simple words, Simple Sentence, to speak, Read and Write make sure these are in the children. | ▪ Simple words, Simple sentence, ade more lines, description make Sure these are in the children.<br>▪ Responds to simple instructions in the classroom,<br>Ex: May I come in teacher | June - August | | |
| • Pretest | ▪ Describes orally about pictures and objects using adjectives.. colour, size, shape etc)<br>▪ Familiaries with words identify | September - December | | |
| • To develop listening skills and reading skills first listening skills. | ▪ Enjoys songs and sing them with rhythm and action | January - February | | |
| • Familiaries with words like Ant, Apple, bat, bag etc and identifies the words | ▪ Familiarises the names of birds animals, their young ones and identifies them from pictures.<br>▪ To speak, Read, write English without any mistakes | March | | |

## മേഖല : അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| • ചെറു സദസ്സിനു മുമ്പാകെ ലളിതമായ പരീക്ഷണങ്ങൾ ചെയ്തു കാണിക്കുക.<br>• എല്ലാ തീമുകളുമായും ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിശദീകരിക്കാനും അവസരം ഒരുക്കുക | ▪ കുട്ടികളുമായി ചർച്ച ചെയ്ത് ശാസ്ത്രോത്സവത്തിലെ ഇനങ്ങൾ പൊതുവായി നിശ്ചയിക്കുന്നു.<br>▪ കുട്ടികളെ തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. ഒരു ഗ്രൂപ്പിന് ഒന്നിലധികം തീമുകളാകാം.<br>▪ ഓരോ തീമുമായും ബന്ധപ്പെട്ടു വരാവുന്ന പരീക്ഷണങ്ങൾ,<br>▪ പ്രദർശനസാധ്യതകൾ,<br>▪ ശാസ്ത്രാശയത്തിന്റെ അഭിനയസാധ്യതകൾ,<br>▪ ശാസ്ത്ര ഉള്ളടക്കമുള്ള പാട്ടുകളും കഥകളും,<br>▪ പട്ടികകൾ എന്നിവ സഹായത്തോടെ കുട്ടികൾ കണ്ടെത്തുന്നു.<br>▪ വിവിധ ഗ്രൂപ്പുകൾക്ക് അവതരണത്തിനുള്ള സമയം, ക്രമം എന്നിവ നിശ്ചയിക്കുന്നു<br>▪ തയ്യാറെടുപ്പിന് മൂന്നോ നാലോ ദിവസം<br>▪ രക്ഷിതാക്കളെയും തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. അവർ അതേ തീം എടുത്ത കുട്ടികൾക്ക് സഹായം നൽകുന്നു<br>▪ ശാസ്ത്രോത്സവം ഉദ്ഘാടനം<br>▪ ശാസ്ത്രോത്സവ പ്രവർത്തനങ്ങൾ<br>▪ അവതരണങ്ങൾ വിലയിരുത്തുന്നതിനായി നാലാം ക്ലാസിലെ കുട്ടികളെ ചുമതലപ്പെടുത്തണം. രക്ഷിതാക്കളുടെ വിലയിരുത്തൽ ഗ്രൂപ്പും ഉണ്ടാകണം | | | |

| | | | | |
|---|---|---|---|---|
| **അരങ്ങ്**<br>• **വിവിധ വസ്തുക്കൾ, അവസ്ഥകൾ, ജീവജാലങ്ങൾ, സന്ദർഭങ്ങൾ എന്നിവ തീയേറ്റർ ഗെയിമുകളിലൂടെ കൂട്ടായി നിസ്സങ്കോചം സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുക .**<br>• **കേട്ടതോ വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ സഹപാഠികളുമായി ചേർന്ന് റോൾപ്ലേയിലൂടെ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക.**<br>• **തീമിനെ അടിസ്ഥാനമാക്കി വിവിധ സന്ദർഭങ്ങളും സംഭവങ്ങളും സംഘം ചേർന്ന് ആസൂത്രണം നടത്തി ചമഞ്ഞുകളികളിലൂടെ ആവിഷ്കരിക്കുക.**<br>• **പക്ഷികൾ, മൃഗങ്ങൾ, വാഹനങ്ങൾ, കാറ്റ്, മഴ തുടങ്ങിയവയുടെ ശബ്ദചലനങ്ങൾ അനുകരിക്കുക.**<br>• **ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാ** | • ഇതുവരെ നടത്തിയ അഭിനയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ ലിസ്റ്റ് ചെയ്യൽ<br>• അരങ്ങ് എന്ന പൊതു പരിപാടിയെക്കുറിച്ച് കുട്ടികൾ ഏറ്റെടുക്കും വിധം വിശദീകരിക്കൽ<br>• അരങ്ങ് നടത്തുന്നതിനുള്ള തീയതികൾ നിശ്ചയിക്കൽ<br>**അരങ്ങ് ഇനങ്ങൾ**<br>• റോൾ പ്ലേ, ചമഞ്ഞുകളി<br>• മൈമിംഗ് ശബ്ദചലനങ്ങൾ അനുകരിക്കൽ<br>• കവിതകളുടെയും കഥകളുടെയും രംഗാവിഷ്കാരം (പശ്ചാത്തലശബ്ദം, രംഗസജ്ജീകരണം, കഥാപാത്രങ്ങളുടെ വേഷം, പ്രോപ്പർട്ടികൾ ഒക്കെയാകാം)<br>• ഏകാഭിനയം<br>• അഭിനയഗാനങ്ങൾ<br>ഇവയിൽ ഏതിലാണ് പങ്കെടുക്കുന്നതെന്ന് ഓരോ ഗ്രൂപ്പിനും തീരുമാനിക്കാം. വ്യക്തിഗത തെരഞ്ഞെടുപ്പും അനുവദിക്കാം.<br>• വിവിധ ഗ്രൂപ്പുകൾക്ക് അവതരണത്തിനുള്ള സമയം, ക്രമം എന്നിവ നിശ്ചയിക്കുന്നു.<br>• റിഹേഴ്സൽ ചെയ്യുന്നതിന് അവസരം ഒരുക്കും.<br>• അവതരണങ്ങൾ വിലയിരുത്തുന്നതിനായി നാലാം ക്ലാസിലെ കുട്ടികളെ ചുമതലപ്പെടുത്തണം. രക്ഷിതാക്കളുടെ വിലയിരുത്തൽ ഗ്രൂപ്പും ഉണ്ടാകും. | | | |

| | | | | |
|---|---|---|---|---|
| വാത്മകമായി അവതരിപ്പി ക്കുക<br>• തീമുകളുമായി ബന്ധപ്പെട്ട സംഭവങ്ങൾ സംഘം ചേർന്നും ഒറ്റയ്ക്കും മൈമി ങ്ങിലൂടെ അവതരിപ്പിക്കുക.<br>• ലഭ്യമായ വസ്തുക്കൾ ഉ പയോഗിച്ച് കഥാപാത്രങ്ങ ളുടെ വേഷം, പ്രോപ്പർട്ടിക ൾ, രംഗസജ്ജീകരണം എ ന്നിവ തയ്യാറാക്കി രംഗാവി ഷ്കാരം നടത്തുക.<br>• കഥാപാത്രങ്ങളുടെ ശബ്ദം, ചലനം, ഭാവം എന്നിവ ഉ ൾക്കൊണ്ട് ഏകാഭിനയം ന ടത്തുക.<br>• കഥാവതരണവേളകളിൽ വിവിധ വസ്തുക്കൾ ഉ പയോഗിച്ച് കഥാസന്ദർഭ ത്തിനു യോജിച്ച പശ്ചാത്ത ലശബ്ദം സംഘം ചേർന്ന് ഒ രുക്കുക.<br>• കഥ നടക്കുന്ന ഇടത്തേക്ക് അല്ലെങ്കിൽ പ്രദേശത്തേക്ക് അഭിനയത്തിലൂടെയും ചല നത്തിലൂടെയും ഒറ്റയ്ക്കും കൂട്ടായും സാങ്കൽപിക യാ ത്ര നടത്തുക. | | | | |

| മേഖല : **ഗണിതം** | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **റിമാർക്സ്** |
| **ഗണിതപഠനം രസകരവും ആകർഷകവുമാക്കുക** | • 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു<br>• 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ,കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു<br>• Five Frame ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു<br>• പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു. (2/4, 3/5)<br>• ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.<br>• 1 മുതൽ 26 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br>• 9 ൽ താഴെയുള്ള വ്യത്യസ്ത സഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തുന്നു.<br>• ഒരക്കസംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.<br>• ആരോഹണ അവരോഹണ ക്രമത്തിലാക്കൽ<br>• രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം (3+5=8)<br>• രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം (5-3=2)<br>• ഒരക്ക സംഖ്യ വ്യാഖ്യാനം<br>2+2+1=5 | **1 വർഷം** | **ഗണിത ക്ലബ്ബ്**<br>**PTA, SRG** | |

| | | | | |
|---|---|---|---|---|
| | 3+2=5<br>2+3=5<br>• ഒരക്ക സംഖ്യ പറ്റേൺ രൂപീകരിക്കൽ<br>• ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക | | | |
| **ആഗസ്റ്റ്** | • 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ<br>• കൂടുതൽ, കുറവ് തിരിച്ചറിയൽ.<br>• ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | | | |
| **സെപ്റ്റംബർ** | • സംഖ്യ ഗാനങ്ങൾ ആസ്വദിക്കൽ<br>• ഒരക്കസംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ (5+3=8)<br>• ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ (5-3=2)<br>• ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത്രകിയകളിൽ ഏർപ്പെടൽ.<br>• ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്, സംഖ്യാഗാനം ആലപിക്കൽ<br>1+1=2<br>2+1=3 | **1 വർഷം** | **ഗണിത ക്ലബ്ബ്** | |
| **ഒക്ടോബർ** | • ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ,ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാകൽ | **1 വർഷം** | **ഗണിത ക്ലബ്ബ്** | |

| | | | | |
|---|---|---|---|---|
| | 1 2 3 4 5 6 7 8 9 10<br>• വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | | | |
| **നവംബർ** | • സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>• ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ Worksheet-കൾ നൽകുന്നു ) –<br>• ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>10+1 =11<br>10+2 =12<br>10+3= 13 | | | |
| **ഡിസംബർ** | • സംഖ്യകൾ ആരോഹണ- അവരോഹണ ക്രമത്തിൽ എഴുതൽ.<br>• ഗണിത ആൽബം തയ്യാറാക്കൽ<br>• My number book തയ്യാറാക്കൽ<br>• സംഖ്യകളെ സുന്ദരിയാക്കൽWorksheet പ്രവർത്തനങ്ങൾ. | | | |
| **ജനുവരി** | • ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങൾ<br>10-1= 9<br>10-2= 8<br>10-3= 7<br>10-4= 6<br>10-5= 5<br>• സങ്കലനം,വ്യവകലനം(+,-ചിഹ്നങ്ങൾ) തിരിച്ചറിവ് നേടുന്നു<br>• സംഖ്യാ വ്യാഖ്യാനത്തിലക്ക് കടക്കുന്നു (1-10 വരെയുള്ള സംഖ്യകൾ) | | | |

| | | | | |
|---|---|---|---|---|
| | 6 - 1 = 5<br>2 + 3 = 5<br>1 + 4 = 5 | | | |
| **ഫെബ്രുവരി** | • ഗണിതം - ആൽബം CPTA യിൽ പ്രദർശനം<br>• ഗണിത മഞ്ചാടി, സംഖ്യസൂര്യൻ ആൽബം തയ്യാറാക്കൽ പ്രദർശനം<br>• സഖ്യാഗാന ആൽബം തയ്യാറാക്കൽ പ്രദർശനം<br>• വില വിവരപ്പട്ടിക പ്രശ്ന വിശകലന ക്രിയകളിൽ ഏർപ്പെടൽ<br>• ഉല്ലാസഗണിത പ്രവർത്തനങ്ങൾ | | | |
| **മാർച്ച്** | • ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം Worksheet കൾ നൽകൽ<br>• ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ<br>• ഉല്ലാസഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, meterials ഉപയോഗിച്ച് ഗണിതകളികളിൽ ഏർപ്പെടൽ, ICT സാധ്യതയിൽ ഉല്ലാസഗണിത പ്രവർത്തനങ്ങൾ പരിജയപ്പെടാൻ അവസരം ഒരുക്കൽ<br>• ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ | | | |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## ക്ലാസ്സ് - 2

| മേഖല : **മലയാളം** മലയാളം മധുരം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക്, കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.<br>• ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.<br>• സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.<br>• ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.<br>• ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു,<br>• കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ | • അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. (മെയ് അവസാനം)<br>• തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>• CPTA യിൽ അവലോകനവും, തുടർ പ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)<br>• കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)<br>• തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.<br>• രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു.(ഓരോ ടേമിലും)<br>• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>• ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.<br>• വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു. | ജൂൺ - ഫെബ്രുവരി | **ക്ലാസ് ടീച്ചർ, പി ടി എ,<br>എച്ച്. എം** | **പി ടി എ,<br>എസ്.എസ്.കെ** |

| | | | | |
|---|---|---|---|---|
| സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു. | | | | |
| **<u>സംയുക്ത ഡയറി</u>**<br>രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും<br>• സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.<br>• സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.<br>• സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.<br>• അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു | • സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർ ദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു<br>• ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.<br>• എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>• ജൂൺ മുതൽ ആരംഭിക്കുന്നു.<br>• ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.<br>• കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.<br>• കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.<br>• സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>• എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി) | ജൂൺ ആദ്യ വാരം<br><br>ജൂൺ ആദ്യ വാരം | **ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ** | **എസ്.എസ്.കെ** |
| **<u>പാട്ടരങ്ങ്</u>**<br>ഭാഷാപഠനത്തിൽ താളത്തിന് വളരെയ | • പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന ക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂ | ജൂൺ ആദ്യ വാരം | **ക്ലാസ് ടീച്ചർ, പി ടി എ,** | **എസ്.എസ്.കെ, പി ടി എ** |

| | | | | |
|---|---|---|---|---|
| ധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.<br>• താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>• കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു<br>• ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.<br>• ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.<br>• ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു. | പ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.<br>• ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു<br>• പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ<br>• തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ<br>• ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ | ജൂൺ ആദ്യ വാരം<br>ജൂൺ രണ്ടാം വാരം<br>ജൂൺ 15 മുതൽ ഫെബ്രവരി വരെ<br>മാർച്ച് രണ്ടാം വാരം | | |

| | | | | |
|---|---|---|---|---|
| **സചിത്ര പുസ്തകം**<br>2023-24 വർഷത്തിൽ ര ാം ക്ലാസി ലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപ ത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തന ങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധി പ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപിക യും വിദ്യാലയവും നേരിട്ട പ്രയാ സങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണംപു തിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയി ൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നട പ്പിലാക്കേണ്ടതുണ്ട്.<br>• ര ാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തകരൂപ ത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രയോഗിക ധാരണ നേടുന്നു.<br>• എല്ലാ കുട്ടികൾക്കും സചിത്രപു സ്തകം വർക്ക് ബുക്കുകൾ ലഭ്യമാ ക്കുന്നു.<br>• കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.<br>• പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരി ചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരു ത്തുന്നു. | • കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടി സ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.<br>• വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ<br>• ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും<br>• സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വി ലയിരുത്തൽ<br>• രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം<br>• സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ | 2025 –മെയ്<br>2025 ജൂൺ 10<br>2025 ജൂൺ 15<br>എല്ലാ മാസ വും<br>2025 ആഗ സ്റ്റ്, 2025 ഡി സംബർ<br>മാർച്ച് രണ്ടാം വാരം | **ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.എസ്.കെ,** | **ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.എസ്. കെ** |
| **റീഡേഴ്സ് തിയേറ്റർ** | • റീഡേഴ്സ്സ് തിയേറ്റർ എസ്. ആർ. ജി യി | (2025 ജൂൺ) | **ക്ലാസ് ടീച്ചർ, പി ടി എ** | **എസ്,എസ്, കെ** |

| | | | | |
|---|---|---|---|---|
| ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം ര ാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മൂന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.<br>• രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.<br>• പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്റിന്റെ ഭാഗമായി അവതരിപ്പിക്കുന്നു<br>• ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം. ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു. | ൽ ആശയം പങ്കിടൽ<br>• ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും<br>• ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല<br>• എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക<br>• മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം<br>• ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം | 2025 ജൂൺ മൂന്നാം വാരം<br>(2025 ജൂലൈ രണ്ടാം വാരം)<br>2025 ജൂലൈ 2026 മാർച്ച്<br>2025 ജൂലൈ 2026 മാർച്ച്)<br>2025 മാർച്ച് രണ്ടാം വാരം | | **പി ടി എ** |
| **നാട്ടുവിശേഷം കൂട്ടെഴുത്ത്** | • നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്ത | ജൂലൈ രണ്ടാം ആഴ്ച | **ക്ലാസ് ടീച്ചർ<br>പി ടി എ,** | **എസ്,എസ്, കെ** |

| | | | | |
|---|---|---|---|---|
| ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും<br>• പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു<br>• പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.<br>• നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.<br>• മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.<br>• പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.<br>• പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.<br>• പാഠപുസ്തകത്തിലെ ആശയങ്ങൾ | നം എസ്. ആർ. ജിയിൽ അവതരിപ്പിക്കുന്നു.<br>• പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ്. ആർ. ജി യിൽ ആസൂത്രണം ചെയ്യുന്നു.<br>• പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.<br>• പാഠഭാഗത്തിനനുയോജ്യമായി പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.<br>• പ്രവർത്തനങ്ങൾ നടപ്പിലാക്കൽ<br>• കണ്ടെത്തലുകളുടെ അവതരണം<br>• കൂട്ടെഴുത്ത് നടക്കുന്നു.<br>• എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.<br>• പതിപ്പ് തയ്യാറാക്കൽ.<br>• പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.<br>• പ്രവർത്തനം അവലോകനം, വിലയിരുത്തൽ<br>• പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.<br>▪ മികച്ചവ ഭാഷോത്സവത്തിൽ അവതരണം | യിൽ ആദ്യ പ്രവർത്തനം ആരംഭം<br><br>ജൂലൈ അവസാനം<br><br>ജനുവരി | **എച്ച്. എം** | |

| | | | | |
|---|---|---|---|---|
| ക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു. | | | | |
| **ക്ലാസ്സ് പത്രം**<br><br>ര ാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ് പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള കഴിവ് ഇതിലൂടെ നേടാൻ സാധിക്കും.<br>• ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.<br>• രചനാ ശേഷി പരിപോഷിപ്പിക്കുന്നു<br>• വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു<br>• സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.<br>• സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.<br>• കണ്ടതും കേട്ടതുമായ കാര്യങ്ങൾ | • ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.<br>• ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു<br>• കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.<br>• അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.<br>• ക്ലാസിൽ പത്രം തയ്യാറാക്കൽ<br>• അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.<br>• ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു<br>• രചനോത്സവത്തിൽ പ്രദർശനം, അവതരണം<br>• വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.<br>• ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു.<br>• സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. | ജൂലൈ അവസാനം<br><br>ജൂലൈ അവസാനം<br><br>ആഗസ്റ്റ് ആദ്യവാരം<br><br>ജനുവരി<br><br>ഫെബ്രുവരി | **ക്ലാസ് ടീച്ചർ**<br>**എച്ച്. എം**<br>**പിടി എ** | **എസ്. എസ്. കെ**<br>**പിടിഎ** |

| | | | | |
|---|---|---|---|---|
| ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.<br>• പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.<br>• ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു | | | | |
| **രചനോത്സവം**<br>ലഘു വ്യവഹാരരൂപങ്ങൾ വിശേഷണ പദങ്ങൾ ചേർത്തെഴുതാൻ ര ാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. സംഭാഷണം, കഥ, കവിത, ഡയറി, ക്ഷണക്കത്ത്, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് ര ാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.<br>• എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു<br>• രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.<br>• കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | • രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു.<br>• സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക<br>• പ്രതിമാസ രചനോത്സവം<br>• രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ –<br>• കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ | ജൂൺ 2ാം വാരം<br>ജൂൺ 3ാം വാരം<br>ജൂലൈ ഫെബ്രവരി<br>2025 സെപ്തംബർ, ഡിസംബർ, മാർച്ച് 2026<br>മാർച്ച് 2025 | **ക്ലാസ് ടീച്ചർ**<br>**പിടി എ** | **പിടി എ,**<br>**എസ്.എസ്.കെ** |
| **ഭാഷോത്സവം**<br>രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരുംഎഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ | • ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു<br>• പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉ | | **എസ്. ആർ. ജി**<br>**പിടിഎ**<br>**എച്ച്. എം** | **എസ്.എസ്. കെ**<br>**പിടിഎ** |

| | | | | |
|---|---|---|---|---|
| ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.<br>• കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു<br>• കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു<br>• ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു<br>• ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.<br>• ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു. | റപ്പാക്കുന്നു.<br>• പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.<br>• ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.<br>• പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു<br>• ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു<br>• സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.<br>• ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.<br>• SRG യിൽ അവലോകനം ചെയ്യുന്നു | | | |

# മേഖല: ENGLISH

| Aims | Process | Period | Agency | Remarks |
|---|---|---|---|---|
| • To speak, Read, & write English without any mistakes | • To develop listening skills & reading skills first<br>• Listening skills<br>• Games, Action songs Hello English activities, 2 conversations, skit stories | June - August | Use, ICT | |
| • Speaking skills | ▪ Descriptions, growing sentences, picture reading, picture description self introduction Assembly activities-speech, book review, quiz riddles, self introduction. School radio etc | July & August | | |
| • Reading skills. | ▪ News paper reading, library books reading, book review, reading breaking news, find words. collect and read past tense, rhyming words, describing words etc Textbook activities | July & March | | |
| • Writing skills | ▪ Make word web, picture description, word chain sentence chain, make words, & sentences make riddles, conversations, Add more lines, develop story, description, notice proclamation, diary letter, Announcement, magazines | July-March | | |

| മേഖല : **ഗണിതം** | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരവും ആസ്വാദ്യക രവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെ യാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.<br>• രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ<br>• സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.<br>• ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ<br>• ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)<br>• ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തര | • **മുന്നൊരുക്കം**<br>• ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.<br>• പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | **1 വർഷം** | **ഗണിത ക്ലബ്ബ്**<br>**PTA, SRG** | |

| | | | | |
|---|---|---|---|---|
| ങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ<br>• പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ | | | | |
| **ജൂൺ** | • 1, 2, 3, 4 ......<br>• 1,3,5,7....<br>• 10,20,30,40,....<br>• 5,10,15,20....<br>• 2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>• ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | | | |
| **ജൂലൈ** | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ<br>• (5+5=10, 10+10=20) | **1 വർഷം** | **ഗണിത ക്ലബ്ബ്** | |
| **ആഗസ്റ്റ്** | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>• 99 നോട് 1 കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർന്നാൽ 100 ആകും<br>• 100 ഒന്നുകൾ ചേർന്നതാണ് 100 | **1 വർഷം** | **ഗണിത ക്ലബ്ബ്** | |

| | | | | |
|---|---|---|---|---|
| | • ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | | | |
| **സെപ്റ്റംബർ** | • ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>• വിലവിവരപട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു | | | |
| **ഒക്ടോബർ** | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>• സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)<br>• 5...10.... 15.... 20... 25<br>(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം). | | | |
| **നവംബർ** | • സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ<br>• "ക്ലാസിനൊരു" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിചേർത്ത് സംഖ്യരൂപീകരിക്കൽ<br>• 10 രൂപ +5 രൂപ = 15 രൂപ<br>• നോട്ട് നാണയം | | | |

| | | | | |
|---|---|---|---|---|
| **ഡിസംബർ** | • സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>• സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)<br>• രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | | | |
| **ജനുവരി** | • വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>• പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>• സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | | | |
| **ഫെബ്രുവരി** | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>• 'ഉല്ലാസ ഗണിതം' materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ | | | |
| **മാർച്ച്** | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ<br>• കലണ്ടർനോക്കി സംഖുകൾ താരതമ്യം ചെയ്യൽ.<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക | | | |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## ക്ലാസ്സ് - 3

| മേഖല : മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| • സാഹിത്യപ്രതിഭകളെ അടുത്തറിയാം | • കവികളെകുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തകശേഖരണവും പ്രദർശനവും<br>• ചിത്ര ഗ്യാലറി | ജൂൺ -<br>ജൂൺ<br>ഡിസംബർ<br>ജനുവരി | **അധ്യാപകർ, എസ്.എം.സി**<br>**മറ്റു പി ടി എ ക്ലബ്ബുകൾ** | **എസ്.എം.സി**<br>**എസ്.എം.സി** |
| • **വായന പരിപോഷണം** | • പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം<br>• വായനക്കളരി<br>• നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | നവംബർ<br>ആഗസ്റ്റ് | **വായനശാല എസ്.എം.സി എസ്.ആർ.ജി**<br>**ക്ലബ്ബുകൾ സാഹിത്യക്ലബ്ബ്** | **ക്ലബ്ബ് എസ്.എം.സി എസ്.ആർ.ജി**<br>**വായനശാല** |

## മേഖല: ENGLISH

| Aims | Process | Period | Agency | Remarks |
|---|---|---|---|---|
| • **Reading and Writing** | **Practice -Library Visit** | **June - March** | **1 hour** | **SSA** |
| • **Story telling & Conversation** | | **Once a Month** | **3 hours** | **SSA** |
| • **Reading and Writing** | **Practice- Library Visit** | **June & March** | **1 hours** | **SSA** |
| • **Storyte lling & Conversation** | | **Once a Month** | **3 hours** | **SSA** |

| മേഖല : **അടിസ്ഥാനശാസ്ത്രം** | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| • ശാസ്ത്രബോധം വളർത്തുക | • ക ത്താം അറിയാം<br>• ലഘു പരീക്ഷണങ്ങൾ<br>• കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| • **പ്രകൃതി വിഭവ സംരക്ഷണം** | • ജൈവ- വൈവിധ്യപാർക്ക്, തടയണ, മഴക്കുഴി നിർമ്മണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ<br>ഡിസംബർ | | |
| • **ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ** | • ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീട്ടിനകത്തും<br>• ശാസ്ത്ര മാസികകൾ | | | |

| **മേഖല : ഗണിതം** | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| • ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശില്പശാല<br>• രസകരമായ ഗണിതപഠനവുംനിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br>• ഒറിഗാമി ടാൻഗ്രാം, രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | **എസ്.ആർ.ജി<br>പിടിഎ** | **എസ്.എസ്. എ** |
| • **ഗണിതം ലളിതമാക്കാം കളികളിലൂടെ** | • മെട്രിക് മേള<br>• ഗണിതോത്സവം. | ജനുവരി | **എസ്.ആർ.ജി<br>ക്ലാസ്ടീച്ചർ** | **എസ്.എസ്. എ<br>സ്റ്റാഫ്<br>എസ്.എം.സി** |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## ക്ലാസ്സ് - 4

| മേഖല : ENGLISH | | | | |
|---|---|---|---|---|
| **Aims** | **Process** | **Period** | **Agency** | **Remarks** |
| • To develop English language skills and build public speaking confidence | • English Assembly | Weekly | Class Teacher | |
| • To enhance writing skills and encourage<br>• Self – expression in English | • English Diary | Three times Weekly | Class Teacher | |
| • To promote reading habits and strengthen comprehension | • English Library | Monthly | Class Teacher | |
| • To foster creativity and showcase students' writing | • English Magazine | Monthly | H M,<br>Class Teacher,<br>SMC | |
| • To support language development through various engaging tasks | • English Activities | Monthly | PTA | |
| • Conduct various activities to improve students'<br>• English language skills | • English Activities | Monthly | Class Teacher | PTA |
| • Set up a space for reading and discussing English books | • English Corner | Weekly | Class Teacher | Librarian |
| • Organize comprtitions and other activities to promote English usage | • English Ciub | Monthly | Class Teacher | English Teacher |

# മേഖല : അടിസ്ഥാനശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിരീക്ഷണം - അറിവു നിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | | |
| • ശാസ്ത്രം പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ. | | |
| • ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>• അന്വേഷണ ത്വര വളർത്തൽ | • വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | | |
| • കേരളം - ഇന്ത്യ ഭൂപട വായന, സൂചിക പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം<br>• ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | | |

## മേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിത പഠനം രസകരമാക്കൽ | • വിവിധ വിവിധതരം കളികൾ ആസൂത്രണം നടപ്പിലാക്കൽ (കച്ചവടക്കളി, ഡയസ് )<br>• ഒറിഗാമി രൂപങ്ങളുടെ നിർമ്മാണവും പ്രദർശനവും് | വർഷം മുഴുവൻ<br>വർഷത്തിലൊന്ന് | | |
| • ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | • ഗണിത ചുമർ നിർമ്മാണം പ്രദർശനം | വർഷം മുഴുവൻ. | | |
| • പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | വർഷത്തിലൊന്ന് ആവശ്യമെങ്കിൽ ഒന്നിൽ കൂടുതൽ | | |
| • ഗണിതശേഷികളുടെ പ്രകടനം | • പ്രശ്നോത്തരി<br>• പസിൽ<br>• പാറ്റേൺ<br>• പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം . | വർഷത്തിലൊന്ന് | | |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## എൽ.പി.വിഭാഗം

| മേഖല : അറബിക് | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| **അറബിക് മധുരം**<br>• **അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ** | • എഴുത്ത് വായന<br>• ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക<br>• അക്ഷരകാർഡുകൾ, പിപിടി എന്നിവ ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുന്നു<br>• പ്രത്യേകമായ മോഡ്യൂളിന്റെ സഹായത്തോടെ അക്ഷരങ്ങൾ ചിഹ്നങ്ങൾ ചേർത്ത് എഴുത്തിലേക്ക് കടക്കുക<br>• ചെറിയ വായനാ കാർഡുകൾ ഇ-ടെക്സ്റ്റ് എന്നിവയുടെ സഹായത്തോടെ പിന്തുണ നൽകും | 1 മാസം<br>3 മാസം<br>3 മാസം<br>3 മാസം | | വിഷയം പഠിപ്പിക്കുന്ന ടീച്ചർ<br>അധ്യാപിക<br>പ്രധാനാധ്യാപിക അധ്യാപിക രക്ഷിതാക്കൾ<br>അധ്യാപിക |
| **ഒരു ദിവസം ഒരു പദം**<br>• ഒരു വർഷം പൂർത്തിയാകുമ്പോൾ എല്ലാ കുട്ടികൾക്കും ചുരുങ്ങിയത് ഒരു 150 പദം എങ്കിലും ലഭിക്കൽ | • ഒരോ ദിവസം വാട്സ്ആപ്പ് വഴി അർത്ഥത്തോട് കൂടി ഒരു പദം നൽകുകയും അടുത്ത ദിവസങ്ങളിൽ ബുക്കിൽ ഉണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു<br>• ഓരോ രണ്ടുമാസം കൂടുമ്പോഴും ഓർമ്മ ടെസ്റ്റ് നടത്തുകയും അവയിൽ കൂടുതൽ സ്കോർ ചെയ്യുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു | ഒരു വർഷം | | **അധ്യാപിക പിടിഎ** |
| **സർഗ്ഗവേള** | • ര ് മാസത്തിലൊരിക്കൽ അറബി | 1 വർഷം | | **അധ്യാപിക പിടി എ** |

| | | | | |
|---|---|---|---|---|
| • അറബിക് എന്ന വിഷയത്തോട് കൂടുതൽ അടുക്കാനും സഭാകമ്പം ഒഴിവാക്കാനുമായി ഒരു പൊതു പരിപാടി | ക്കിലെ<br>• പ്രസംഗം<br>• കവിത<br>• കഥ<br>• പ്രശ്നോത്തരി<br>• മോണോ ആക്ട്<br><br>എന്നിങ്ങനെ വ്യത്യസ്ത പരിപാടികൾ ഒരു സദസ്സിൽ അവതരിപ്പിക്കാനുള്ള അവസരം | | | |
| **അസംബ്ലി**<br>• അറബികിനായി ഒരു ദിവസം | • അറബിക്കൽ മാത്രം കുട്ടികൾ അവതരിപ്പിക്കുന്ന ഒരു അസംബ്ലി | ഒരു തവണ | | **അധ്യാപകർ രക്ഷിതാക്കൾ** |

# അക്കാദമിക മാസ്റ്റർപ്ലാൻ

# യു. പി. വിഭാഗം

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## യു. പി തലം

## മേഖല: ENGLISH

| Aimts/objectives | Activity | Duration | Duty | Finance |
|---|---|---|---|---|
| • Enhances listening skill<br>• Improves pronunciation. | <u>Breaking news</u> :<br>• Provides opportunities for listening news in English and teacher ensures that children can follow the correct pronunciation.<br><u>Catch me of you can</u>:<br>• Provides opportunities for following teachers instructions. | June - March<br><br>June - March | English Teachers | |
| • Improve speaking skill | <u>Let's enjoy the story</u><br>▪ Teacher plays a story through ICT and asks the students to tell the story in theirown words. | July | | |
| • Aarticulater words properly<br>• Enhances languages efficiency. | <u>Field Trip to meet foreigners</u><br>▪ Provides a platform to communicate with the foreigners | August | | |
| • Explores emotions and creativity<br>• Promotes communication skill | <u>Roleplay</u>.<br>▪ Gives different thermes for groups and asks the students to act inaccordance with the theme. Gives points according to performance and select a winner | September | | |

| | | | | |
|---|---|---|---|---|
| ▪ **Enhances the memory skill and writing skill** | <u>**Run Baby Run**</u><br>▪ **Divides the whole class into different groups. Teacher partes a chart containing paragraph outside the classroom. Asks the students to read the paragraph once and write it without any mistake. Those group who completed the task without any mistake wins the game** | | | |
| ▪ **Promotes reading and writing skill**<br>▪ **Improves Creative Thinking** | <u>**Let's familiarize the book**</u><br>▪ **Teacher present a book review asks the students to present a book review of theirown.**<br><u>**Alert Zone**</u><br>▪ **Prepare posters and signboards and exhibits in the school campus** | **January-February**<br><br>**June -October** | | |
| ▪ **Improves pronunciation enhances vocabulary and language proficiency**<br>▪ **Help to update-themselves** | <u>**News Reading and News Quiz**</u><br>▪ **Divides the wholl class into different groups. Provides opportunities for reading News in English and based on this, set a quiz competition once in every 2 months** | **Whole Year** | **English Teacher** | |
| ▪ **Improves Creativity** | <u>**Choreography**</u><br>▪ **Divides the class into different groups let the students present a choreography based on the poem they have studied** | **November** | | |
| ▪ **Improves memory skill and concentration** | <u>**Guess who am I**</u> **?** | **December - February** | | |

| | | | | |
|---|---|---|---|---|
| ▪ **Encourages speaking skill** | ▪ **Students themselves assign as a famous personality and gives some dues/quotes of that person. Let others find who is that person. Student who gets more points will be the winner** | | | |
| ▪ **Creativity**<br>▪ **Enriches vocabulary**<br>▪ **Listening and reading skill** | **FM corner**<br>▪ **Students present different stories as radio drama (Divides thewhole class into 5 groups on groups). One group present age radio drama once in every 2 months** | | | |
| ▪ **Improves creativity**<br>▪ **Enhances technical knowledge** | **Reels/ Short film**<br>▪ **Divides the class into five groups. Let the students prepare either reels on language elements such as preposition, phrasal verbs, etc. or a short film** | **February March** | **English Teacher** | |

| മേഖല : ഹിന്ദി 2025-2026 | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **ക്ലാസ്സ്** |
| • ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ താല്പരരാക്കുന്നു | • ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകള്‍ | ജൂൺ 3 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | 6,7 |
| • റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ/ സ്കൂൾ വാഹനസഞ്ചാരം -അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു.പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു | • റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ നൽകുന്നു. | ജൂൺ 4 | ഹിന്ദി അധ്യാപകർ<br>മറ്റു ഭാഷാ അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | 6,7 |
| • പരിസ്ഥിതി ദിനം | • വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയിലൂടെ ആവശ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു. | ജൂൺ 5 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | 6,7 |
| • വായനദിനം | • ഹിന്ദി ക്ലബ്ബ് രൂപീകരണം. | ജൂൺ 19 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | 5,6,7 |
| • ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻകുട്ടികളെ തൽപരരാക്കുന്നു | • ലഹരി വിരുദ്ധ ദിനം,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | 5,6,7 |
| • പ്രേംചന്ദ് ജയന്തി | • പ്രേംചന്ദിനെക്കുറിച്ച് അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തൽപരരാക്കാനും | ജൂലൈ 31 | ഹിന്ദി അധ്യാപകർ | 5, 6, 7 |
| • ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസ്സിലാക്കൽ | • കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | സെപ്റ്റംബർ 14 | ഹിന്ദി അധ്യാപകർ | 5,6,7 |
| • ഗാന്ധിജയന്തി | • സ്കൂൾ പരിസരം വൃത്തിയാക്കുന്നു | ഒക്ടോബർ 2 | ഹിന്ദി അധ്യാപകർ, ക്ലാസ് അധ്യാപകർ,മറ്റു അധ്യാപകർ,പിടിഎ രക്ഷിതാക്കൾ, ഹിന്ദി ക്ലബ്ബ് | |

# മേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പുവരുത്തുന്ന | <u>ഗണിത ശിൽപ്പശാല</u><br>• കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഏണിയും പാമ്പും ….. ഉപയോഗിക്കുന്നു) | ജൂൺമാസം | ഗണിത അധ്യാപകര് | |
| • രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | • ഗണിതശേഷികൾ കൈവരിക്കുന്നതിനായി ക്രിയേറ്റീവ് കോർണറിന്റെ സഹായത്തോടെ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു.<br>• അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.<br>• പ്രദർശനം സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം . | ഗണിത അധ്യാപകർ | |
| • ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ.<br>• ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| • ഗണിതം മധുരമാക്കൽ | <u>ഗണിത പാർക്ക്</u><br>• ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് പാർക്ക് സജ്ജമാക്കൾ . | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പിടിഎ |
| • ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | <u>ഗണിത ഗ്രാമം</u><br>▪ ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താ | വർഷത്തിൽ നാലോ അഞ്ചോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ്ലീഡർമാർ | പിടിഎ |

| | | | | |
|---|---|---|---|---|
| | ല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | | | |
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | <u>ഐടി സാധ്യതകളിലൂടെ</u><br>▪ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| • ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | <u>ഗണിത ക്ലിനിക്ക്</u><br>▪ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. രണ്ടാഴ്ചയിൽ ഒരു പിരീഡ് ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | രണ്ടാഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| • വിവിധ ശേഷികളുടെ വികസനം | <u>ദിനാചരണം</u><br>▪ ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജിയിൽ രൂപപ്പെടുത്തുന്നു.<br>▪ നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

# മേഖല : സാമൂഹ്യശാസ്ത്രം 2025-2026

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങളുടെ ചോദ്യോത്തരവേള സംഘടിപ്പിക്കുന്നു.<br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്കൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ സി റ്റി സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| • പഠിതാക്കളിൽ പൊതു അറിവുകളുടെ (ആനുകാലിക വിഷയങ്ങളുടെ) അവബോധം വർദ്ധിപ്പിക്കുക. വായനാശീലം വളർത്തുക. | • പത്രവാർത്താ ചോദ്യോത്തര പംക്തി (ന്യൂസ് പേപ്പർ ക്വിസ്) പത്രവാർത്താ വായന | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| ▪ ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | • ഗ്രാമസഭ, വാർഡ് സഭ എന്നിവയുടെ സന്ദർശനം<br>• സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | അക്കാദമിക വർഷം (ജൂലൈ) | സ്കൂൾ അധ്യാപകർ | |
| • പഠിതാക്കളിൽ തൊഴിൽ ആഭിമുഖ്യവും സമ്പാദ്യശീലവും വളർത്തുക | • തയ്യൽ, എംബ്രോയ്ഡറി, തലയിണ കവർ, സഞ്ചി, കർട്ടനുകൾ തുടങ്ങിയവയുടെ നിർമ്മാണ പരിശീലനം . | അക്കാദമി വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ▪ ഐ.സി.ടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം<br>▪ ഫീൽഡ് ട്രിപ്പ് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെയും സ്മാരകങ്ങളുടെയും സന്ദർശനം | അക്കാദമിക വർഷം (ഒക്ടോബർ നവംബർ) | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| • വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ▪ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല : അടിസ്ഥാനശാസ്ത്രം 2025-2026

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിരീക്ഷണം, പരീക്ഷണം, സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്നപരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി ഓരോ കുട്ടിയും സ്വായത്തമാക്കുക | • പ്രോജക്ടുകൾ, സെമിനാറുകൾ, ഫീൽഡ് ട്രിപ്പുകൾ<br>• വർക്ക് ഷീറ്റ് തയ്യാറാക്കൽ | ജൂൺ – മാർച്ച് | എസ് ആർ ജി അധ്യാപകർ. | |
| • ശാസ്ത്ര സംബന്ധമായ വസ്തുതകൾ, ആശയങ്ങൾ, തത്വങ്ങൾ, നിയമങ്ങൾ, അനുമാനങ്ങൾ എന്നിവ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, ചർച്ച, സംവാദങ്ങൾ, പ്രോജക്ട് പ്രവർത്തനങ്ങൾ, പഠനയാത്ര തുടങ്ങിയവയിലൂടെ സ്വാഭാവികമായി കുട്ടികളിൽ രൂപപ്പെടുത്തുക | • പഠനയാത്ര – പ്ലാനിറ്റേറിയം<br>• ഫീഡ് ട്രിപ്പ് – എക്കോസിസ്റ്റം<br>• പ്രോജക്ടുകൾ<br>• ശാസ്ത്രനാടകങ്ങൾ | നവംബർ – ഡിസംബർ<br><br>ജൂൺ – മാർച്ച് | എസ് ആർ ജി അധ്യാപകർ. | |
| ▪ നിരീക്ഷണം, വർഗീകരണം, പരീക്ഷണം, രൂപകൽപ്പന ചെയ്യൽ, അളക്കലും രേഖപ്പെടുത്തലുകളും, പ്രശ്നപരിഹരരണത്തിന് ഉതകുന്ന വിധം വിവരങ്ങൾ വിശകലനം ചെയ്യൽ, നിഗ | • സ്കൂൾ ലാബ് ശാക്തീകരണം<br>• ക്ലാസ്തല ശാസ്ത്ര കോർണർ<br>• കുട്ടികൾക്കൊരു ശാസ്ത്ര കിറ്റ് | ജൂൺ – മാർച്ച് | എസ് ആർ ജി അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| മനങ്ങളിൽ എത്തിച്ചേരൽ, പ്രവചനം, ആശയങ്ങളും കണ്ടെത്തലുകളും, വ്യക്തമായും ഫലപ്രദമായും വിനിമയം ചെയ്യൽ, പ്രശ്നപരിഹാര ശേഷി നേടൽ | | | | |
| • ചോദ്യങ്ങൾ ഉന്നയിക്കൽ, യുക്തി ഉപയോഗിച്ചുള്ള പ്രശ്നപരിഹാരം, നിർമ്മിച്ച അറിവുകളെ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ തയ്യാറാക്കൽ എന്നിങ്ങനെയുള്ള കഴിവുകളും ശീലങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുക | • അഭിമുഖം -ഡോക്ടർമാർ, ശാസ്ത്ര രംഗത്തെ പ്രമുഖർ, മൃഗസംരക്ഷകർ, കർഷകർ<br>• പരീക്ഷണ കളരി . | ജൂൺ-മാർച്ച് | എസ് ആർ ജി<br>അധ്യാപകർ<br>ഡോക്ടർമാർ | |
| • കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, ആവാസ വ്യവസ്ഥയുടെ നാശം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവ ലഘൂകരിക്കാൻ ശാസ്ത്രീയമായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സമൂഹത്തിലേക്ക് വിനിമയം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | • വിദഗ്ധരുടെ ക്ലാസുകൾ, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, ആവാസവസ്തു നാശം<br>• സെമിനാറുകൾ | (ഒക്ടോബർ നവംബർ) | എസ് ആർ ജി<br>അധ്യാപകർ<br>വിദഗ്ധർ | |
| • വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം എന്നിവ പാലിക്കാനും ശാരീരിക മാനസിക, സാമൂഹിക ആരോഗ്യം കൈവരിക്കാനും അനുഭവങ്ങൾ നൽകുക | ▪ അഭിമുഖം, സെമിനാറുകൾ<br>▪ രോഗവും രോഗകാരികളും കണ്ടെത്തൽ<br>▪ നാടക്കളരി | ജൂലൈ -ആഗസ്റ്റ് | എസ് ആർ ജി<br>അധ്യാപകർ<br>ഡോക്ടർ<br>പിടിഎ | |
| • ശാസ്ത്രനേട്ടങ്ങളിൽ അഭിമാനം കൊള്ളാനും ശാസ്ത്രത്തിനായി ജീവിതം സമർപ്പിച്ചവരോട് ആദരവ് പ്രകടിപ്പിക്കാനും അവസരമൊരുക്കുക | ▪ ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, കണ്ടുപിടുത്തങ്ങൾ, അതിലേക്കെത്തിച്ച പരീക്ഷണങ്ങൾ ഇവ ഉൾക്കൊള്ളുന്ന പുസ്തക വായന | ജൂൺ - മാർച്ച് | എസ് ആർ ജി<br>അധ്യാപകർ<br>പിടിഎ<br>പുസ്തകങ്ങൾ | |

| മേഖല : അറബിക് 2025-2026 | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
| • ചിഹ്നങ്ങൾ ചേർത്തുള്ള വായന, അക്ഷരം മനസ്സിലാക്കിയുള്ള എഴുത്ത്. | • ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വായനാ കാർഡുകൾ, ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് ആവശ്യമായ പിന്തുണാപ്രവർത്തനങ്ങൾ നൽകി എഴുത്തും വായനയും പരിപോഷിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ടീച്ചർ |
| • പദസമ്പത്ത് വർദ്ധിപ്പിക്കൽ | • ദൈനംദിനം ഉപയോഗിക്കുന്ന പദങ്ങളുടെ അറബി പദങ്ങൾ ശേഖരിക്കൽ, പാഠപുസ്തകത്തിൽ വരുന്ന പുതിയ പദങ്ങൾ ഉൾപ്പെടുത്തി നിഘണ്ടുനിർമ്മാണം | ജൂൺ മുതൽ മാർച്ച് | ടീച്ചർ |
| • വായനാ വസന്തം | • വായനയിൽ താല്പര്യമുണ്ടാക്കുന്നതിന്റെ ഭാഗമായി മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാ മത്സരം നടത്തി വിജയിക്കുന്നവരെ ഉൾപ്പെടുത്തി സ്കൂൾതല മത്സരം നടത്തും. | | |
| • സംഭാഷണം പരിചയപ്പെടൽ | • പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ ഉപയോഗപ്പെടുത്തി സംഭാഷണങ്ങൾ നടത്താൻ അവസരം നൽകുന്നു. സോഷ്യൽ മീഡിയയുടെ സഹായത്തോടെ സംഭാഷണങ്ങൾ കേൾക്കാൻ അവസരം നൽകുന്നു.<br>• അതിലൂടെ സംഭാഷണം നടത്താൻ താല്പര്യം ഉണ്ടാക്കുന്നു. | ജൂൺ മുതൽ മാർച്ച് | |
| • ദിനാചരണം | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ, പ്ലക്കാർഡ്, മാഗസിൻ ക്വിസ്സ് എന്നിവ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് | |
| • അറബിക് അസംബ്ലി | • ആഴ്ചയിലൊരിക്കൽ അറബിക് അസംബ്ലി നടത്തുന്നു. | ജൂൺ മുതൽ മാർച്ച് | |
| • അറബിക് സാഹിത്യോത്സവം | • അറബിക് സാഹിത്യോത്സവ മത്സരങ്ങൾ നടത്തുകയും അതിനുള്ള തയ്യാറെടുപ്പുകൾ അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ചെയ്യും. | ജൂൺ മുതൽ മാർച്ച | |

| മേഖല : സംസ്കൃതം 2025-2026 | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് | |
| • അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | • പതിപ്പുകൾ<br>• ആൽബം നിർമ്മാണം | ജൂൺ മുതൽ മാർച്ച് | പാഠപുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ തുടങ്ങിയവ |
| • കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ സംസ്കൃതപദങ്ങൾ സംസ്കൃതത്തിൽ പഠിക്കുക | • സംസ്കൃത ദിനാചരണം<br>• അസംബ്ലി | | |
| • സർഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരം നൽകുക | • പോസ്റ്റർ നിർമ്മാണം<br>• ചോദ്യോത്തര പയറ്റ് | ജൂൺ മുതൽ മാർച്ച് | |
| • എല്ലാ കുട്ടികളും അർത്ഥം പൂർണമായി ഗ്രഹിക്കുന്നു എന്ന് ഉറപ്പുവരുത്തുക | • കഥ, ഉപന്യാസരചന<br>• അവതരണം | ജൂൺ മുതൽ മാർച്ച് | |
| • ഭാഷാശേഷി വിസിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ നൽകുക | • വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ. | ജൂൺ മുതൽ മാർച്ച് | |

# ഗാന്ധിദർശൻ പ്രവർത്തനങ്ങൾ

# 2025-2026

ജൂൺ രണ്ടാം ആഴ്ച - ക്ലബ്ബ് രൂപീകരണം (വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നു)

നാലാമത്തെ ആഴ്ച (ക്ലബ്ബ് ഉദ്ഘാടനം)

*ഉദ്ഘാടകൻ* : ഗാന്ധിദർശൻ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലാ കൺവീനർ

❖ **ജൂൺ 5 : പരിസ്ഥിതി ദിനം**

പ്രവർത്തനങ്ങൾ : വൃക്ഷത്തൈ നടൽ, മത്സരങ്ങൾ

ഉദ്ഘാടനം : പരിസ്ഥിതി പ്രവർത്തകൻ

❖ **ജൂൺ 14 : രക്തദാന ദിനം**

പ്രവർത്തനങ്ങൾ : രക്തദാന ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്

ഉദ്ഘാടനം : പഞ്ചായത്ത് പ്രസിഡന്റ്

❖ **ജൂൺ 12 ബാലവേല വിരുദ്ധ ദിനം**

പ്രവർത്തനങ്ങൾ : ബോധവൽക്കരണ പ്രവർത്തനങ്ങൾ

- <u>ജൂൺ 26 ലഹരി വിരുദ്ധ ദിനം</u>

  പ്രവർത്തനങ്ങൾ : പോസ്റ്റർ രചന, പ്രസംഗ മത്സരം , ബോധവൽക്കരണ ക്ലാസ്

  ഉദ്ഘാടനം : വാമനപുരം എക്സൈസ് ഓഫീസർ

- <u>ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനം</u>

  പ്രവർത്തനങ്ങൾ : പ്രകൃതി സംരക്ഷണ പ്രതിജ്ഞ, പ്ലാസ്റ്റിക് ബോധവൽക്കരണ ക്ലാസ്

  ഉദ്ഘാടനം : വാർഡ് മെമ്പർ

- <u>ആഗസ്റ്റ് 6, 9 ഹിരോഷിമ നാഗസാക്കി ദിനം</u>

  പ്രവർത്തനങ്ങൾ : യുദ്ധവിരുദ്ധ റാലി, യുദ്ധവിരുദ്ധ ഗാനാലാപനം

  ഉദ്ഘാടനം : വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ

- ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാദിനം

  പ്രവർത്തനങ്ങൾ : കുട്ടികൾക്ക് വിവിധ മത്സരങ്ങൾ

- <u>ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം</u>

  പ്രവർത്തനങ്ങൾ : റാലി, വിവിധ മത്സരങ്ങൾ, പ്രതിജ്ഞ

  ഉദ്ഘാടനം : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

❖ <u>ആഗസ്റ്റ് - കർഷകദിനം</u>

പ്രവർത്തനങ്ങൾ : കർഷകരെ ആദരിക്കൽ, കാർഷികവിള പ്രദർശനം,
കുട്ടികൾ കർഷകരായി വേഷം ധരിക്കൽ
വീടുകളിൽ ജൈവ പച്ചക്കറി തോട്ടം നിർമ്മിക്കൽ

❖ <u>സെപ്റ്റംബർ 5 അധ്യാപക ദിനം</u>

പ്രവർത്തനങ്ങൾ : അധ്യാപകരെ ആദരിക്കൽ,

കുട്ടികൾ അധ്യാപകരായി ക്ലാസ് എടുക്കൽ

സെപ്റ്റംബർ രണ്ടാമത്തെ ആഴ്ച ലോഷൻ നിർമ്മാണം, സോപ്പ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം

❖ <u>സെപ്റ്റംബർ 16 ഓസോൺ ദിനം</u>

പ്രവർത്തനങ്ങൾ : പോസ്റ്റർ രചന, പ്രസംഗം

❖ <u>ഒക്ടോബർ 2 ഗാന്ധിജയന്തി</u>

പ്രവർത്തനങ്ങൾ : ഗാന്ധി കലോത്സവം, ശുചീകരണ പ്രവർത്തനം,

അനുസ്മരണ പ്രഭാഷണം, കയ്യെഴുത്തു മാസിക പ്രകാശനം.

ഉദ്ഘാടനം : എംഎൽഎ

❖ <u>നവംബർ 14 ശിശുദിനം</u>

പ്രവർത്തനങ്ങൾ : ശിശുദിന റാലി, ചാച്ചാജി വേഷപ്പകർച്ച, ശിശുദിന സമ്മേളനം

❖ <u>ഡിസംബർ 3 ഭിന്നശേഷി ദിനം</u>

പ്രവർത്തനങ്ങൾ : ഭിന്നശേഷിക്കാരായ വ്യക്തികളെ ആദരിക്കൽ

❖ <u>ജനുവരി 26 റിപ്പബ്ലിക് ദിനം</u>

പ്രവർത്തനങ്ങൾ : റിപ്പബ്ലിക് ദിനം, വിവിധ മത്സരങ്ങൾ

ഉദ്ഘാടനം : ബ്ലോക്ക് മെമ്പർ

❖ <u>ജനുവരി 30 രക്തസാക്ഷിത്വ ദിനം</u>

പ്രവർത്തനങ്ങൾ : ഗാന്ധിഗാനാലാപനം, മെഗാ ക്വിസ്, പ്രതിജ്ഞ, മൗനാചരണം, ഗാന്ധി ആൽബം പ്രകാശനം

ഉദ്ഘാടനം : ഡയറക്ടർ രംഗപ്രഭാത്

# ENGLISH CORNER

കുട്ടികളുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന സ്ഥലം **English dictionary, short stories, poems, Reading cards** എന്നിവ ഇവിടെ ഉൾപ്പെടുത്താം

## Reading competition (June)

വായനാദിനത്തോടനുബന്ധിച്ച് **reading competition** നടത്താം

## Poster making (June)

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് **5, 6, 7** ക്ലാസുകളിലെ കുട്ടികൾക്ക് പോസ്റ്റർ രചനാ മത്സരം ന ടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.

## English Assembly. [Once in a month]

**English** ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി മാസത്തിലൊരിക്കൽ **English assembly** നടത്താൻ തീരുമാനിച്ചു.

## News Reading

**English pronunciation** ഉറപ്പാക്കുന്നതിനും **Vocabulary enhancement** നും **English news Reading** നടത്തുന്നു.

## Speech competition

ഹിരോഷിമ, നാഗസാക്കി ദിനത്തോടനുബന്ധിച്ച് **speech competition**

## Role play

അധ്യാപക ദിനത്തോടനുബന്ധിച്ച് **Roleplay**

## Essay competition

**Essay writing competition on, Jawaharlal Nehru related to Children's Day**

## Puppet show

**UP** ക്ലാസിൽ പാഠപുസ്തകത്തെ അടിസ്ഥാനമാക്കി ജനുവരി മാസത്തിൽ **Puppet show** നടത്തുന്നു

## Spell bee competition

എല്ലാ മാസവും **spell bee competition** നടത്താൻ തീരുമാനിച്ചു.

# മലയാളം ക്ലബ്ബ് യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സർഗാത്മകശേഷി വികസിപ്പിക്കൽ | ▪ ലൈബ്രറിയിൽ നിന്നും പാഠപുസ്തകങ്ങൾ പ്രയോജനപ്പെടുത്തി വായനാക്കുറിപ്പ് തയ്യാറാക്കൽ അസംബ്ലിയിൽ അവതരണം<br>▪ സർഗ്ഗവാസനയുള്ള കുട്ടികളെ കണ്ടെത്തി ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>▪ അവരുടെ സൃഷ്ടികൾ ചേർത്ത് കൈപുസ്തകം തയ്യാറാക്കൽ | അക്കാദമിക വർഷാരംഭം – ജൂൺ | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ |
| എല്ലാ കുട്ടിക്കും എഴുത്തും വായനയും അറിയുക | ▪ എഴുത്തും വായനയും അറിയിക്കാത്ത കുട്ടികളെ കണ്ടെത്തി പിന്തുണ ക്ലാസുകൾ സംഘടിപ്പിക്കൽ. | **ജൂൺ - മാർച്ച്** | മലയാളം അധ്യാപകർ |

# അറബിക് ക്ലബ്ബ്

**അറബിക് ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിനും ഭാഷ പരിചയപ്പെടുന്നതിനുമായി ജൂൺ മാസത്തിൽ തന്നെ അറബിക് ക്ലാസ്സ് രൂപീകരിക്കുന്നു.**

## <u>അറബിക് ക്ലബ് പ്രവർത്തനങ്ങൾ</u>

1. **അറബിക് അക്ഷരമാല പഠനം**
2. **അറബിക് സംഭാഷണ പരിശീലനം**
3. **അറബിക് മാഗസിൻ**
4. **ദിനാചരണങ്ങളോടനുബന്ധിച്ചുള്ള പോസ്റ്റർ രചനാമത്സരങ്ങൾ, പ്രദർശനം**
5. **ഡിസംബർ 18 അറബിക് ഭാഷ ദിനാഘോഷം**

6. അറബിക് ആശംസാകാർഡ് നിർമ്മാണം

7. അറബിക് കലോത്സവം

8. അറബിക് ക്വിസ് മത്സരങ്ങൾ

9. ഐസിടി സാധ്യത ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ

10. അറബിക് അസംബ്ലി

## പരിസ്ഥിതി ക്ലബ്ബ് യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ▪ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം<br>▪ പരിസ്ഥിതിയുമായി ബന്ധപ്പെടുന്ന രചനകൾ വികസിപ്പിക്കുവാനുള്ള അവസരം നൽകുക<br>▪ പരിസ്ഥിതി ശുചീകരണം പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണം<br>▪ പരിസ്ഥിതി സൗഹാർദ്ദ വസ്തുക്കളുടെ ഉപയോഗം ശീലമാക്കൽ<br>▪ പ്രകൃതിയെ അടുത്തറിയുന്നതിനും മാനസികോല്ലാസത്തിനുമുള്ള അവസരം ഒരുക്കൽ | ▪ പരിസ്ഥിതി ദിനാചരണം<br>▪ പരിസ്ഥിതി ഗാനം<br>▪ പരിസ്ഥിതി സംരക്ഷണ ചിത്രരചന<br>▪ പ്രശംസ, തുടങ്ങിയവ<br>▪ പെൻബൂത്ത് (കളക്ട് ചെയ്ത് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നു)<br>▪ തുണിസഞ്ചി നിർമ്മാണം/ വിപണനം<br>▪ ഫീൽഡ് ട്രിപ്പ് | ജൂൺ 5<br><br>ജൂൺ – മാർച്ച്<br><br>ഡിസംബർ. | |

| സംസ്കൃതം ക്ലബ്ബ് യു പി | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
| ▪ സംസ്കൃതം ലൈബ്രറി | ▪ സംസ്കൃത ഗ്രന്ഥങ്ങൾ,<br>▪ ബാലകഥകൾ<br>▪ ബാലകവിതകൾ<br>▪ ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം | | |
| ▪ സംസ്കൃത ദിനാചരണം | ▪ സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ | | |
| ▪ സംസ്കൃത അസംബ്ലി | ▪ വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കൽ | | |
| ▪ സംസ്കൃത ഭാഷണ ശിബിരം | ▪ സംഭാഷണ പാടവം മെച്ചപ്പെടുത്തുന്നതിനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ | | |
| ▪ പഠനയാത്രകൾ സംഘടിപ്പിക്കൽ | ▪ സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ | | |
| ▪ വിവിധ മത്സരങ്ങൾ | ▪ കഥാരചന, കവിതാ രചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ | | |
| ▪ മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | ▪ സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ്, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേകം പരിശീലനം നൽകൽ | | |
| ▪ കലോൽസവം | ▪ സംസ്കൃതം കലോത്സവത്തിനായുള്ള പരിശീലനങ്ങൾ നൽകൽ | | |

# സയൻസ് ക്ലബ്ബ് യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ▪ മുന്നൊരുക്കം | ▪ ജൂൺ മാസത്തിൽ 50 കുട്ടികളെ കണ്ടെത്തി ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു. അതിൽ നിന്നും ലീഡർമാരെ തെരഞ്ഞെടുക്കുന്നു. ഓരോ ക്ലാസിനും പ്രവർത്തനങ്ങൾ ചെയ്യാനുള്ള അവസരം നൽകുന്നു. | | |
| ▪ സയൻസ് ക്വിസ് | ▪ ബുള്ളറ്റിൻ ബോർഡിൽ എല്ലാ ദിവസവും സയൻസുമായി ബന്ധപ്പെട്ട 5 ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കുന്നു. എല്ലാ കുട്ടികളും അത് വായിക്കുകയും നോട്ട്ബുക്കിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. ഈ ചോദ്യങ്ങളെല്ലാം ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിച്ച് വിജയികളാകുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു. | | |
| ▪ ശാസ്ത്ര പത്രം | ▪ ഓരോ മാസവും ശാസ്ത്രവുമായി ബന്ധപ്പെട്ട് പത്രത്തിൽ വരുന്ന വാർത്തകൾ ശേഖരിച്ച് അവ ചാർട്ടിൽ ഒട്ടിച്ച് ഓരോ മാസവും ഓരോ ശാസ്ത്രപത്രം പ്രസിദ്ധീകരിക്കുന്നു. | | |
| ▪ ശാസ്ത്രമൂല | ▪ ഓരോ ക്ലാസ് മുറിയിലും ഒരു ശാസ്ത്രമൂല ഒരുക്കുന്നു. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികളുടെ നിർമിതികൾ ശാസ്ത്രവുമായി ബന്ധപ്പെട്ട് ആവശ്യം വേണ്ട ഉപകരണങ്ങൾ ശാസ്ത്രമായി ബന്ധപ്പെട്ട പുസ്തകങ്ങൾ അവിടെ പ്രദർശിപ്പിക്കുന്നു. | | |

## ദിനാചരണങ്ങൾ

| | | |
|---|---|---|
| 1. ജൂൺ –5 | ▪ പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടീൽ |
| 2. ജൂൺ –21 | ▪ യോഗ ദിനം | യോഗ പരിശീലനം |
| 3. ജൂൺ –26 | ▪ ലഹരി വിരുദ്ധ ദിനം | ബോധവൽക്കരണ ക്ലാസ് |
| 4. ജൂലൈ –1 | ▪ ഡോക്ടേഴ്സ് ദിനം | ഡോക്ടറുമായി അഭിമുഖം |

| | | |
|---|---|---|
| 5. ആഗസ്റ്റ് –12 | ▪ വിക്രം സാരാഭായ് ജയന്തി | |
| 6. സെപ്റ്റംബർ –16 | ▪ ലോകം ഓസോൺ ദിനം | |
| 7. നവംബർ – 12 | ▪ ദേശീയ പക്ഷി നിരീക്ഷണ ദിനം | നിരീക്ഷിക്കുന്ന കുറിപ്പ് തയ്യാറാക്കൽ<br>ക്വിസ്<br>പക്ഷി പതിപ്പ്<br>ആൽബം |
| 8. ഡിസംബർ –1 | ▪ ലോക എയ്ഡ്സ് ദിനം | ബോധവൽക്കരണ ക്ലാസ്<br>പോസ്റ്റർ രചന |
| 9. ഡിസംബർ –25 | ▪ ഐസക്ന്യൂട്ടൻ ജന്മദിനം | പ്രദർശനം |
| 10. ജനുവരി 3 | ▪ ഗലീലിയോ ദിനം | ചിത്രപ്രദർശനം |
| 11. ജനുവരി 30 | ▪ ലോകകുഷ്ഠരോഗ നിർമ്മാർജ്ജന ദിനം | സെമിനാർ |
| 12. ഫെബ്രുവരി 28 | ▪ ദേശീയ ശാസ്ത്ര ദിനം | ശാസ്ത്ര ദിനം പതിപ്പ് |
| 13. മാർച്ച് 14 | ▪ ഐൻസ്റ്റീൻ ജന്മദിനം | ചിത്രപ്രദർശനം |
| 14. മാർച്ച് 21 | ▪ ലോക വനദിനം | വനവൽക്കരണം സെമിനാർ |
| 15. മാർച്ച് 22 | ▪ ലോകജലദിനം | |

# പ്രവൃത്തി പരിചയ ക്ലബ്ബ്

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനോടൊപ്പം അവരെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തി പരിചയ ക്ലബ്ബുകൾ സ്കൂളുകളിൽ നടത്തിവരുന്നത്.

നമ്മുടെ സ്കൂളിലെ പ്രവൃത്തി പരിചയ ക്ലബ്ബ് പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. 2025 –2026 അധ്യയനവർഷവും ചുറ്റുപാടുകളിൽ നിന്ന് ലഭിക്കുന്നതും ഉപയോഗശൂന്യവുമായ നിരവധി വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് അലങ്കാരവസ്തുക്കൾ, ആഭരണങ്ങൾ, ചവിട്ടുമെത്ത, പനയോല ഉൽപ്പന്നങ്ങൾ, ഫാബ്രിക് ഡിസൈനിങ്, കുട നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, ചോക്ക് നിർമ്മാണം, ബുക്ക് ബൈൻഡിങ് തുടങ്ങിയ വിവിധ മേഖലകളിൽ നമ്മുടെ കുട്ടികൾക്ക് പരിശീലനം ആസൂത്രണം ചെയ്യുന്നുണ്ട്.

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഈ ക്ലബ്ബിൽ അംഗങ്ങളാകാൻ അവസരമുണ്ട്. എല്ലാ കുട്ടികൾക്കും ജൂലൈ മാസം ആദ്യവാരം മുതൽ താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകുവാൻ ലക്ഷ്യമിടുന്നു. അതിന്റെ ഭാഗമായി എല്ലാ അധ്യാപകർക്കും ഒരു മേഖല ചുമതലയായി നൽകിക്കൊണ്ട് പരിശീലനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

തുടർന്നു ഓഗസ്റ്റ് മാസം ആദ്യവാരം സ്കൂൾതലമേളകൾ സംഘടിപ്പിക്കുകയും മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനങ്ങൾ നൽകി സബ് ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ്.

മുൻവർഷങ്ങളിലേതു പോലെ 2025-26 അധ്യയന വർഷവും ആറ്റിങ്ങൽ സബ്ജില്ലാതല ശാസ്ത്രമേളയിൽ വെഞ്ഞാറമൂട് ഗവൺമെന്റ് യു പി എസിലെ കുഞ്ഞു പ്രതിഭകൾക്ക് കരവിരുതിന്റെ കൗതുകങ്ങൾ വിരിയിച്ചു മാറ്റുരയ്ക്കാൻ കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു..........

അടുത്ത അധ്യയന വർഷവും ശാസ്ത്രോത്സവത്തിലെ പ്രവർത്തിപരിചയമേളയിൽ ഓവറോൾ ഒന്നാം സ്ഥാനം ഗവൺമെന്റ് യു പി എസിന് സ്വന്തം .......... അതാണ് നമ്മുടെ ലക്ഷ്യം.

അങ്ങനെ പാഴ്വസ്തുക്കളുടെ പുനരുപയോഗ സാധ്യത മനസ്സിലാക്കി കൊടുക്കുന്നതിനോടൊപ്പം തന്നെ കുട്ടികളിൽ തൊഴിലിന്റെ മഹത്വം എത്രത്തോളമാണെന്ന് ബോധ്യപ്പെടുത്താനും ഈ പരിശീലനം കൊണ്ട് സാധ്യമാകട്ടെ !!!

# L. S. S.

## ലക്ഷ്യങ്ങൾ

1. 2025-26 അധ്യയന വർഷത്തിൽ നാലം ക്ലാസ്സിലെ  എല്ലാ വിദ്യാർത്ഥികളെയും എൽ. എസ്. എസ്. പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന്.

2. പഠന നേട്ടങ്ങൾ അവയുടെ ഉന്നത നിലവാരത്തിൽ എല്ലാ കുട്ടികളിലും ഉറപ്പിക്കുന്നതിന്.

3. നിരന്തരവും സമഗ്രവുമായ അക്കാദമിക പ്രവർത്തനങ്ങളിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളിലും എത്തിക്കുന്നതിന്.

4. വെഞ്ഞാറമൂട് യു. പി. എസ്-നെ സമ്പൂർണ്ണ എൽ. എസ്. എസ്. വിജയം കരസ്ഥമാക്കിയ സ്കൂളായി മാറ്റുന്നതിന്.

## *പ്രവർത്തന ക്രമം*

- സ്കീം ഓഫ് വർക്ക് അനുസരിച്ച് ഓരോ വിഷയത്തിലും ഓരോ മാസവും വിനിമയം ചെയ്യേ     യൂണിറ്റുകളുടെ സമഗ്രാസൂത്രണം നടത്തുന്നു.
- ഓരോ പഠന നേട്ടത്തിന്റെയും ഉന്നത നിലവാരത്തിലുള്ള ശേഷികൾ കണ്ടെത്തുന്നു.
- വിവിധ പഠന തന്ത്രങ്ങളിലൂടെ ഓരോ പഠന നേട്ടവും ഉറപ്പിക്കുന്നു.
- ഓരോ യൂണിറ്റിനൊപ്പവും എൽ എസ് എസ് നിലവാരത്തിലുള്ള ചോദ്യോത്തരങ്ങൾ കണ്ടെത്തി സാധാരണ ക്ലാസിനൊപ്പം  തന്നെ പരിശീലിപ്പിക്കുന്നു
- യൂണിറ്റ് ടെസ്റ്റ്,  പാഠപുസ്തകം, ക്വിസ് എന്നിവ ഓരോ യൂണിറ്റ്   അവസാനിക്കുമ്പോഴും നടത്തുന്നു
- പഠന പിന്നാക്കക്കാരെ കണ്ടെത്തി അവർക്ക് കൂടുതൽ പരിഹാരബോധന പ്രവർത്തനങ്ങൾ നൽകുന്നു
- പൊതുവിജ്ഞാനത്തിൽ പ്രാവീണ്യം നേടുന്നതിനായി പത്ര ക്വിസ്,  ആനുകാലികം ക്വിസ്, പൊതുവിജ്ഞാന ക്വിസ് എന്നിവ എല്ലാമാസവും സംഘടിപ്പിക്കുന്നു

- ഓരോ മാസവും ക്ലാസ് പി.ടി.എ. സംഘടിപ്പിക്കുന്നു. ഓരോ യൂണിറ്റിലും വിനിമയം ചെയ്യേ പഠന നേട്ടങ്ങൾ രക്ഷകർത്താക്കളെ പരിചയപ്പെടുത്തുന്നു. പഠനബോധന പ്രക്രിയയിൽ രക്ഷകർത്താക്കളുടെ പൂർണ്ണപങ്കാളിത്തവും ഉറപ്പിക്കുന്നു.
- ക്ലാസ് തല വാട്സാപ്പ് കൂട്ടായ്മകളിൽ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട എൽ എസ് എസ് പ്രതീക്ഷിത ചോദ്യങ്ങൾ പങ്കുവയ്ക്കുന്നു.
- പരമാവധി മാതൃകാ പരീക്ഷകൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്നു അതുവഴി ചോദ്യോത്തരം മാതൃകകൾ പരിചയപ്പെടാനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും കഴിയുന്നു.

# U. S. S സ്കോളർഷിപ്പ് പരീക്ഷ 2025-26

അപ്പർ പ്രൈമറി വിദ്യാർത്ഥികളിലെ പ്രതിഭാധനരെ കണ്ടെത്താൻ കേരള പൊതു വിദ്യാഭ്യാസ വകുപ്പ് വർഷങ്ങളായി നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പരീക്ഷയാണ് അപ്പർ സെക്കൻഡറി സ്കോളർഷിപ്പ് അഥവാ യു. എസ്. എസ്. (U. S. S.). യു. പി.-യിൽ കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങളെ ഏറ്റവും ഉന്നത നിലവാരത്തിൽ നേടുന്ന കുട്ടികൾക്കാണ് യു. എസ്. എസ് അംഗമാകാൻ കഴിയുന്നത്. കുട്ടികളിൽ ആരോഗ്യകരമായ വിധം മത്സരബുദ്ധി വളർത്തുന്നതിനും അതിലുപരി ആത്മവിശ്വാസം നേടുന്നതിലും യുഎസ്എസ് പരീക്ഷ സഹായകമാകുന്നു. ഏത് പരീക്ഷയെയും നിർഭയമായും ആത്മവിശ്വാസത്തോടെയും നേരിടുന്നതിന് സ്കോളർഷിപ്പ് നേടുന്നതിലൂടെ കുട്ടിയെ പ്രാപ്തനാക്കുന്നു. സ്കോളർഷിപ്പ് നേടിയ കുട്ടികളിൽ നിശ്ചിത ശതമാനത്തിനു മുകളിൽ മാർക്ക് നേടുന്ന മിടുക്കരായ കുട്ടികളെ Gifted Student ആയി തിരഞ്ഞെടുക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുവാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2025-26 അധ്യായന വർഷത്തിൽ യു. എസ്. എസ്. വിജയശതമാനം ഉയർത്തുക എന്നതിനൊപ്പം തന്നെ ഗിഫ്റ്റഡ് സ്റ്റുഡന്റ് കാറ്റഗറിയിലേക്ക് ഉയരാൻ കഴിയുന്ന തരത്തിൽ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ മാസം മുതൽ പരിശീലനം ആരംഭിക്കുന്നു.

## ലക്ഷ്യങ്ങൾ

- 2024-25 ഏഴാം ക്ലാസിൽ എത്തിയ പരമാവധി വിദ്യാർത്ഥികളെയും യുഎസ്എസ് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നു.
- യുഎസ്എസ് വിജയശതമാനം ഉയർത്തുന്നതിന്.
- നിരന്തരവും സമഗ്രവുമായ പരിശീലനത്തിലൂടെയും മൂല്യനിർണയത്തിലൂടെയും കുട്ടികളിൽ ആത്മവിശ്വാസം ഉയർത്തുന്നതിന്.

- കുട്ടികളെ ഗിഫ്റ്റഡ് സ്റ്റുഡന്റ് വിഭാഗത്തിലേക്ക് ഉയർത്തുവാൻ വേ     പരിശീലനം ലഭ്യമാക്കുന്നതിന്.

## ***സമയക്രമം***

- 2025 ജൂൺ മുതൽ ഡിസംബർ വരെ പഠന പ്രവർത്തനങ്ങളോടൊപ്പം.
- 2025 ജനുവരി മുതൽ പരീക്ഷ വരെ പ്രവർത്തി ദിനങ്ങളിൽ ഒരു മണിക്കൂർ അധിക സമയവും ശനിയാഴ്ചകളിൽ പ്രത്യേക ക്ലാസ്സുകളും.

## ***പ്രവർത്തന ക്രമം***

- ഓരോ വിഷയത്തിലും അതത് മാസത്തിൽ വിനിമയം ചെയ്യപ്പെടേ     യൂണിറ്റുകളുടെ സമഗ്രമായ ആസൂത്രണം നടത്തുന്നു.
- വിവിധ പഠന പ്രവർത്തനങ്ങളിലൂടെ പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നു.
- ഓരോ യൂണിറ്റ് അവസാനിക്കുമ്പോഴും ടെസ്റ്റുകൾ നടത്തി കുട്ടി അത് എത്രത്തോളം നേടിയെന്ന് പരിശോധിക്കുന്നു.
- ജൂൺ പകുതിയോടുകൂടി തന്നെ യു.എസ്. എസ് പരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നു.
- തുടക്കത്തിൽ ഒരു വിഷയത്തിന് ആഴ്ചയിൽ ഒരു ക്ലാസ് നീക്കി വയ്ക്കണം.
- കുട്ടികൾ യു.എസ്.എസ്സുമായി ബന്ധപ്പെട്ട നോട്ടുകൾ എഴുതാൻ ഒരു ബുക്ക് കരുതണം
- ഓരോ മാസം അവസാനം എല്ലാ വിഷയങ്ങളുമായി ബന്ധപ്പരെട്ട് പരീക്ഷ നടത്തും
- ഡിസംബർ മാസം വരെ ഈ രീതി തുടരും.

- എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് നേടിയ കുട്ടികൾക്ക് മാത്രമേ യു. എസ്. എസിൽ പങ്കെടുക്കാൻ കഴിയൂ എന്ന ധാരണ കുട്ടികളിലും രക്ഷിതാക്കളിലും ഉ  ാക്കാൻ എല്ലാ അധ്യാപകർക്കും കഴിയണം
- ജനുവരി മുതൽ പ്രത്യേക ടൈംടേബിൾ പ്രകാരം ആയിരിക്കും ക്ലാസ്സുകൾ നൽകുക.
- ഡിസംബർ മാസത്തിൽ ഒ.എം.ആർ രീതിയിലുള്ള പരീക്ഷ നടത്തും
- കുട്ടികളുടെ രക്ഷിതാക്കളുടെ മീറ്റിംഗ് ജനുവരി ആദ്യവാരത്തിൽ വിളിക്കും
- ഗണിതശാസ്ത്രം, അടിസ്ഥാനശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ക്ലാസ്സുകൾ ഏർപ്പെടുത്തും.
- പരീക്ഷയെ കുറിച്ചുള്ള അമിതമായ ആശങ്കമൂലം രക്ഷിതാക്കളിലും കുട്ടികളിലും ഉ  ാകുന്ന സമ്മർദ്ദം ഇല്ലാതാക്കുവാനും പരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടുന്നതിനും ഉള്ള മോട്ടിവേഷൻ ക്ലാസുകൾ നൽകുന്നതാണ്.
- ഓരോ കുട്ടിക്കും തന്റെ പഠനം വിലയിരുത്തുന്നതിനായി കൃത്യമായ മോഡൽ പരീക്ഷകൾ ഡിസംബർ മാസം മുതൽ നടത്തുന്നു. ഇതിലൂടെ കുട്ടിക്ക് സ്വയം മെച്ചപ്പെടാനുള്ള അവസരം ഉ  ാകുന്നു.

# കായിക പ്രവർത്തനങ്ങൾ

## ആമുഖം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ കായിക വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികാസത്തിന് കായിക വിദ്യാഭ്യാസം അനിവാര്യമാണ്.

## പ്രവർത്തന പദ്ധതികൾ

- അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുന്നു.
- താല്പര്യമുള്ള കായിക ഇനങ്ങൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു. (ഓട്ടം, ചാട്ടം, നീന്തൽ, ഫുട്ബോൾ, കരാട്ടെ, ചെസ്സ്, ലോങ്ജമ്പ്, ഹൈജമ്പ് തുടങ്ങിയവ)
- ഒരേ ഇനം കിട്ടിയ കുട്ടികളെ ഗ്രൂപ്പ് തിരിക്കൽ
- നിശ്ചിത മേഖലയിൽ വിദഗ്ധരുടെ സഹായത്തോടെ പരിശീലനം നൽകൽ
- എല്ലാ ദിവസങ്ങളിലും (രാവിലെ /വൈകുന്നേരം) പി.ടി പീരീഡുകളിലും കൃത്യമായ പരിശീലനം നൽകൽ
- ആഴ്ചയിൽ ഒരിക്കൽ യോഗ ക്ലാസ്, കരാട്ടെ ക്ലാസ്, ഇവയിൽ ഏതെങ്കിലും ഒരെണ്ണം ട്രെയിനിങ് അധ്യാപകന്റെ കീഴിൽ പരിശീലിപ്പിക്കും
- ആഴ്ചയിൽ ഒരിക്കൽ എല്ലാ കുട്ടികൾക്കും ഏറോബിക്സ്, സൂംബ എന്നിവ ഉൾപ്പെടുന്ന ആക്ടിവിറ്റീസ് ട്രെയിനറുടെ സഹായത്തോടെ ലഭ്യമാക്കുക.

# മത്സരയിനങ്ങൾ

## യു.പി. തലം

- ❖ നിശ്ചല മാതൃകകൾ
- ❖ പ്രവർത്തന മാതൃകകൾ
- ❖ പ്രസംഗം
- ❖ ക്വിസ്

സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ, അധ്യാപകർ, എച്ച്.എം എന്നിവരുടെ നേതൃത്വത്തിൽ മത്സരങ്ങൾ നടത്താനും മൂല്യനിർണയം നടത്താനുമുള്ള നടപടികൾ സ്വീകരിക്കും.

മത്സരത്തിനുശേഷം ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനവും വിതരണം ചെയ്യാനുള്ള ക്രമീകരണം നടത്തും. (സ്കൂൾ അസംബ്ലിയിൽ) ഉപജില്ലാ തലത്തിലേക്ക് യോഗ്യത നേടുന്ന കുട്ടികൾക്ക് തുടർ പരിശീലനം നൽകും.

## ഗ്രേഡ് നൽകുന്ന വിധം

**80% - 100%** – എ ഗ്രേഡ്

**70% - 79%** – ബി ഗ്രേഡ്

**60% - 69%** – സി ഗ്രേഡ്

**60%** ത്തിന് താഴെയുള്ള സ്കോർ ഗ്രേഡ് ചെയ്യുന്നതല്ല. ഗ്രൂപ്പായി പങ്കെടുക്കാം. കുട്ടികൾ മത്സരങ്ങളിൽ ഏതെങ്കിലും ഒരിനത്തിലും കൂടാതെ ക്വിസ് മത്സരത്തിലും പങ്കെടുക്കാം.

ശാസ്ത്രമേളകൾ പൂർണ്ണമായും ഹരിത പെരുമാറ്റച്ചട്ടത്തിന് വിധേയമായിരിക്കും

## കായിക പ്രവർത്തനങ്ങൾ

## എൽ.പി. തലം

### ഒന്ന്, രണ്ട്, ക്ലാസ്സ് ഇനങ്ങൾ

- 50 മീറ്റർ ഓട്ടം - ബോയ്സ്, ഗേൾസ്
- 100 മീറ്റർ ഓട്ടം - ബോയ്സ്, ഗേൾസ്
- 4*100 മീറ്റർ റിലെ - ബോയ്സ്, ഗേൾസ്
- സ്റ്റാൻഡ് ഇൻ ബോർഡ് ജമ്പ് – ബോയ്സ്, ഗേൾസ്

### മൂന്ന്, നാല് ക്ലാസ് ഇനങ്ങൾ

- 100 മീറ്റർ ഓട്ടം - ആൺകുട്ടികൾ, പെൺകുട്ടികൾ
- 200 മീറ്റർ ഓട്ടം - ആൺകുട്ടികൾ, പെൺകുട്ടികൾ
- ലോങ്ങ് ജമ്പ് - ബോയ്സ്, ഗേൾസ്

## യു.പി.തലം

- 100 മീറ്റർ ഓട്ടം
- 200 മീറ്റർ ഓട്ടം
- 400 മീറ്റർ ഓട്ടം
- 4*100 മീറ്റർ റിലേ
- ഹൈജമ്പ്
- ലോങ്ങ് ജമ്പ്
- ഷോട്ട് പുട്ട്

- പ്രഥമ ശുശ്രൂഷയെക്കുറിച്ച് ഒരു ബോധവൽക്കരണ ക്ലാസ് വിദഗ്ധരുടെ സഹായത്തോടെ സ്കൂളിൽ നടപ്പാക്കുക.
- സ്കൂൾ കായികമേള സംഘടിപ്പിക്കൽ
- മികവ് പുലർത്തുന്നവരെ സബ്ജില്ല, ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ
- കായിക ശില്പശാല സംഘടിപ്പിക്കൽ
- ബി. ആർ. സി അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുക
- കായിക ദിനത്തിൽ പ്രാദേശിക പ്രതിഭകളെ ആദരിക്കുകയും കായിക ക്വിസ്, കായിക വിദ്യാഭ്യാസ സെമിനാർ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.

- **പി. ടി. പീരീഡ് പരമാവധി പ്രയോജനപ്പെടുത്തുക. പരമാവധി ആക്ടിവിറ്റീസ് ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കൽ.**
- **സ്കൂൾതലങ്ങളിൽ വിജയിക്കുന്ന കുട്ടികൾക്ക് വലിയ ഗ്രൗണ്ടുകളുള്ള സമീപം സ്കൂളുകളിൽ കൊണ്ടുപോയി പരിശീലനം നൽകൽ. (സ്കൂൾ ഗ്രൗണ്ടിന്റെ അഭാവമുള്ളതിനാൽ)**
- **ചെസ്സ്, നീന്തൽ, കരാട്ടെ തുടങ്ങിയ വിവിധ ഇനങ്ങൾ പരിശീലിപ്പിക്കൽ**
- **പരിശീലന പുരോഗതി വിലയിരുത്തൽ**
- **കായിക ഉപകരണം ലഭ്യമാക്കൽ**

# വിദ്യാരംഗം കലാസാഹിത്യ വേദി

## ജൂൺ – വിദ്യാരംഗം ക്ലബ്ബ് രൂപീകരണം

ക്ലാസ്സുതലത്തിൽ നിന്ന് തെരഞ്ഞെടുത്ത അഞ്ച് കുട്ടികളെ വീതം ഉൾപ്പെടുത്തി വിദ്യാരംഗം ക്ലബ്ബ് രൂപീകരിക്കുന്നു.

## ജൂൺ 19 വായനോത്സവം

- ലൈബ്രറി നവീകരണം
- ക്ലാസ്സ് ലൈബ്രറി
- വായനപ്പതിപ്പുകൾ

## റഫറൻസ് കോർണർ സജ്ജീകരിക്കൽ

- പുസ്തക പ്രദർശനം

## ദിനാചരണങ്ങൾ

ഓരോ മാസത്തെയും ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. (സാഹിത്യകാരന്മാരുമായി ബന്ധപ്പെ ദിനങ്ങൾ)

## കൈയ്യെഴുത്ത് മാസിക

## രചനാ ശില്പശാലകൾ

- സ്വതന്ത്ര രചനക്ക് അവസരം ഒരുക്കൽ
- എഡിറ്റിംഗ് – സൂക്ഷ്മതലങ്ങൾ പരിചയപ്പെടൽ
- ജനുവരി മാസം – പ്രകാശനം

**ഓഡിയോ മാഗസിൻ :** റേഡിയോ ക്ലബ്ബുമായി ചേർന്നു കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ – അവതരണം

**പുസ്തകപ്രദർശനം** : ദിനാചരണങ്ങളോടനുബന്ധിച്ച് സംഘടിപ്പിക്കുന്നു.

**കുട്ടികളുടെ നാടകവേദി** : പാഠഭാഗങ്ങളുടെ രംഗാവിഷ്കരണം

**വിദ്യാരംഗം കലോത്സവം** : സ്കൂൾതലം, സബ്ജില്ലാതലം

# <u>SEED</u>

## Student Empowerment for Environmental Development

“സമൂഹ നന്മ കുട്ടികളിലൂടെ” എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് **SEED**. മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങൾ ഭൂമിയെ നാശത്തിന്റെ വക്കിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. നൂതനമായ പല പ്രശ്നങ്ങൾക്കും കാരണം മനുഷ്യന്റെ എടുത്തുചാട്ടം തന്നെയാണ്. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഇന്നു നാം നേരിട്ടുകൊണ്ടിരിക്കുന്നത്. അടുത്ത തലമുറകൾക്കായി ഭൂമിയെ സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്. **SEED** ലക്ഷ്യം വയ്ക്കുന്നതും ഇതുതന്നെന്നെയാണ് . ഭൂമിയുടെ സംരക്ഷണം നാം ഓരോരുത്തരുടേയും ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ചെറുതിലെ തന്നെ ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് ഗവൺമെന്റ് യു. പി. എസ്. വെഞ്ഞാറമൂടും സീഡ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകാൻ തയ്യാറെടുക്കുകയാണ്.

പ്രകൃതി സംരക്ഷണത്തോടൊപ്പം വ്യക്തിത്വ വികസനം, ശുചിത്വ ബോധം, സ്വയം പര്യാപ്തത കൈവരിക്കൽ, ജൈവപച്ചക്കറി കൃഷിയിലേക്ക് തിരിയൽ, സഹജീവി സ്നേഹം എന്നിവയിലൊക്കെ നാം ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. വളർന്നു വരുന്ന തലമുറ ഈ മൂല്യങ്ങളെല്ലാം മുറുകെ പിടിച്ചുതന്നെ മുന്നോട്ടു വരട്ടെയെന്ന് നമുക്ക് ആശിക്കാം. സ്കൂളിന്റെ തനത് പ്രവർത്തനങ്ങളായ തണൽ, നന്മവിളയിക്കാം, കരുതൽ, പച്ചപ്പിലേക്ക് എന്നിവയുമായി ചേർന്ന് സീഡ് പ്രവർത്തനങ്ങൽ മികച്ച നിലവാരത്തിലെത്തിക്കാം.

***<u>സെപ്റ്റംബർ 5 ലോക അധ്യാപക ദിനം</u>***

- അധ്യാപകനെ വീട്ടിൽ പോയി ആദരിക്കൽ

***സെപ്റ്റംബർ 16 ഓസോൺ ദിനം***

- ഉപന്യാസരചന, പ്രസംഗം
- Design Logos

***ഒക്ടോബർ 2 ഗാന്ധിജയന്തി***

- ശുചീകരണ വാരം
- ലോഷൻ നിർമ്മാണം

***ഒക്ടോബർ 18 ലോക ഭക്ഷ്യ ദിനം***

- ഭക്ഷ്യമേള

***നവംബർ 1 കേരളപ്പിറവി***

- കേരളപ്പിറവി ഗാനാലാപനം
- ഗാന്ധിജിയുടെ കേരള സന്ദർശനങ്ങൾ കുറിപ്പുകൾ

***ചിങ്ങം ഒന്ന് കർഷക ദിനം***

- ജൈവ പച്ചക്കറിത്തോട്ടത്തിൽ നിന്ന് ലഭിച്ച ഭക്ഷ്യവിളകൾ പ്രദർശനം
- കർഷകനെ സന്ദർശിക്കൽ, അഭിമുഖം

***നവംബർ 12 പക്ഷി നിരീക്ഷണ ദിനം***

- DR. സലിം അലി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ

- പക്ഷി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

***ഡിസംബർ 5 ലോക മണ്ണ് ദിനം***

- പ്ലക്കാർഡുകൾ തയ്യാറാക്കി സ്കൂൾ ഗ്രൗ   ിൽ സ്ഥാപിക്കുന്നു.
- പോസ്റ്ററുകൾ പതിപ്പിക്കുന്നു
- പച്ചപ്പിലേക്ക് തനത് പരിപാടിയുമായി ചേർന്ന് നദി തീരത്ത് തൈ നടീൽ

***ഡിസംബർ 3 സംസ്ഥാന കിഴങ്ങ് വിള ദിനം***

- പ്രദർശനം

***ഡിസംബർ 23 ദേശീയ കർഷക ദിനം***

- നന്മ വിളയിക്കാം തനത് പരിപാടി

***ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനം***

- നെല്ലനാട് ഗ്രാമപഞ്ചായത്തിലെ തണ്ണീർത്തട സന്ദർശനം ശുചീകരണം

***മാർച്ച് 3 ലോക വന്യജീവി ദിനം***

- പോസ്റ്റർ രചന

***മാർച്ച് 8 വനിതാദിനം***

- വനിതാ ദിന റാലി
- വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി

# ഊർജ്ജ ക്ലബ്ബ്

ഊർജ്ജ സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള വിദ്യാർത്ഥിക ളുടെ ഗ്രൂപ്പ് പ്രവർത്തനമാണ് എനർജി ക്ലബ്ബ് / ഊർജ്ജ ക്ലബ്ബ്

1. പ്രവർത്തനങ്ങൾ
   - ❖ ക്ലബ്ബ് രൂപീകരണം
   - ❖ ബോധവത്കരണ പരിപാടികൾ
   - ❖ സെമിനാറുകൾ
   - ❖ ശില്പ്പശാലകൾ
   - ❖ സ്കൂൾതല, ഉപജില്ലാതല, ജില്ലാതല മത്സരങ്ങൾ

1. EMC സന്ദർശനം

   EMC യുടെ പ്രവർത്തനങ്ങളെക്കുറിച്ചും, പരിസ്ഥിതിസൗഹൃദ ഊർജ്ജ സാങ്കേതിക വിദ്യകളെക്കുറിച്ചും അറിയാനും നേരിട്ട് മനസ്സിലാക്കാനും EMC സന്ദർശനത്തിലൂടെ കുട്ടികൾക്ക് കഴിയുന്നു.

2. LED ബൾബ് റീചാർജ്ജിംഗ് പരിശീലനവും ടൂൾകിറ്റ് വിതരണവും

   EMC യുടെ നേതൃത്വത്തിൽ കുട്ടികൾക്ക് LED ബൾബുകൾ സ്വയം റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതി നുള്ള പരിശീലനം നൽകുന്നതാണ്. കൂടാതെ ഇതിനാവശ്യമായ ടൂൾകിറ്റും നൽകുന്നതാണ്.

3. ദിനാചരണം

ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണദിനമായി ആചരിച്ചുവരുന്നു. ഊർജ്ജസംരക്ഷണം വിഷയമാക്കി പെയിന്റിംഗ്, കാർട്ടൂൺ, പ്രോജക്ട്, ക്വിസ് മത്സരങ്ങൾ എന്നിവ ദിനാചരണത്തിന്റെ ഭാഗമായി നടത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ബോധവത്കരണ റാലി, പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം എന്നിവ നടത്തുന്നതാണ്.

## *SEP നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ*

EMC യുടെ പ്രവർത്തനപദ്ധതികളിലൊന്നായ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) സജീവമായ പ്രവർത്തനങ്ങളിലൂടെ ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ ജനകീയമാക്കുകയും ചെയ്യുന്നു. ഊർജ്ജ സംരക്ഷണം വിഷയമാക്കി വിവിധ മത്സരങ്ങൾ സ്കൂൾ, വിദ്യാഭ്യാസ ജില്ല, സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ അധ്യയനവർഷം SEP നിഷ്കർഷിക്കുന്ന പ്രവർത്തനങ്ങളും മത്സരങ്ങളും ഊർജ്ജ ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾതലത്തിൽ സംഘടിപ്പിക്കുന്നതായിരിക്കും.

## *ബോധവത്കരണ ക്ലാസ്സുകൾ*

ഊർജ്ജ ഉപഭോഗം നിലനിർത്തുന്നതിനും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയേയും പ്രസക്തിയേയും കുറിച്ചുള്ള അവലോകനം സൃഷ്ടിക്കുന്നതിനും ഊർജ്ജക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ തലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേ   താണ്.

## നന്മ വിളയിക്കാം

പുതുതലമുറയിൽ കൃഷി അവബോധം വളർത്തുക, ഭാവിയിൽ എന്ത് തൊഴിൽ സ്വീകരിച്ചാലും കൃഷി ചെയ്യാനുള്ള സന്നദ്ധത ഉ ാക്കുക എന്നീ ലക്ഷ്യത്തോടെ ഗവൺമെന്റ് യു.പി.എസ് വെഞ്ഞാറമൂട് ഒരുക്കുന്ന പദ്ധതിയാണ് ''നന്മ വിളയിക്കാം'' പ്രീ പ്രൈമിറി മുതൽ ഏഴാം ക്ലാസ് വരെ ഇതിന്റെ ഭാഗമാണ്. ഓരോ ദിവസം ഓരോ ക്ലാസിനാണ് ചുമതല (അധ്യാപകർക്കും)

- ❖ പാഠഭാഗവുമായി ബന്ധപ്പെടുത്തി നടീൽ, പരിപാലനം, വിളവെടുപ്പ് എന്നിവ നിരീക്ഷിച്ചു കുറിപ്പ് തയ്യാറാക്കുന്നു.
- ❖ സ്കൂളിൽ നിന്ന് വിത്തിനങ്ങൾ വീട്ടിലേയ്ക്ക് നൽകി കൃഷി വീട്ടിലേക്കും വ്യാപിപ്പിക്കുന്നു.
- ❖ വീട്ടിൽ നിന്നും വിത്ത് നടീൽ വസ്തുക്കൾ സ്കൂളിൽ കൊ ുവന്നു നടുന്നു.

## മലയാള മനോരമ – നല്ലപാഠം

അക്ഷരങ്ങളിലൂടെ അറിവിലേക്കും ആവോളം വായനയിലേക്കും ആരോഗ്യകരമായ ജീവിതത്തിലേക്കും വളർന്നു വരുന്ന തലമുറയെ മുന്നോട്ട് നയിക്കുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് വെഞ്ഞാറമൂട് ഗവ :യു. പി എസ്സിലെ മനോരമ നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നത്.വായന, ശുചിത്വം, ആരോഗ്യം, ലഹരിക്കെതിരെ, ഒഴിവാക്കാം പ്ലാസ്റ്റിക്, അക്ഷരപച്ച, പുസ്തകപ്പെട്ടി, പൊതുസ്ഥാപനങ്ങൾ സന്ദർശനം, അന്നം അമൃതം പദ്ധതി, പെൻബൂത്ത്, പൊതുസ്ഥലം വൃത്തിയാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കുന്നു.

# ഭിന്നശേഷി കുട്ടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

അധ്യാപക ശാക്തീകരണ പരിപാടിയിൽ ഉൾച്ചേരൽ വിദ്യാഭ്യാസം ഒരു സെഷൻ തന്നെയാണ്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സമപ്രായക്കാരായ സാധാരണ കുട്ടികളോടൊപ്പം മുഖ്യധാരാവിദ്യാഭ്യാസം പൂർണ്ണ തോതിൽ തന്നെ ലഭ്യമാക്കുക എന്നതാണ് ഉൾച്ചേരൽ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തുകയും ആ കുട്ടികൾക്ക് ആവശ്യമായ പിന്തുണ സ്കൂൾതലത്തിലും ക്ലാസ് തലത്തിലും നൽകണം. അതിനായി സ്കൂൾതല പ്രവർത്തനങ്ങളിലും ക്ലാസ്തല പ്രവർത്തനങ്ങളിലും ഇത്തരം കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കണം.
2. ബി ആർ സി തലത്തിലുള്ള സ്പെഷ്യൽ ടീച്ചറുടെ സേവനം മികച്ച രീതിയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കണം.
3. ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് ഭിന്നശേഷി വിഭാഗത്തിലെ ഒരു പ്രമുഖ വ്യക്തിയെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ഭിന്നശേഷിക്കാരായ മഹത് വ്യക്തികളെ കുറിച്ച് ഒരു പതിപ്പ് തയ്യാറാക്കുകയും ചെയ്യുക.
4. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പോസ്റ്ററുകൾ തയ്യാറാക്കി മികച്ചതിന് സമ്മാനം നൽകുന്നു.
5. സ്കൂളിൽ അസംബ്ലിയിൽ ഭിന്നശേഷി കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നു.
6. കിടപ്പ് രോഗിയായ കുട്ടിയെ സന്ദർശിക്കുന്നതിനായി ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി വീട് സന്ദർശനം നടത്തുന്നു.

# സ്കൂൾ കലോത്സവം

2025-2026 അധ്യയന വർഷത്തിലെ സബ്ജില്ലാതല സ്കൂൾ കലോത്സവത്തിൽ ആറ്റിങ്ങൽ ഉപജില്ലയിൽ എൽപി യു. പി. വിഭാഗം ഓവറോൾ ഒന്നാം സ്ഥാനവും അറബിക് സംസ്കൃത കലോത്സവങ്ങളിൽ മികച്ച നേട്ടവും കൈവരിച്ചിരുന്നു. കൂടാതെ യു. പി. വിഭാഗം ഇംഗ്ലീഷ് സ്കിറ്റ് ജില്ലയിൽ തന്നെ ഒന്നാം സ്ഥാനം നേടിയിരുന്നു. യുപി വിഭാഗം ഹിന്ദി അറബിക് വിഭാഗങ്ങളിലും പല ഇനങ്ങളിലും ജില്ലയിൽ എ ഗ്രേഡ് നേടാൻ സാധിച്ചിരുന്നു.

## പ്രവർത്തനങ്ങൾ ജൂൺ മുതൽ നവംബർ വരെ

നിലവിലെ കലോത്സവ മാനുവൽ പ്രകാരമുള്ള ഇനങ്ങളിൽ ജൂലൈ മാസം ആദ്യം മുതൽ തന്നെ പരിശീലനം നൽകിത്തുടങ്ങും. ഗ്രൂപ്പ് സോങ്, ഗ്രൂപ്പ് ഡാൻസ്, ദേശഭക്തിഗാനം എന്നിവയുടെ പരിശീലനത്തിന് പുറത്തുനിന്ന് സംഗീത, നൃത്ത അധ്യാപകരുടെ സഹായം കൂടി ആവശ്യമാണ്. ഇവരുടെ സേവനം കൂടി ഉറപ്പാക്കിയിട്ടു ് .

മുൻ വർഷങ്ങളിലെ പോലെ തന്നെ ആറ് മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും സർഗാത്മക കഴിവുകൾ പരിശോധിച്ചു തന്നെയായിരിക്കും ഈ പരിപാടികൾ ആസൂത്രണം ചെയ്യുക. ജൂലൈ മാസം തന്നെ സ്കൂൾ കലോത്സവത്തിന്റെ തീയതി സംബന്ധിച്ച് അറിയിപ്പ് നൽകും. ഓണാവധി കഴിഞ്ഞ് വരുന്ന ആഴ്ചയിൽ തന്നെ നടപ്പിലാക്കും യുപി വിഭാഗം കുട്ടികളുടെ പരിശീലനത്തിൽ ആർട്സ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ് എന്നിവയുടെ സേവനവും അറബിക് കലോത്സവത്തിൽ അറബിക് അധ്യാപകരുടെ സേവനവും സംസ്കൃതോത്സവത്തിൽ സംസ്കൃതം അധ്യാപികയുടെ സഹകരണവും സംയോജിപ്പിച്ച് കലോത്സവങ്ങൾക്ക് പരിശീലനം നൽകും.

# സ്കൂൾ ലൈബ്രറി

ഒരു വിദ്യാലയത്തിലെ ഏറ്റവും ഐശ്വര്യമുള്ള ഇടങ്ങളിൽ ഒന്ന് അവിടത്തെ വായനശാലയാണ് അറിവിന്റെ കാവലുകൾ തന്റെ താളുകളിൽ ഒളിപ്പിച്ച് പുസ്തകങ്ങൾ നിറഞ്ഞ അലമാരകളിലേക്ക് കുട്ടികളെ ആകർഷിക്കുക എന്നത് ഏതൊരു അധ്യാപകരെയും സംബന്ധിച്ച് വലിയ ഉത്തരവാദിത്വം തന്നെയാണ്

പുസ്തകങ്ങൾ കുട്ടികളിൽ എത്തിക്കുക അവരെ മികച്ച വായനക്കാരാക്കുക എന്ന ലക്ഷ്യത്തോടെ മൂന്ന് പ്രധാന പ്രവർത്തനങ്ങൾ ആണ് ഗവൺമെന്റ് യു പി എസ് വെഞ്ഞാറമൂട് ഈ അക്കാദമിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്നത്. 'വായന പൂക്കുന്ന കാലം', 'പുസ്തക പരിചയം', 'വായനത്തോണി' എന്നിങ്ങനെ പേര് നൽകിയിട്ടുള്ള ഈ പ്രവർത്തനങ്ങൾക്ക് സ്കൂൾ ലൈബ്രറി ചുമതലയുള്ള ഞങ്ങൾ ര ് അധ്യാപകരാണ് നേതൃത്വം കൊടുക്കുന്നത്

## വായന പൂക്കുന്ന കാലം

ജൂൺ മുതൽ മാർച്ച് വരെ നീ  ുനിൽക്കുന്ന ഈ പ്രവർത്തനം ജൂൺ 19 വായനാദിനത്തിൽ ആരംഭിക്കും. ക്ലാസ് ലൈബ്രറി സജീവമാക്കുന്നതിലൂടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഒന്നു മുതൽ ഏഴ് വരെ സ്റ്റാൻഡേർഡുകളിലെ എല്ലാ കുട്ടികൾക്കുമായി പുസ്തകങ്ങൾ നൽകും. ഒരുമാസം ഒരു കുട്ടി കൃത്യമായി ഒരു പുസ്തകം എങ്കിലും വായിക്കുക. തുടർന്ന് അതിന്റെ വായനക്കുറിപ്പ് ലൈബ്രറി നോട്ടിൽ എഴുതി കൊ  ുവരിക. വർഷാവസാനം ഏറ്റവും കൂടുതൽ വായനക്കുറിപ്പ് എഴുതിയവർക്ക് (ഏറ്റവും കൂടുതൽ പുസ്തകം വായിച്ച് കുറിപ്പ് എഴുതിയവർക്ക്) ക്ലാസ് തലത്തിലും കൂടാതെ എൽ. പി, യു. പി തലങ്ങളിൽ സ്കൂൾതലത്തിലും സമ്മാനങ്ങൾ നൽകും.

ഇവ കൂടാതെ എല്ലാ ആഴ്ചയിലും അസംബ്ലിയിൽ ഒരു കുട്ടി ഒരു പുസ്തകം പരിചയപ്പെടുത്തുന്നു. വായിച്ച പുസ്തകം കാണിച്ചു അതിന്റെ ഉള്ളടക്കത്തേയും ഗ്രന്ഥകർത്താവിനെയും പറ്റി സംസാരിക്കുന്നു. ഒരു മാസത്തിൽ നാലു പുതിയ പുസ്തകം സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പരിചയപ്പെടാൻ കഴിയുന്നു. ഇതോടൊപ്പം കാലിക വായനയ്ക്കും ലൈബ്രറി ക്ലബ്ബ് പ്രാധാന്യം നൽകുന്നു. പത്രമാസികകൾ, ക്വിസ് ബുക്കുകൾ, നോട്ടീസ് ബോർഡ് എന്നിവ ഇതിനുവേ ി പ്രയോജനപ്പെടുത്തുന്നു. മികച്ച വായനക്കാരായി നമ്മുടെ കുട്ടികളെ വളർത്തിയെടുക്കാൻ ഞങ്ങളുടെ ഈ പരിശ്രമത്തിന് കഴിയും.

## വായനത്തോണി

വിദ്യാരംഗം കലാ സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് വായനത്തോണി. കുട്ടികളോടൊപ്പം രക്ഷിതാക്കളേയും വായനയിലേക്ക് ആകർഷിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി രക്ഷിതാക്കൾക്ക് ആഴ്ചയിലൊരിക്കൽ സ്കൂൾ ലൈബ്രറി സന്ദർശിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നു. മാസത്തിലൊരിക്കൽ വായിച്ച പുസ്തകത്തെക്കുറിച്ച് കുട്ടികളുമായി ഓൺലൈനായി സംവദിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. കഥ, കവിത, ശില്പശാലകൾ രക്ഷിതാക്കൾക്കുകൂടി ലഭ്യമാക്കുന്നവിധത്തിൽ നടത്തുന്നു. വായിച്ച പുസ്തകങ്ങൾ ഉൾപ്പെടുത്തി പ്രശ്നോത്തരി നടത്തുന്നു.

## ഭാഷ ക്ലബ്ബ്

ജൂൺ ആദ്യ ആഴ്ച തന്നെ വായന കാർഡ് നൽകി കുട്ടികളുടെ നിലവാരം ക  ത്തുന്നു. ഉച്ച സമയത്ത് മലയാളത്തിളക്കം പ്രവർത്തനങ്ങൾ നടത്തുന്നു. വിവിധ മത്സരങ്ങൾ ശില്പശാലകൾ തുടങ്ങിയവയിലൂടെ വിവിധ നിലവാരക്കാരെ തൃപ്തിപ്പെടുത്തും വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. കവിതാലാപനം പ്രശ്നോത്തരി രചനാ മത്സരങ്ങൾ വായനാ മത്സരങ്ങൾ തുടങ്ങിയവയിലൂടെ ഭാഷാപഠനം കൂടുതൽ മികച്ചതാക്കുന്നു.

# ദിനാചരണങ്ങൾ

## ജൂൺ 2025 - 2026

| ദിനം / പ്രാധാന്യം | പ്രവർത്തനങ്ങൾ | നേതൃത്വം |
|---|---|---|
| ജൂൺ 02<br>പ്രവേശനോത്സവം | ഉദ്ഘാടനം, നവാഗതരെ സ്വാഗതം ചെയ്യൽ, മധുര വിതരണം, വിശിഷ്ടവ്യക്തികളുമായി സംവദിക്കൽ, പരിചയപ്പെടൽ, കഥ/ കവിത, പഠനകിറ്റ് വിതരണം | സ്വാഗതസംഘം |
| ജൂൺ 03<br>പൊതുവിഷയങ്ങൾ | പരസ്പരം തിരിച്ചറിയൽ, വിദ്യാലയത്തെ അറിയൽ, അവധിക്കാല അനുഭവങ്ങൾ പങ്കിടൽ | ക്ലാസ് ടീച്ചേഴ്സ് |
| ജൂൺ 4<br>റോഡ് നിയമങ്ങൾ,<br>സ്കൂൾ വാഹനസഞ്ചാരം | മോക്ക് ഡ്രിൽ സ്കൂൾ പരിസരം, റോഡ് നിയമങ്ങൾ ചർച്ച | ക്ലാസ് ടീച്ചേഴ്സ്,<br>എച്ച്.എം, പിടിഎ |
| ജൂൺ 5<br>പരിസ്ഥിതി ദിനം,<br>വ്യക്തിശുചിത്വം<br>ഹരിതക്യാമ്പസ്<br>സൗന്ദര്യവത്കരണം<br>(സ്കൂൾ നടത്തം) | ▪ പോസ്റ്റർ<br>▪ സന്ദേശം എഴുതൽ<br>▪ പരിസ്ഥിതി ഗാനാലാപനം<br>▪ ബോധവത്കരണം (ശ്രീ. അനിൽ നാരായണര്)<br>▪ വൃക്ഷത്തൈ നടീൽ<br>▪ പൂന്തോട്ടനിർമ്മാണം<br>▪ പരിസ്ഥിതിദിന ക്വിസ്സ്<br>▪ നല്ലിടം പൂന്തോട്ടം ഒരുക്കൽ | |
| ജൂൺ 9<br>ആരോഗ്യം വ്യായാമം<br>കായികക്ഷമത | വ്യായാമം, സൂംബ<br>തലമുടി മുതൽ കാൽവരെ ശുചിയാക്കേ  തിന്റെ ആവശ്യകത | |
| ജൂൺ 10 | സ്കിറ്റ് | |

| | | |
|---|---|---|
| ഡിജിറ്റൽ അച്ചടക്കം<br>ടെലിവിഷൻ<br>മൊബൈലുകൾ<br>ടാബുകൾ ഇവയുടെ<br>അമിത ഉപയോഗം | | |
| ജൂൺ 11<br>പൊതുമുതൽ<br>സംരക്ഷണം | സ്കൂളിന്റെ പരിസരത്ത് പാലിക്കേ നിയമങ്ങൾ<br>പോസ്റ്റർ | |
| ജൂൺ 12<br>ലോകബാലവേല<br>വിരുദ്ധദിനം | വിഷയാവതരണം<br>സ്കിറ്റ് വാർത്തകൾ | |
| ജൂൺ 13<br>കുട്ടികളിൽ<br>വികസിക്കേ<br>പൊതു ധാരണകൾ | രാസ ലഹരി, സ്ക്രീൻ ലഹരി എന്നിവയുടെ ഉപയോഗം<br>കുറയ്ക്കാൻ കളികൾ, വായന, സംഗീതം, ചിത്രരചന<br>ബോധവത്കരണം | |
| ജൂൺ 19 - ജൂലൈ 19<br>വായന ദിനം<br>വിവിധ ക്ലബ്ബുകളുടെ<br>ഉദ്ഘാടനം | വിശിഷ്ടാതിഥി, പുസ്തകപ്രദർശനം, സാഹിത്യകാരന്മാർ,<br>മഹത്വവചനങ്ങൾ, കഥയിലെ സംഭവ സംഭാഷണങ്ങൾ, 24/06/2025<br>ലൈബ്രറി സന്ദർശനം, കയ്യക്ഷരം, കടങ്കഥ മത്സരം,<br>ആസ്വാദനക്കുറിപ്പ്, ചങ്ങാതിക്ക് ഒരു പുസ്തകം,<br>പൊതു ഇടങ്ങളിൽ ലൈബ്രറി, വായന മത്സരം, അഭിമുഖം -<br>സാഹിത്യകാരന്മാർക്കൊപ്പം നാടൻപാട്ട് ശേഖരണം | |
| ജൂൺ 21<br>യോഗാ ദിനം | യോഗ ട്രെയിനിംങ് | |
| ജൂൺ 26<br>ലഹരി വിരുദ്ധദിനം | ലഘു നാടകം, ബോധവത്കരണം, (രക്ഷിതാക്കൾ, കുട്ടികൾ)<br>പ്രതിജ്ഞ | |
| ജൂൺ 30<br>പത്ര ക്വിസ് | സ്കൂൾ ക്വിസ് ബോർഡിൽ | |

# ജൂലൈ 2025 - 2026

| ദിനം / പ്രാധാന്യം | പ്രവർത്തനങ്ങൾ | നേതൃത്വം |
|---|---|---|
| ജൂലൈ 01<br>ഡോക്ടേഴ്സ് ദിനം<br>(സീഡ്, നല്ല പാഠം,<br>ഹെൽത്ത് ക്ലബ്ബ്,<br>ഗാന്ധിദർശൻ | ആശുപത്രി സന്ദർശനം, ഡോക്ടറെ ആദരിക്കൽ | |
| ജൂലൈ 05<br>ബഷീർ ദിനം<br>(വിദ്യാരംഗം) | ബഷീർ കൃതികൾ പരിചയപ്പെടൽ, ക്വിസ്,<br>സാഹിത്യകാരന്മാർക്കൊപ്പം | |
| ജൂലൈ 11<br>ലോകജനസംഖ്യാ ദിനം | വിഷയ അവതരണം | |
| ജൂലൈ 16<br>ദേശീയ സ്കൂൾ<br>സുരക്ഷാ ദിനം | ബോധവത്കരണ ക്ലാസ് | |
| ജൂലൈ 21<br>ചാന്ദ്ര ദിനം | ക്വിസ്, ചിത്രശേഖരണം, പ്രദർശനം,<br>റോക്കറ്റ് നിർമ്മാണം | |
| ജൂലൈ 27<br>ഡോ. എ.പി.ജെ<br>അബ്ദുൾ കലാം<br>ഓർമ്മ ദിനം | ക്വിസ് | |
| ജൂലൈ 28<br>പ്രകൃതി സംരക്ഷണ<br>ദിനം | പ്രത്യേക അസംബ്ലി, പ്രതിജ്ഞ, ഫീൽഡ് ട്രിപ്പ് | |

# ദിനാചരണം : ആഗസ്റ്റ്

**ആഗസ്റ്റ് 6**

## ഹിരോഷിമ ദിനം

**ആഗസ്റ്റ് 9**

## നാഗസാക്കി ദിനം

- ❖ പോസ്റ്റർ രചന
- ❖ പ്രസംഗം മത്സരം
- ❖ വീഡിയോ നിർമ്മാണം ക്ലാസ്തലം
- ❖ ശബ്ദ സന്ദേശം കേൾപ്പിക്കൽ
- ❖ സഡാക്കോ കൊക്ക് നിർമ്മാണം എൽ പി തലം
- ❖ ക്ലാസ് തലത്തിൽ ബുള്ളറ്റിൻ ബോർഡുകൾ പ്രദർശിപ്പിക്കാം.

**ആഗസ്റ്റ് 15**

## സ്വാതന്ത്ര്യ ദിനം

- സ്വാതന്ത്ര്യദിന റാലി
- ദേശഭക്തിഗാന മത്സരം
- ക്ലാസ് തല വാൾ മാഗസിൻ
- ക്വിസ് മത്സരം

**ആഗസ്റ്റ് 29 കായിക ദിനം**

- ❖ പ്രസംഗം മത്സരം
- ❖ കായിക മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച പ്രാദേശിക വ്യക്തിയെ ആദരിക്കൽ
- ❖ സ്പോർട്സ് ക്വിസ്

# ദിനാചരണം - സെപ്റ്റംബർ മാസം

**സെപ്റ്റംബർ 5 അധ്യാപക ദിനം**

- മുതിർന്ന അധ്യാപകരെ ആദരിക്കൽ
- മുതിർന്ന അധ്യാപകരുമായി അഭിമുഖ സംഭാഷണം
- അധ്യാപകർക്ക് ആശംസ കാർഡ് നിർമ്മാണം

**സെപ്റ്റംബർ 14 ഹിന്ദി ദിനം**

- ഹിന്ദി അസംബ്ലി
- ഹിന്ദി ക്വിസ്

**സെപ്റ്റംബർ 16 ഓസോൺ ദിനം**

- പോസ്റ്റർ രചന
- റാലി

# ദിനാചരണം - ഒക്ടോബർ

***ഒക്ടോബർ 1 : ലോകവയോജന ദിനം***

***പ്രവർത്തനം***

- പോസ്റ്റർ രചന മത്സരം
- വയോജന കേന്ദ്രം സന്ദർശനം ഭക്ഷണവും വസ്ത്രവും വിതരണം
- വയോജനങ്ങളെ ആദരിക്കൽ

## *ഒക്ടോബർ 2 : ഗാന്ധിജയന്തി*

**ഗാന്ധിജയന്തി ദിനത്തിൽ ഗാന്ധിദർശൻ ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.**

**പ്രവർത്തനങ്ങൾ**

- **ഗാന്ധി കലോത്സവം**
- **പുഷ്പാർച്ചന**
- **സർവ്വമത പ്രാർത്ഥന**
- **പ്രഭാഷണം**
- **ശുചീകരണം**
- **ലോഷൻ നിർമ്മാണം**
- **ചിത്രപ്രദർശനം**
- **കയ്യെഴുത്ത് മാസിക പ്രകാശനം**
- **ക്വിസ് മത്സരം**
- **പോസ്റ്റർ രചന മത്സരം**
- **സോപ്പ് നിർമ്മാണം**

## *ഒക്ടോബർ 10 : ദേശീയ തപാൽ ദിനം*

**പ്രവർത്തനങ്ങൾ**

- **പോസ്റ്റ് ഓഫീസ് സന്ദർശനം**
- **വിവിധയിനം സ്റ്റാമ്പുകൾ, പോസ്റ്റ് കാർഡ്, inland എന്നിവയുടെ പ്രദർശനം**
- **പോസ്റ്റർ നിർമ്മാണം**

## ഒക്ടോബർ 11 : പെൺകുട്ടികളുടെ ദിനം

**പ്രവർത്തനം**

- പെൺകുട്ടികളുടെ അസംബ്ലി
- പെൺകുട്ടികളുടെ കരാട്ടെ പ്രദർശനം
- സമൂഹത്തിൽ മുൻനിരയിൽ നിൽക്കുന്ന കരുത്തരായ പെൺകുട്ടികളെ ആദരിക്കൽ

## ഒക്ടോബർ 16 : ലോക ഭക്ഷ്യ ദിനം

**പ്രവർത്തനം**

- പ്രസംഗം മത്സരം
- പോസ്റ്റർ നിർമ്മാണം
- നാടൻ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനം
- ഭക്ഷണപ്പൊതി വിതരണം

## ദിനാചരണം – നവംബർ

### നവംബർ 1 : കേരളപ്പിറവി

(നേതൃത്വം : വിദ്യാരംഗം ക്ലബ്)

**പ്രവർത്തനങ്ങൾ**

1. കേരളത്തിന്റെ ഭൂപടം നിർമ്മിക്കൽ (വൈവിധ്യമാർന്ന വസ്തുക്കൾ ഉപയോഗിച്ച്)
2. സംസ്ഥാന ചിഹ്നങ്ങൾ ശേഖരിക്കൽ( A4ഷീറ്റിൽ ഒട്ടിക്കുകയോ വരയ്ക്കുകയോ ചെയ്യാം)
3. കയ്യെഴുത്തു മാസിക കേരളപ്പിറവി ദിന പതിപ്പ് (ആമുഖം, ഐതിഹ്യം, കേരളം ജില്ലകൾ, ആഘോഷങ്ങൾ, കേരള കലാരൂപങ്ങൾ, പ്രമുഖർ, നദികൾ )ജില്ലകളുടെ കട്ടൗട്ട്
4. കേരളപ്പിറവി ക്വിസ്

## നവംബർ 11 : ദേശീയ വിദ്യാഭ്യാസ ദിനം

<u>പ്രവർത്തനങ്ങൾ</u>

- കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങളെ കുറിച്ച് ക്ലാസിൽ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു (ക്ലാസ് അധ്യാപകർ )
- മൗലാന അബ്ദുൽ കലാം ആസാദിനെ കുറിച്ച് ഓർമ്മ പുതുക്കൽ

## നവംബർ 12 : ദേശീയ പക്ഷി നിരീക്ഷണ ദിനം

**(നേതൃത്വം : ശാസ്ത്ര ക്ലബ്ബ് )**

<u>പ്രവർത്തനങ്ങൾ</u>

1. പക്ഷി നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ
2. പക്ഷികളെ കുറിച്ച് അറിയാം ക്വിസ്
3. പക്ഷി പതിപ്പ് , പക്ഷി ആൽബം

## നവംബർ 14 : ശിശുദിനം

**(നേതൃത്വം : എസ്. എസ്. ക്ലബ്ബ് )**

<u>പ്രവർത്തനങ്ങൾ</u>

- ശിശുദിന റാലി
- നെഹ്റു തൊപ്പി നിർമ്മാണം
- ചാച്ചാജി വേഷം
- സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വിഭജിച്ചു നൽകുന്നു..

## നവംബർ 26 : ഭരണഘടനാ ദിനം

**(നേതൃത്വം : എസ്. എസ്. ക്ലബ്ബ് )**

**<u>പ്രവർത്തനങ്ങൾ</u>**

1. ഭരണഘടനയും കുട്ടിയും (ഭരണഘടനയിൽ കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള ഭാഗം ബുള്ളറ്റിൻ ബോർഡിൽ പ്രദർശനം )
2. ഭരണഘടന അവബോധം (സ്കൂൾ അസംബ്ലി അവതരണം)
3. ഭരണഘടനാ ദിന ക്വിസ്

| ദിനാചരണങ്ങൾ - ഡിസംബർ | | |
|---|---|---|
| > ഡിസംബർ 1<br>ലോക എയ്ഡ്സ് ദിനം | *പ്രവർത്തനങ്ങൾ*<br>• കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സ്<br>• പോസ്റ്റർ രചന | സയൻസ് ക്ലബ്ബ് |
| > ഡിസംബർ 3<br>ദേശീയ ഭിന്നശേഷി ദിനം | *പ്രവർത്തനങ്ങൾ*<br>▪ പരിമിതികൾ ഉ ായിട്ടും ജീവിതത്തിൽ വിജയം കൈവരിച്ചവരെ ആദരിക്കൽ, അവരുമായുള്ള അഭിമുഖം<br>▪ ഭിന്ന ശേഷിക്കുട്ടികളുടെ വീട് സന്ദർശനം<br>▪ അനുഭവം പങ്കുവെക്കൽ, സെൻസാർ | IED ചുമതലയുള്ള അധ്യാപകർ |
| ഡിസംബർ 10<br>ലോക മനുഷ്യാവകാശ ദിനം | *പ്രവർത്തനങ്ങൾ*<br>▪ പോസ്റ്റർ രചന<br>▪ മനുഷ്യാവകാശ ലംഘനത്തിനെതിരെയുള്ള കുട്ടികളുടെ ഫ്ളാഷ് മോബ്<br>▪ ക്വിസ് മത്സരം | എ.സ് . എസ്. ക്ലബ്ബ് |

| | | |
|---|---|---|
| > ഡിസംബർ 14 :<br>ഊർജ്ജ സംരക്ഷണ ദിനം | *പ്രവർത്തനങ്ങൾ*<br>▪ പോസ്റ്റർ നിർമ്മാണം<br>▪ ഊർജ്ജ സംരക്ഷണത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്<br>▪ "ഊർജ്ജ സംരക്ഷണ ചലഞ്ച്" തുടർന്നുള്ള മൂന്നു മാസത്തെ വൈദ്യുത ബില്ലിൽ ഏറ്റവും കുറവുള്ള കുട്ടിക്ക് സമ്മാനം നൽകുന്നു | ഊർജ്ജസംരക്ഷണ ക്ലബ്ബ് |
| > ഡിസംബർ 18,:<br>അറബി ഭാഷാ ദിനം | ✓ സ്പെഷ്യൽ അറബ് അസംബ്ലി, പതിപ്പ് പ്രകാശനം | അറബ് അധ്യാപകർ |
| > ഡിസംബർ 22:<br>ദേശീയ ഗണിത ദിനം | ❖ ക്വിസ് മത്സരം<br>❖ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>❖ ഗണിത പ്രദർശനം (പസിൽസ് ) | ഗണിത ക്ലബ്ബ് |
| > ഡിസംബർ 23:<br>ദേശീയ കാർഷിക ദിനം | ▪ കാർഷികവിളകളുടെ പ്രദർശനം<br>▪ കർഷകനുമായുള്ള കുട്ടികളുടെ അഭിമുഖം<br>▪ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ നിന്നും നൽകിയ വൃക്ഷത്തയുടെ വളർച്ചയെയും പരിപാലനത്തെയും കുറിച്ച് എഴുതിയ ഡയറിക്കുറിപ്പുകളിൽ മികച്ചവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>▪ തൊട്ടടുത്ത കൃഷി സ്ഥലം സന്ദർശനം. | പരിസ്ഥിതി ക്ലബ്ബ് & സീഡ് |
| ഡിസംബർ 25: ക്രിസ്മസ് | ❖ പുൽക്കൂട് ഒരുക്കൽ<br>❖ കരോൾ ഗാന മത്സരം<br>❖ ആശംസ കാർഡ് തയ്യാറാക്കൽ കൈമാറൽ<br>❖ കേക്ക് ഫെസ്റ്റ് (രക്ഷിതാക്കൾക്കായി )<br>❖ ക്ലാസ് തലത്തിൽ കേക്ക് മുറിക്കൽ. | |

# ദിനാചരണം - ജനുവരി

പ്രധാന സംഭവങ്ങൾ, പ്രവർത്തനങ്ങൾ, വ്യക്തികൾ തുടങ്ങിയവയോടുള്ള ആദരവ്, പ്രാധാന്യം എന്നിവ സമൂഹത്തെ ഓർമ്മപ്പെടുത്തുക എന്നതാണ് ദിനാചരണങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

## 01/01/2026 : പുതുവർഷ ദിനം

- പുതുവർഷ സമ്മാനങ്ങൾ ആയി പരസ്പരം പുസ്തകങ്ങൾ കൈമാറാൻ അവസരം, New Year Friend.
- ആശംസ കാർഡ് നിർമ്മാണം

(നേതൃത്വം : ക്ലാസ് അധ്യാപകർ )

## 10/01/2026 : ചിരി ദിനം

- ❖ കുട്ടികൾക്ക് മാനസികോല്ലാസം പ്രധാനം ചെയ്യുന്ന വിവിധ പരിപാടികൾ

(നേതൃത്വം : ചിരി ക്ലബ്ബ് )

## 12/01/2026 : ദേശീയ യുവജന ദിനം

- ❖ സ്വാമി വിവേകാനന്ദനെ കുറിച്ച് കുറിപ്പ്
- ❖ പ്രസംഗം
- ❖ ഉപന്യാസം

(നേതൃത്വം : എസ്. എസ്. ക്ലബ്ബ് )

## 24/01/2026 : ദേശീയ ബാലികാ ദിനം

പെൺകരുത്ത് എന്ന പേരിൽ ഇന്ത്യയിലും, ലോകത്തിലും, കേരളത്തിലും എല്ലാം പ്രതിസന്ധികളെ മറികടന്ന് എത്തിയ സ്ത്രീകളെ പരിചയപ്പെടുത്താം, അവരുടെ ജീവിതകഥ കുറിപ്പുകൾ ആക്കി പ്രദർശിപ്പിക്കാം.

- ❖ പോസ്റ്റർ
- ❖ ഉപന്യാസ രചന

(നേതൃത്വം : എസ് എസ് , ബി എസ് ക്ലബ് )

## 26/1 /2026 റിപ്പബ്ലിക് ദിനം

- ക്വിസ്സ്
- പ്രസംഗം

ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം മുതൽ റിപ്പബ്ലിക് ദിനം വരെയുള്ള പ്രധാന സംഭവങ്ങൾ കുറിപ്പുകൾ ആക്കി അസംബ്ലിയിൽ അവതരിപ്പിക്കാം.

- ആൽബം തയ്യാറാക്കൽ

(നേതൃത്വം : എസ് എസ്, ഗാന്ധിദർശൻ )

## 30 /1 /2026 : രക്തസാക്ഷി ദിനം

- മൗന പ്രാർത്ഥന
- ക്വിസ്സ്
- ഗാന്ധിയൻ ആദർശങ്ങളെ പിന്തുടരുന്ന വരെ ആദരിക്കൽ.

## <u>ദിനാചരണ പ്രവർത്തനം - ഫെബ്രുവരി</u>

പ്രധാന സംഭവങ്ങൾ, പ്രവർത്തനങ്ങൾ, വ്യക്തികൾ തുടങ്ങിയവയോടുള്ള ആദരവ്, പ്രാധാന്യം എന്നിവ സമൂഹത്തെ ഓർമ്മപ്പെടുത്തുക എന്നതാണ് ദിനാചരണങ്ങളുടെ ദൗത്യം.

## ഫെബ്രുവരി 2 : ലോക തണ്ണീർത്തട ദിനം

> തണ്ണീർത്തടങ്ങൾ സംരക്ഷിക്കേ തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി അന്നേദിവസം സ്കൂൾ അസംബ്ലിയിൽ "തണ്ണീർത്തടങ്ങളും സംരക്ഷണവും" എന്ന വിഷയത്തിൽ പ്രസംഗം നടത്തുന്നു.

> തണ്ണീർത്തട ശുചീകരണം

## ഫെബ്രുവരി നാല് : ലോക അർബുദദിനം

## ഫെബ്രുവരി 21 : ലോകം മാതൃഭാഷാ ദിനം

> അസംബ്ലിയിൽ മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് (എച്ച് എം അല്ലെങ്കിൽ മലയാളം അധ്യാപകർ) ഒരു ലഘു വിവരണം, തുടർന്ന് മാതൃഭാഷാ പ്രതിജ്ഞ ചൊല്ലുന്നു.

> എൽ പി വിഭാഗം

- അധ്യാപകർ കൊടുക്കുന്ന അക്ഷരങ്ങളിൽ അറിയാവുന്ന അക്ഷരങ്ങൾക്ക് വട്ടം വരയ്ക്കൽ
- അക്ഷരങ്ങൾ ചേർത്ത് പദനിർമ്മാണം
- പദങ്ങൾ ചേർത്ത് വാക്യ നിർമ്മാണം

> യു. പി. വിഭാഗം

മത്സരങ്ങൾ - കവിതാരചന, കഥാ രചന, പ്രസംഗം

## ഫെബ്രുവരി 28 : ശാസ്ത്ര ദിനം

ശാസ്ത്രദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് അസംബ്ലിയിൽ ലഘു വിവരണം.

> ഒന്നു മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും (ഒരു കുട്ടി ഒരു പരീക്ഷണം), "ഒരു പരീക്ഷണം വീതം" ചെയ്യുന്നു. പരീക്ഷണങ്ങൾ റിപ്പീറ്റ് ചെയ്യാം.

> ശാസ്ത്രദിന പതിപ്പ്

# പ്രീ–പ്രൈമറി കുരുന്നുകളുടെ വിദ്യാഭ്യാസ മുന്നേറ്റം

### വിഷയം : പ്രിപ്രൈമറി കുരുന്നുകളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

2025 - 2026 അധ്യായന വർഷത്തിൽ പ്രീ-പ്രൈമറി കുരുന്നുകളുടെ വിദ്യാഭ്യാസ ഉന്നതിക്കായി സ്കൂളിൽ നടക്കുന്ന പഠന പ്രവർത്തനങ്ങളുടെ ഒരു മാസ്റ്റർ പ്ലാൻ ആണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ശാരീരിക വികസനത്തിനും മാനസിക ഉല്ലാസത്തിനും ഊന്നൽ നൽകിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഒരു വർഷക്കാലം വിപുലമായ പ്രവർത്തനങ്ങളിലൂടെയും പ്രഗത്ഭരായ വ്യക്തികളുടെ ശില്പശാലയിലൂടെയും കുട്ടികൾക്ക് ഉല്ലാസപരമായ പ്രവർത്തനങ്ങൾ നൽകിക്കൊണ്ട് പ്രീ-പ്രൈമറി കുരുന്നുകളുടെ വിദ്യാലയ അനുഭവങ്ങൾ മഴവില്ലുപോലെ മനോഹരമാക്കാൻ ഉദ്ദേശിക്കുന്ന തരത്തിലാണ് ഈ അക്കാദമിക് വർഷത്തെ പ്രവർത്തനങ്ങൾ. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ മേഖലയുടെ അടിത്തറയാണ് പ്രീ-പ്രൈമറിതലം. ഓരോ കുട്ടിയും നാളത്തേക്കുള്ള പുതുതലമുറയിലെ നവശബ്ദങ്ങളാണ്. അവർക്ക് ലഭിക്കുന്ന പ്രീ-പ്രൈമറിതലം മെച്ചപ്പെട്ടാൽ മാത്രമേ ഈ കുരുന്നുകളുടെ വിദ്യാഭ്യാസ ജീവിതവും മെച്ചപ്പെടൂ. പോരായ്മകൾ ഉണ്ടാകാം. കൂട്ടിച്ചേർക്കലുകൾ, നല്ല നിർദ്ദേശങ്ങൾ, പ്രവർത്തനങ്ങൾ, അഭിപ്രായങ്ങൾ, എന്നിവയിലേക്കായി നിങ്ങളുടെ മുന്നിൽ ആദരപൂർവ്വം സമർപ്പിക്കട്ടെ.

## *ജൂൺ*

പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് വേണ്ടി വിപുലമായ പ്രവേശനോത്സവമാണ് ഉദ്ദേശിച്ചിരിക്കുന്നത്. കൊച്ചു തുമ്പികളെപ്പോലെ പാറിനടക്കുന്ന നമ്മുടെ കുരുന്നുകൾക്ക് വർണ്ണക്കടലാസിൽ പൊതിഞ്ഞ സമ്മാനങ്ങളും അക്ഷര തൊപ്പിയും അക്ഷരപ്പൂക്കളും ഒക്കെ കൊടുത്ത് ആ കുഞ്ഞുങ്ങളെ വരവേല്ക്കും. അതിനു മുന്നോടിയായിതന്നെ ക്ലാസ് മുറിയെല്ലാം മനോഹരമായ ചിത്രങ്ങളും പൂക്കളും ഒക്കൊകൊണ്ട് കുഞ്ഞുങ്ങളുടെ മനസ്സുപോലെ മഴവിൽ കൂടാരമൊക്കെ ആക്കണം.

## തുമ്പിക്കൂട്ടം

പല സാഹചര്യങ്ങളിൽ കഴിഞ്ഞുവരുന്ന പാറി നടക്കുന്ന തുമ്പികളെപ്പോലെയുള്ള കുഞ്ഞുങ്ങളെ ഓരോരോ തുമ്പിക്കൂട്ടങ്ങളായി മാറ്റി ഓരോ ക്ലാസ് മുറിയിൽ കയറ്റാൻ എന്ന തോന്നൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

## ആടാം പാടാം പരിചയചയപ്പെടാം

ആദ്യത്തെ ആഴ്ചകളിൽ കുഞ്ഞുങ്ങൾ പരസ്പരം പരിചയപ്പെട്ട് ഉല്ലസിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു.

## അടുത്തറിയാൻ – കുട്ടിപ്പട്ടാളം

കുഞ്ഞുങ്ങളെപ്പറ്റി കൂടുതൽ അടുത്തറിയാനും വിവരശേഖരണത്തിനും കുഞ്ഞുങ്ങളുടെ വീടുകൾ സന്ദർശനം നടത്തി അവരെ അടുത്തറിയാനുള്ള കുഞ്ഞുപരിചയപ്പെടലാണ് കുട്ടിപട്ടാളം

## ഹെൽത്ത് റെക്കോർഡ്

പലതരം അസുഖങ്ങളും പല അലർജിയുമുള്ള കുഞ്ഞുങ്ങൾ ഉണ്ടാകും. അവരുടെ ഹെൽത്ത് റെക്കോർഡുകൾ ശേഖരിച്ച് വച്ചിരുന്നാൽ നന്നായിരിന്നു. അതിലൂടെ കുഞ്ഞുങ്ങളുടെ വിശദ വിവരങ്ങൾ മാതാപിതാക്കളെപ്പോലെ ടീച്ചറിനും അറിയാം.

## ദിനാചരണം

ആദ്യമായി വരുന്ന ദിനാചരണം ജൂൺ 5 പരിസ്ഥിതി ദിനമാണ്. ചെറിയ ചെറിയ പൊതുവിജ്ഞാനപരമായ ചോദ്യങ്ങൾ കുഞ്ഞുങ്ങളോട് ആവർത്തിച്ച് ആവർത്തിച്ച് ചോദിച്ച് മനസ്സിൽ പതിക്കുന്നതിനുള്ള അവസരം ഉണ്ടാക്കാം. ദിനാചരണങ്ങൾ എല്ലാം കുഞ്ഞുങ്ങളെകൊണ്ട് അവരുടെ സാഹചര്യത്തിനും സൗകര്യത്തിനും അനുസരിച്ച് നടത്തുന്നതാണ്.

| | | |
|---|---|---|
| ജൂൺ 5 | പരിസ്ഥിതി ദിനം | കുഞ്ഞുങ്ങളെകൊണ്ട് തൈ നടീലും പരിചരണവും |
| ജൂൺ 19 | വായനദിനം | വായന നശാല ഒരുക്കൽ<br>പുസ്തക ലോകം പരിചയപ്പെടുത്തൽ |

## അമ്മക്കിളിക്കൂട് – ശില്പശാല

ഓരോ മാസ അവസാനവും കുഞ്ഞുങ്ങൾക്ക് ഉല്ലാസമേകാൻ അവരുടെ രക്ഷിതാക്കളേയും ഉൾക്കൊളളിച്ചു കൊ ുള്ള പ്രവർത്തന മേഖലയാണ് അമ്മക്കിളിക്കൂട്. അവരുടെ അനുഭവങ്ങളും പങ്കാളിത്തവും സ്കൂളുമായി അടുത്തറിയാനും: രക്ഷകർത്താക്കളുടെ മനസ്സിൽ സ്കൂളിനെപ്പറ്റി ഒരു ഇമേജ് ഉണ്ടാക്കിയെടുക്കുന്നതിനും ഇതിലൂടെ കഴിയുന്നു.

## ജൂലൈ 5

ജൂൺ മാസംകൊണ്ടുതന്നെ കുഞ്ഞുങ്ങളും അധ്യാപകരും തമ്മിൽ ഒരുപാട് അടുത്തുകഴിയും. അവരെ സ്കൂളും അന്തരീക്ഷവും നല്ലപോലെ പരിചയപ്പെടുത്തിയും സന്തോഷകരമായ അന്തരീക്ഷം സൃഷടിക്കുന്നതിനും അധ്യാപിക തയ്യാറാക്കുകയും ജൂൺ മാസത്തിൽ നടക്കും.

## പഠിപ്പുര – കുട്ടിപ്പുര

ക്ലാസ് മുറികളെ പഠിപ്പുരയുടെ കുട്ടിപ്പുര എന്ന പേരിൽ ഗൃഹാന്തരീക്ഷംപോലെ ഒരുക്കുന്നതിലൂടെ കുട്ടിക്ക് വീടാണ് സ്കൂൾ എന്ന ചിന്ത സൃഷ്ടിക്കുന്നു.

## ഫീൽഡ് ട്രിപ്പ്

ജൂലൈ മാസാവസാനത്തിൽ കുഞ്ഞുങ്ങളെയും കൊണ്ട് പ്രകൃതിയേയും പല തരത്തിലുള്ള ജീവികളുടേയും പക്ഷികളുടേയും ശബ്ദങ്ങൾ മനസ്സിലാക്കാൻ സൂര്യന്റെ അസ്തമയവും ഉദയവും നേരിൽ കാണുവാനും വെള്ളണിക്കൽ പാറമുകൾ എന്ന സ്ഥലത്തേക്ക് ഒരു കുഞ്ഞ് ഫീൽഡ് ട്രിപ്പ്.

# ആഗസ്റ്റ്

കളിത്തോണിയിലെ തീമുകൾ അനുസരിച്ചുള്ള നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നൽകി അവരെ ആശയ വിനിമയത്തിനും പ്രവർത്തനത്തിനും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം.

| | | |
|---|---|---|
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | 1. കുഞ്ഞുറാലി നടത്തണം |
| പതാക നിർമ്മാണം<br>ബാഡ്ജ് നിർമ്മാണം | | 2. സ്വാതന്ത്ര്യദിന റാലി പ്രവർത്തനങ്ങൾ |

ദിനാചരണങ്ങൾ എല്ലാം തന്നെ അതിന്റെതായ തനിമയോടെ നിലനിർത്തി കുഞ്ഞു ടീമിനെ കൊണ്ട് പ്രവർത്തിപ്പിക്കും എന്ന് നമ്മൾ പ്രവർത്തനത്തിലൂടെ കാണിക്കുന്നതാണ്.

## ഓണക്കാലം – ഓണാഘോഷം

ഓണാഘോഷത്തെ കുറിച്ചും ഓണത്തെകുറിച്ചും കുഞ്ഞുങ്ങളെ വീഡിയോകളിലൂടെയും കഥകളിലൂടെയും ഓണപ്പാട്ടുകളിലൂടെയും മനസ്സിലാക്കിക്കൊടുത്ത് അവരുടെ മനസ്സിൽ ഇടംനേടാൻ അധ്യാപകർ തയ്യാറാക്കിവച്ച് ക്ലാസ്സ് തല പ്രവർത്തനങ്ങൾ ചെയ്യാം.

1. ഓണപ്പൂക്കളം
2. ഓണസദ്യ
3. ഓണാഘോഷം
4. ഓണ പരിപാടി

# കളിത്തോണി

. കേരള സർക്കാരിന്റെ പ്രീ-പ്രൈമറി കുഞ്ഞുങ്ങളുടെ പാഠ്യേതര കൈപ്പുസ്തകമാണ് കളിത്തോണി എന്ന പുസ്തകം. വരകളിലൂടേയും ചിത്രങ്ങളിലൂടേയും മറ്റൊരു ലോകത്തേക്ക് കുട്ടിക്കൊണ്ടുപോകാൻ കളിത്തോണി വളരെ സഹായിയാണ്. അതു കുഞ്ഞുങ്ങൾക്ക് എല്ലാവർക്കും നൽകുന്നതിനുള്ള സംവിധാനം ഒരുക്കുക.

# നിറക്കൂട്ട്

നിറങ്ങളെക്കുറിച്ച് കുഞ്ഞുങ്ങൾക്കും മനസ്സിലാക്കാനുള്ള അവസരങ്ങൾ നൽകാനും നിറങ്ങളെപ്പറ്റി കുഞ്ഞ് തനിയെ കണ്ടും പറഞ്ഞും സ്വയം മനസ്സിലാക്കി അവരെ നിറങ്ങളുടെ ലോകത്തേക്ക് കൈപിടിച്ചുയർത്താം. കുത്തി വരച്ചും കുഞ്ഞ് ചിത്രങ്ങൾ വരച്ചും നിറങ്ങളുടെ ലോകത്തേക്ക് കുഞ്ഞുങ്ങൾ വളരട്ടെ.

- മെഴുകുപോലുള്ള കളറുകൾ നൽകി കൈവഴക്കമുള്ളതാക്കാനും പേശീചലന വികസനം ഉ ാക്കാനും അതിലൂടെ സാധിക്കും
- നിറക്കൂട്ടിലൂടെ കുട്ടികളുടെ കളറിനോടുള്ള അഭിരുചികൾ കണ്ടെത്തുന്നതിനും ചിത്രരചന താല്പര്യമുളള വരെ കെ ത്തുന്നതിനും നമുക്ക് സാധിക്കും.
- ദിനാചരണങ്ങളും ഇത്തരത്തിൽ നടത്തും.

# കുട്ടി എക്സിബിഷൻ

ക്ലാസ്സ് തല പ്രവർത്തനങ്ങൾക്ക് ശേഷം കുഞ്ഞുങ്ങൾ ചെയ്ത പ്രവർത്തനങ്ങളിൽ അവരുടെ പേരുകൾ എഴുതി ഒരു എക്സിബിഷൻ സംഘടിപ്പിച്ച് രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ച് എക്സിബിഷൻ തയ്യാറാക്കൽ.

## കുഞ്ഞൻമാരുടെ ഓണക്കോടി

പ്രീ-പ്രൈമിറി കുട്ടിപട്ടാളത്തിന്റെ ഓണാഘോഷത്തോടൊപ്പം സ്കൂളിൽ വരാൻ സാധിക്കാത്ത കിടപ്പുരോഗികളായ കുഞ്ഞുങ്ങൾ ഉണ്ട്. അവരിലൊരാൾക്ക് കുട്ടിപട്ടാളത്തിന്റെ സന്തോഷപൂർവ്വമായ ഓണസമ്മാനം നൽകാൻ അവസരമുണ്ടാക്കുന്നു.

## ലക്ഷ്യം

ഇതിലൂടെ കുഞ്ഞുങ്ങൾക്ക് ചെറുതിലെ തന്നെ മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഒരു നല്ല മനസ്സ് ഉണ്ടാക്കാൻ കഴിയും.

## *സെപ്റ്റംബർ*

കുഞ്ഞുങ്ങൾക്കുവേണ്ടി STARS പദ്ധതി പ്രകാരം 13 ഇടങ്ങളും സ്നേഹക്കൂട് എന്ന ക്ലാസ് മുറിയും ഒരുക്കിയിട്ടുണ്ട്. അതിൽ അവർക്കുവേണ്ടി ഒരുപാട് കളിപ്പാട്ടങ്ങളും വസ്തുക്കളും വർണ്ണ പുസ്തകങ്ങളും ഒക്കെ ഒരുക്കിയിട്ടുണ്ട്. അതു കാണുന്നതിലൂടെ അവർക്കും അതുപോലുള്ളവ ഉണ്ടാക്കുവാനും അത് അവിടെ വച്ച് കാണാനും ആഗ്രഹം കാണും. അതിന് അവസരമൊരുക്കുന്നത് നല്ലതായിരിക്കും

## സ്നേഹക്കൂട്ടിലേക്ക്

പ്രീ-പ്രൈമറി ക്ലാസ് മുറി എന്നതിലുപരി സ്നേഹക്കൂട് എന്ന പേരിലാണ് നമ്മൾ ക്ലാസ് മുറിയെ വിളിക്കുന്നത്. അവർ ചെയ്ത കളറിംഗ് വർണ്ണങ്ങളേയും നിർമ്മാണ പ്രവർത്തനങ്ങളും ഒക്കെ വച്ച് അലങ്കരിച്ച് അവ അതിമനോഹരമാക്കി അവരെ ആകർഷിക്കുന്ന തരത്തിലാക്കാൻ ശ്രമിച്ചാൽ കൂടുതൽ കുഞ്ഞുങ്ങളെ ആകർഷിക്കാൻ ഇതിലൂടെ സാധിക്കും

## വർണ്ണോത്സവം

ചെറിയ ചെറിയ പേപ്പറുകളും നിറമുള്ള വർണ്ണക്കടലാസുകളും ഒക്കെ വച്ചുകൊണ്ട് കുട്ടികളെകൊണ്ട് മനോഹരമായ രൂപങ്ങളും പൂക്കളും ഒക്കെ നിർമ്മിക്കുന്ന ഒരു അഭിമുഖ പ്രതിഭയുടെ ക്ലാസ്സ് രക്ഷകർത്താക്കളുടെ പങ്കാളിത്തത്തോടെ നടത്താൻ ഉദ്ദേശിക്കുന്നു.

### ***ഒക്ടോബർ***

## കുട്ടി പൂന്തോട്ടം

സ്കൂളിൽ അതിമനോഹരമായ പൂന്തോട്ടം കുഞ്ഞുങ്ങളുടെ സൃഷ്ടിയിലും അവരുടെ ഇഷ്ടത്തിനനുസരിച്ചും ഉണ്ടാക്കാനുള്ള അവസരം ഉണ്ടാക്കി ചെടികളെ നനച്ചും അവയുടെ വളർച്ച കണ്ടും പൂവ് വിടരുന്നതുകണ്ടും അവർക്കും ഇതിനോടുള്ള അഭിരുചി ഉണ്ടാക്കാൻ ഈ പരിപാടിയിലൂടെ സാധിക്കും.

## കൃഷിത്തോട്ടം - വിളവെടുപ്പ്

1. നമ്മുടെ സ്കൂളിലെ കൃഷിത്തോട്ടത്തിൽ കുഞ്ഞുങ്ങളെ കൊണ്ടുപോയി സന്ദർശനം നടത്തുകയും കൃഷിയിടം പരിചയപ്പെടൽ നടത്തി കുഞ്ഞുങ്ങളെ പങ്കാളികൾ ആക്കാം.
2. പയർ, ചേന, ചേമ്പ്, പാവൽ, വെള്ളരി ഇവയൊക്കെ എങ്ങിനെയാണ് നടുന്നത് എന്നും ഇവ എങ്ങനെ വളരുന്നു. കായ് വരുന്നതും പൂവ് വരുന്നതും നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും അവസരങ്ങൾ ഉണ്ടാക്കുന്നതിലൂടെ കൃഷിയിൽ അഭിരുചി വളർത്താൻ സാധിക്കും.

## പച്ചക്കറി മേള

സ്കൂളിലെ വിളവെടുപ്പ് ഉത്സവദിനത്തിൽ കുഞ്ഞുങ്ങളെകൊണ്ട് വിളവെടുത്ത വസ്തുക്കൾ വച്ച് പച്ചക്കറി മേള നടത്താൻ അവസരം നൽകുന്നു.

1. ഇതിലൂടെ പച്ചക്കറികളെപ്പറ്റി കൂടുതൽ മനസ്സിലാക്കാനും പേരുകൾ പഠിക്കാനും രുചി, നിറം എന്നിവ നേരിട്ടു പഠിക്കാനും അവസരം ലഭിക്കുന്നു.
2. കൃഷിയോടുള്ള താല്പര്യം കുഞ്ഞിലെതന്നെ ഉണ്ടാക്കിയെടുക്കാനും സഹായിക്കുന്നു.

## നാടൻപാട്ട് - പച്ചക്കറിപ്പാട്ട്

ആണ്ട് അവസാനം നാടൻപാട്ടിൽ അഗ്രഗണ്യരായ പ്രതിഭകളെ കൊണ്ടുവന്ന് പച്ചക്കറികളുടേയും പഴങ്ങളുടേയും ഒക്കെ പാട്ടുവരുന്ന വരിവച്ച് നാടൻപാട്ട് മേളയും കൃഷിപാട്ടും പാടി കുഞ്ഞുങ്ങളെ ഉല്ലസിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം

## *നവംബർ*

1. കേരളപ്പിറവിയെ വരവേൽകുന്ന മാസമാണ് നവംബർ. കേരള പിറവിയെ കുറിച്ചും കേരളത്തെകുറിച്ചും ചിത്രങ്ങളിലൂടെ പരിചയപ്പെടുത്തൽ
2. കലോത്സവത്തിന്റെ നാളുകളാണ് ഈ മാസങ്ങൾ. കുരുന്നുകൾക്കായി അവരുടെ അഭിരുചികൾക്ക് അനുസരിച്ച് പാട്ടുകളും കളികളും നൃത്ത പ്രോഗ്രാമുകളും ഒക്കെ കോർത്തിണക്കി അവർക്കും മനോഹരമായ കലോത്സവ വേദികൾ ഒരുക്കി കുഞ്ഞുങ്ങൾക്ക് സ്റ്റേജിൽ കയറുന്നതിനും സഭാകമ്പം മാറ്റുന്നതിനുമുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു.
3. രക്ഷകർത്താക്കളുടെ പിന്തുണയും സപ്പോർട്ടും എല്ലാം കുരുന്നുകളുടെ പരിപാടിയിൽ ഉൾപ്പെടുത്തുന്നതുവഴി രക്ഷകർത്താക്കൾക്ക് സ്കൂളുമായുള്ള ബന്ധം ആഴത്തിൽ ഉണ്ടാക്കാൻ സാധിക്കും.

## പ്രതിഭോത്സവം

പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രോത്സാഹനത്തിനായി കുഞ്ഞുകുഞ്ഞു ട്രോഫികൾ വാങ്ങി നൽകണം. മത്സരബുദ്ധി അറിയിക്കാതെവേണം ഈ പ്രതിഭോത്സവം നടത്താൻ.

1. ഇത് വരും ക്ലാസ്സുകളിൽ വരുമ്പോൾ മറ്റു കലാപരിപാടികളിൽ പങ്കെടുക്കാൻ താല്പര്യം വളർത്തുന്നതിന് സഹായിക്കും.
2. കുഞ്ഞുങ്ങളിലെ അഭിരുചികൾ കുഞ്ഞുനാൾ മുതൽതന്നെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും ഇത് ഉപകരിക്കുന്നു.

## അധ്യാപക മേളം

എല്ലാ തരത്തിലുള്ള അധ്യാപകരും കുട്ടികളുടെ കലാപരിപാടികളിൽ പങ്കെടുക്കണം. അതിലൂടെ കുട്ടികൾക്ക് എല്ലാ അധ്യാപകരോടും ഒരു നല്ല ബന്ധം ഉണ്ടാക്കാൻ സാധിക്കും.

## *ഡിസംബർ*

1. ക്ലാസിനകത്തെ പ്രവർത്തനങ്ങൾപോലെ തന്നെ വളരെ പ്രധാനമാണ് സ്കൂളിന് പുറത്തുള്ള കാഴ്കളും കുഞ്ഞുങ്ങൾ മനസ്സിലാക്കിയിരിക്കണം. അതിനുള്ള അവസരങ്ങളും ഉണ്ടാക്കാനാണ് ഈ വർഷം കൂടുതൽ ഉദ്ദേശിക്കുന്നത്.
2. കുഞ്ഞുങ്ങളോടൊപ്പം ഗ്രൂപ്പുകളാക്കി അവരെകൊണ്ട് കളിത്തോണി തീം പ്രവർത്തനങ്ങൾ ചെയ്ത് അവരെ അഭിനനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## ഉല്ലാസയാനം - കുട്ടിപട്ടാളത്തോടൊപ്പം

കുട്ടിക്കാലത്തെ യാത്രകൾ കുഞ്ഞുങ്ങൾ ഒരിക്കലും മറക്കില്ല. അതുകൊണ്ട് കുഞ്ഞുങ്ങൾക്ക് ഉല്ലാസയാത്രകൾ നാം ഒരുക്കേണ്ടതുണ്ട്.

1. വളരെ ദീർഘമല്ലാത്ത യാത്രകൾ തെരഞ്ഞെടുത്ത് അവരെ സന്തോഷിപ്പിച്ച് ഉല്ലാസയാത്രകൾ സംഘടിപ്പിക്കുക.

2. കൂടുതൽ ഉത്തരവാദിത്വവും കരുതലും വേണ്ട ഒരു മേഖലയാണ്. കുഞ്ഞുങ്ങളുടെ സുരക്ഷയും കൂടി മുൻനിറുത്തി ഉല്ലാസ യാത്രകൾ ഒരുക്കുക.

## ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുക്കാം

ഡിസംബർ മാസത്തിൽ ആണ് ക്രിസ്മസ് വരുന്നത്. വർഷാവസാനമാണ് ഡിസംബർ. ക്രിസ്മസ് ആഘോഷവും കേക്ക് വിതരണവും ഒക്കെ സ്കൂളിൽ എല്ലാ വർഷവും നടത്തിവരുന്നുണ്ട്.

1. പുതിയ പഠന പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളുടെ നറുക്കെടുപ്പിലൂടെ ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്ത് അവർക്ക് സമ്മാന പൊതികൾ കൈമാറി ഒരു പുതിയ സമ്മാനപൊതി നൽകൽ പരിപാടി നൽകാം.
2. ക്രിസ്മസ് പരിപാടിയുടെ കുപ്പായമിട്ടുകൊണ്ട് പല തരത്തിലുള്ള ആഘോഷങ്ങൾ.

## ആശംസാകാർഡ്

കുഞ്ഞുങ്ങൾക്ക് അവരെകൊണ്ട് ചെറിയ ചെറിയ പ്രവർത്തനത്തിലൂടെ ആശംസാകാർഡ് നിർമ്മിക്കാൻ ഒരു ചെറിയ ശില്പശാല ഒരുക്കി അവർക്ക് അവസരം നൽകാൻ ഒരു വേദി ഉണ്ടാക്കുക.

## കളിത്തോണി പ്രവർത്തനം വിലയിരുത്തൽ

1. ആശംസാ കാർഡ് പരസ്പരം കൈമാറുന്നതിനും കുഞ്ഞുങ്ങളെല്ലാം തന്നെ ചെയ്തോ എന്നും പുറകിലോട്ട് നിൽക്കുന്ന കുഞ്ഞുങ്ങളേയും മറ്റുള്ളവരോടൊപ്പമെത്തിക്കാനുള്ള അവസരം ഉണ്ടാക്കുന്നു.
2. പുസ്തകങ്ങൾ വൃത്തിയോടേയും മനോഹാരിതയോടും സൂക്ഷിക്കുന്നതിന് കുഞ്ഞുനാൾ മുതൽ ശീലിക്കുന്നതിനും ഈ പുസ്തകം വിലയിരുത്തലിലൂടെ സാധിക്കും.

## *ജനുവരി*

2025 പുതുവർഷത്തെ വരവേറ്റുകൊ ് ക്ലാസ്സ റൂമുകൾ വളരെ മനോഹരമായി അലങ്കരിച്ച് കുട്ടികളെ വരവേറ്റാൽ അവർക്ക് ഒരുപാട് സന്തോഷം ഉണ്ടാകും.

1. കുഞ്ഞുങ്ങളെ സ്വതന്ത്രരായി വിടുക, നിർബന്ധിച്ച് അടിച്ചേൽപ്പിക്കുന്നരീതി ഉപേക്ഷിക്കുക.
2. ഞെക്കി പഴുപ്പിക്കുന്നതിനേക്കാൾ അവ പാകം വന്ന് പരുവമാകുന്നതല്ലേ നല്ലത്. അഭിരുചിയോടെ ആസ്വദിച്ച് വളരട്ടെ പുതു തലമുറ.
3. ഓരോരോ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് പ്രവർത്തിക്കുമ്പോൾ കുഞ്ഞുങ്ങളെ ലീഡർ ആയിട്ട് തെരഞ്ഞെടുത്ത് ഒരു നേതൃത്വഗുണം ഉണ്ടാക്കിയെടുക്കാൻ പറ്റും.

## കൂട്ടുകൂടാം – കൂടൊരുക്കാം

1. കൂട്ടുകാരുമൊത്ത് വിവിധതരം പ്രവർത്തനങ്ങൾ നടത്തിയിട്ട് അവരെ സ്വതന്ത്ര ആശയ വിനിമയത്തിനുള്ള അവസരം ഉണ്ടാക്കുന്നതുവഴി ആശയങ്ങൾ തുറന്നുപറയുന്നതിനുള്ള കഴിവ് ഉണ്ടാക്കിയെടുക്കാൻ കഴിയും.
2. കൂട്ടുകർക്ക് ആഹാരമായാലും മറ്റ് വസ്തുക്കൾ ആയാലും മറ്റുള്ളവർക്ക് അതില്ലെങ്കിൽ ഷെയർചെയ്ത് അവരെ കൂടി സഹായിക്കുന്നതിനുള്ള അവസരങ്ങൽ കുട്ടികളിൽ ഉണ്ടാക്കിയെടുക്കാനുള്ള പ്രവർത്തനങ്ങൽ കൂടുതൽ നൽകുക.

## രക്ഷാകർത്തൃ കലാമേളം

രക്ഷകർത്താക്കളിൽ നിന്നും കല, പാട്ട്, അഭിനയം തുടങ്ങിയ മേഖലകളിൽ അഭിരുചി ഉള്ളവരെ കോർത്തിണക്കി കലാമേളം സംഘടിപ്പിക്കുന്നത് അധ്യാപക രക്ഷാകർത്യ ബന്ധം കൂടുതൽ ഊട്ടി ഉരപ്പിക്കുന്നതിന് സഹായകമാകും.

## *ഫെബ്രുവരി*

പഠന പ്രവർത്തനങ്ങൾ നല്ലരീതിയിൽ ഉൾപ്പെടുത്തി ക്ലാസ് നിലവാരം കൂട്ടുന്നതിൽ കൂടുതൽ അവസരം ഉണ്ടാക്കുക.

1. ഈ അധ്യായന വർഷത്തെ അവസാന നാളുകളാണ് ഈ മാസങ്ങൾ. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിജയകരമായിരുന്നോ അത് പുനഃപരിശോധിക്കേണ്ടതുണ്ടോ എന്നൊക്കെ സ്കൂൾ മേലധികാരിയും അധ്യാപ കരും ചർച്ചചെയ്ത് ഒരോ മാസവും തീരുമാനങ്ങളും നിർദ്ദേശങ്ങളും എടുക്കാവുന്നതാണ്.

## രക്ഷാകർതൃ യോഗം

1. കുഞ്ഞുങ്ങളുടെ സ്കൂൾതല പ്രവർത്തനങ്ങളെപ്പറ്റിയുള്ള മതിപ്പ് രക്ഷാകർത്താക്കളിൽ എത്രത്തോളം എത്തി യിട്ടുണ്ട് എന്ന് രക്ഷാകർതൃ മീറ്റിംഗിലൂടെ അവരുടെ അഭിപ്രായം പങ്കുവയ്ക്കാൻ അവസരം ഉണ്ടാക്കുക.
2. രക്ഷകർത്താക്കൾക്ക് ആശയക്കുഴപ്പം വല്ലതുമുണ്ടെങ്കിൽ അത് ദുരീകരിച്ച് രക്ഷകർത്താക്കളെ മീറ്റിംഗിലൂടെ അവരുടെ അഭിപ്രായം പങ്കുവയ്ക്കാൻ അവസരം ഉണ്ടാക്കുക.
3. കുട്ടികളുടെ പ്രവർത്തനങ്ങൾ രക്ഷകർത്താക്കൾക്ക് ഇഷ്ടപ്പെട്ടെന്നോ മാറ്റങ്ങൾ വരുന്നുണ്ടോ കൂടുതൽ നല്ല നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കാനും ശ്രദ്ധിക്കണം.

## ശലഭമേളം – 2026

1. ഈ അധ്യയന വർഷത്തിൽ കുഞ്ഞുങ്ങൾ ചെയ്ത പ്രവർത്തനങ്ങൾ എല്ലാം ശേഖരിച്ച് വച്ച് അത് വച്ചു കൊ ് ഒരു 'ശലഭമേളം–2026' എന്നപേരിൽ ഒരു എക്സിബിഷനോ മേളയോ സംഘടിപ്പിക്കുക.
2. സ്കൂളിലുള്ള മുഴുവൻ കുട്ടികൾക്കും കാണുന്നതിനുള്ള അവസരം ഉണ്ടാക്കി പരിപാടി വിജയിപ്പിക്കുക.
3. രക്ഷകർത്താക്കളെ പങ്കെടുപ്പിച്ച് ഈ പരിപാടികൾ കാണിക്കുന്നതിലൂടെ തന്റെ മക്കളെപ്പറ്റി ഒരു നല്ല പ്രതീക്ഷ യും സന്തോഷവും അഭിമാനവും ഉണ്ടാക്കുന്നതിന് അവസരം ഉണ്ടാകുന്നു.

# ക്രിയേറ്റീവ് കോർണർ

കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) യുടെ പൂർണ്ണ സഹായത്തോടെ സമഗ്ര ശിക്ഷ കേരളം ആറ്റിങ്ങൽ ബി.ആർ.സിയുടെ സഹകരണത്തോടെ നമ്മുടെ സ്കൂളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ക്രിയേറ്റീവ് കോർണർ.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ പ്രായോഗികതലവും വിവിധ വിഷയങ്ങളുമായി ബന്ധ പ്പെടുത്തി പഠനം രസകരമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഊർജ്ജ സംരക്ഷണം വിഷയത്തിൽ LED നിർമ്മാണ പരിശീലനവും പരസ്ഥിതി സംരക്ഷണത്തിന് തുണിസഞ്ചി നിർമ്മാണവും കാർഷിക പരിശീലനവും ഈ വർഷം നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

# തണൽ സ്കൂൾ പ്രൊഡക്ഷൻ യൂണിറ്റ്

നിത്യജീവിതത്തിൽ തൊഴിലിനുള്ള പ്രാധാന്യം മനസ്സിലാക്കി തൊഴിൽ ചെയ്യുവാനുമുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക, ഉത്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താല്പര്യം വളർത്തുക, കൂട്ടുത്തരവാദിത്വം, സഹകരണശീലം തുടങ്ങിയ ഗുണങ്ങൾ പഠനത്തോടൊപ്പം നേടുക അങ്ങനെ സ്വാശ്രയ ശീലവും ആത്മധൈര്യവും സ്വായത്തമാക്കി കുട്ടികളെ സ്വയം പ്രാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്ത പ്രവർത്തി പരിചയ പരിപാടിയാണ് നിർമ്മാണ വിതരണ കേന്ദ്രങ്ങൾ.

2022 മാർച്ച് മാസത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് **"തണൽ"** എന്ന പേരിൽ ഒരു ലോഷൻ നിർമ്മാണത്തിന്റെ പ്രൊഡക്ഷൻ സെന്റർ നമ്മുടെ സ്കൂളിൽ ആരംഭിച്ചു. ഹെഡ്മാസ്റ്റർ രക്ഷാധികാരിയായ ഈ പദ്ധതി 2025- 2026 അധ്യയനവർഷവും വളരെ ഫലപ്രദമായ രീതിയിൽ നടന്നു പോകുന്നു.

5, 6, 7 ക്ലാസുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, ഈ പദ്ധതിയിൽ പങ്കുചേരാൻ ആഗ്രഹമുള്ള 30 കുട്ടികളെ ക്ലാസ് ടീച്ചർമാരുടെ സഹായത്തോടെ കണ്ടെത്തി ഈ യൂണിറ്റിൽ അംഗങ്ങളാക്കി ലോഷനിർമാണത്തിന് പരിശീലനം നൽകുന്നു.

ഈ അധ്യായന വർഷം ലോഷൻ നിർമ്മാണം എല്ലാ മാസത്തിലും രണ്ട് വെള്ളിയാഴ്ചകളിൽ നടത്താൻ തീരുമാനിച്ചു. ഓരോ മാസത്തേയും വരവുചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നു. സ്കൂളിലെ എല്ലാ ആഘോഷപരിപാടികളിലും ലോഷൻ വിപണത്തിനായി ഒരു സ്റ്റാൾ തുടങ്ങാൻ തീരുമാനിച്ചു. കൂടാതെ കുട്ടികൾ നിർമ്മിക്കുന്ന ലോഷൻ അവർ തന്നെ സ്കൂളിന് പുറത്തേക്ക് എത്തിച്ചു വിപണനം നടത്തുന്നു.

2026 മാർച്ച് മാസം അവസാനം വാർഷിക ലാഭം കണക്കാക്കുകയും ലഭിച്ച ലാഭം തുല്യമായി വീതിച്ച് പ്രൊഡക്ഷൻ യൂണിറ്റിൽ മികച്ച പ്രവർത്തനം നൽകുന്ന കുട്ടികൾക്ക് തുല്യമായി നൽകാനും തീരുമാനിച്ചു.

അങ്ങനെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈ പദ്ധതിയിലെ കുട്ടികൾക്ക് ചെറിയൊരു സാമ്പത്തിക ആശ്വാസം നൽകുന്നതിലൂടെ കുട്ടികൾക്ക് താങ്ങായും തണലായും മാറി **"തണൽ'** എന്ന ഈ പദ്ധതിക്ക് പേരിനെ അർത്ഥവത്താക്കാൻ കഴിയും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.